TAB

# TRICHUR ARCHDIOCESAN BULLETIN

2023 ഏപ്രിൽ വാല്യം: 90 ലക്കം: 04




പുനരുത്ഥാനം : (മത്താ 28:6)




# നന്ദിയോടെ

## തൃശ്ശൂർ അതിരൂപതാ ബുള്ളറ്റിൻ




Trichur Archdiocesan Bulletin TAB
ESTD: 1934

**ഏപ്രിൽ 2023**

ലക്കം: 04 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| ഇടയലേഖനം | 4 |
| കച്ചേരിക്കാര്യം | 11 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 14 |
| സഹായമെത്രാന്റെ പരിപാടികൾ | 16 |
| നാളാഗമം | 17 |
| നാമകരണ നടപടികൾ | 20 |
| വൈദികർ | 24 |
| സന്യസ്തർ | 27 |
| സാമ്പത്തിക കാര്യാലയം | 36 |
| മതബോധനം | 39 |
| സ്ഥാപനങ്ങൾ | 43 |
| സംഘടനകൾ | 66 |

# ഇടയലേഖനം

## മാർ ആൻഡ്രൂസ് താഴത്ത്

717/ 2023
18.03.2023 PL-1

### വിശുദ്ധവാരം

ഈശോയിൽ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ ഭൂമിയിൽ അവതീർണ്ണനായ ഈശോ തന്റെ ദൗത്യം പൂർത്തിയാക്കിയത് പീഡാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ്. കർത്താവിന്റെ കുരിശിന്റെ പിന്നാലെ അനുയാത്ര ചെയ്ത് പെസഹാ രഹസ്യം ധ്യാനിക്കുകയാണ് ഈ വലിയ നോമ്പുകാലത്ത് നാം ചെയ്തുകൊണ്ടിരിക്കുന്നത്. ഈശോ തന്റെ പരസ്യ ജീവിത യാത്രയിൽ അപ്പസ്തോലന്മാരെ കുരിശിന്റെ വഴിയിൽ കൂടെ നടക്കാൻ ഒരുക്കിയതുപോലെ നമ്മെയും ഒരുക്കുകയാണ്. യാത്രയുടെ ഇടക്ക് യേശു തന്റെ ശിഷ്യന്മാരോട് രണ്ട് ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്: 'ഞാനാരാണെന്നാണ് ജനങ്ങൾ പറയുന്നത്?' (മത്താ. 16, 13) വഴിയിലെ കാഴ്ചകളിൽ അഭിരമിച്ചിരുന്ന, ജനത്തിന്റെ ആരവങ്ങളെ ആവേശമായി എടുത്തിരുന്ന അപ്പസ്തോലന്മാർക്ക് വളരെ എളുപ്പത്തിൽ ഉത്തരം കൊടുക്കാവുന്ന ചോദ്യമാ

യിരുന്നു അത്. എന്നാൽ, രണ്ടാമത്തെ ചോദ്യം ഇതായി രുന്നു: 'ഞാനാരാണെന്നാണ് നിങ്ങൾ പറയുന്നത്?' (മത്താ. 16, 15). ചങ്കിൽ തട്ടുന്ന ചോദ്യമായിരുന്നു. അവരുടെ സഹയാത്ര വഴിയോരകാഴ്ച്ചകൾക്കുള്ളതല്ല, കൂടെ നടന്ന് അവിടുത്തെ അറിയാനും അനുഭവിക്കാനുമുള്ളതാണെന്ന്, അതിലൂടെ അവിടുത്തെ ജീവിതലക്ഷ്യമായ മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പ് തിരിച്ചറിയണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. വാസ്തവത്തിൽ ഈ ഒരു തിരിച്ചറിവോടെയാണ് ഈ നോമ്പുകാലത്ത് യേശുവിനോടൊപ്പം നാം നടക്കുന്നത് – അവിടുത്തെ കൂടുതൽ അടുത്തറിയാൻ, അവിടുന്നു വഴിയുള്ള രക്ഷ അനുഭവിച്ചറിയാൻ. പിതാവായ ദൈവത്താൽ പ്രേരിതനായി പത്രോസ് നൽകിയ ഉത്തരമാണ് നാമും പറയേണ്ടത്: 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു' (മത്താ 16, 16). ഈ വിശ്വാസമാകുന്ന പാറമേലാണ് ക്രിസ്തു തന്റെ സഭയെ പണിതുയർത്തിയത്. ഇന്നും നമ്മിലെ വിശ്വാസമാകുന്ന പാറയെ ഈ നോമ്പുകാലത്ത് നമുക്ക് ദൃഢമാക്കാം. അതിലൂടെ മാത്രമേ സഭയെ ശക്തിപ്പെടുത്തുവാൻ കർത്താവിന് സാധിക്കുകയുള്ളൂ. പിതാവായ ദൈവത്തിന്റെ പ്രേരണകളെ തിരിച്ചറിയാനും ഓരോ അവസരങ്ങളിലും ആ പ്രചോദനത്താൽ നയിക്കപ്പെടുന്നതിനും നമുക്ക് ഇടയാകട്ടെ.

യേശുവിന്റെ പീഢാനുഭവ യാത്രയിൽ അവിടുത്തോട് കൂടെ നിന്നവരെയും ദൈവീക പദ്ധതിയ്ക്ക് വിഘാതമായി നിന്നവരെയും നമുക്ക് കാണാനാകും. മത്തായി 16, 21ൽ വായിക്കുന്നതുപോലെ, യേശു തന്റെ പീഢാനുഭവ–മരണ–ഉത്ഥാനത്തെ കുറിച്ച് പ്രവചിക്കുമ്പോൾ പത്രോസിന്റെ പ്രതികരണം 'നിനക്ക് ഇത് സംഭവിക്കാതിരിക്കട്ടെ എന്നായിരുന്നു'. യേശുവിന്റെ മറുപടി വളരെ കടുത്തതായിരുന്നു: 'സാത്താനേ നീ എന്റെ മുമ്പിൽ നിന്ന് പോകൂ...' (മത്താ. 16, 23). അവന്റെ ചിന്തകൾ ദൈവികമായിരുന്നില്ല, മാനുഷികമായിരുന്നു'. നമുക്കും സംഭവിക്കാവുന്ന അപകടം. വർഷം മുഴുവൻ വിശ്വാസം ഏറ്റുപറയുകയും കൂദാശകളിൽ ഭക്തിപൂർവം പങ്കുചേരുകയും ഇടവകയിൽ സജീവമായി പ്രവർത്തിക്കുമ്പോഴും നമ്മുടെ വിശ്വാസയാത്രയുടെ ലക്ഷ്യം മറന്ന് പ്രതികരിക്കുന്നുണ്ടോ എന്ന് നമുക്ക് പരിശോധിച്ച് നോക്കാം. അവിടുന്ന് പറയുന്നുണ്ടല്ലോ, 'കർത്താവേ, കർത്താവേ എന്ന് എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക.' (മത്താ 7, 21). അവനാണ് കാറ്റിലും വെള്ളപ്പൊക്കത്തിലും തകാരത്ത പാറമേൽ ഭവനം പണിതവൻ (മത്താ. 7, 24–25). ഈശോയെ ഒറ്റിക്കൊടുത്ത യൂദാസിനെപ്പോലെയും തള്ളിപ്പറഞ്ഞ പത്രോസിനെപ്പോലെയും ഓടിയൊളിച്ച അപ്പസ്തോലൻമാ

രെയും പോലെയാകാതെ കുരിശെടുക്കാൻ സഹായിച്ച ശിമയോനെപ്പോലെയും കുരിശോളം അനുഗമിച്ച പരി. അമ്മയെപ്പോലെയും വി. യോഹന്നാനെപ്പോലെയും ആകാനാണ് കർത്താവ് നമ്മെ ക്ഷണിക്കുന്നത്. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളിലും പരിഹാസങ്ങളിലും തളരാതെ, അവയിൽ നിന്ന് ഓടിയൊളിക്കാതെ, സഭയും കുടുംബങ്ങളും നേരിടുന്ന വെല്ലുവിളികളുടെ മുമ്പിൽ അവിടുത്തെ പാതിവഴിയിൽ ഉപേക്ഷിക്കാതെ നടക്കുവാനുള്ള മാനസാന്തരത്തിന്റെ ധീരതയാണ് കർത്താവ് നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്.

പ്രിയമുള്ള സഹോദരീ സഹോദരങ്ങളെ നമ്മുടെ അതിരൂപതാ കുടുംബം ഈ യാത്രയിൽ പങ്കുചേരുന്ന സമയമാണ് നോമ്പുകാലവും പെസഹാക്കാലവും. വിശ്വാസം ജീവിക്കുന്നതിൽ നാം ഉത്സുകരായിരിക്കുമ്പോഴും നമ്മുടെ ദൈവാലയങ്ങൾ കവിഞ്ഞൊഴുകുമ്പോഴും നമ്മുടെ യാത്ര കർത്താവിന്റെ കുരിശിലേക്കുള്ള യാത്ര ജീവിക്കുന്നതാണോ എന്ന് നാം പരിശോധിക്കണം. പീഡാനുഭവങ്ങളെയും മരണത്തെത്തന്നെയും ഏറ്റെടുക്കേണ്ടിവരുന്ന വിശ്വാസമാണ് നാം ജീവിക്കേണ്ടത് എന്ന് സമീപകാല യാഥാർത്ഥ്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. വിശ്വാസത്തിന്റെ പ്രതീകങ്ങൾ അവഹേളിക്കപ്പെടുന്നു. ഭിന്നിപ്പിന്റെ ആത്മാവിനെ നിവേശിപ്പിക്കാനായി സഭാവിരുദ്ധ ശക്തികൾ വി. കുർബാനക്കും സഭാസംവിധാനങ്ങൾക്കുമെതിരായി കൈകോർക്കുന്നു. എതിർപ്പുകളും വിദ്വേഷപ്രചരണവും സഭയുടെ ശക്തി ചോർത്തിക്കളയുവാൻ പരിശ്രമിക്കുന്നു. അപ്പോഴെല്ലാം ഈ വെല്ലുവിളികളെ വിശ്വാസത്തിന് സാക്ഷ്യം നല്കാനുള്ള അവസരങ്ങളായി ഏറ്റെടുത്ത് ക്രിസ്തുവിന്റെ പീഡാനുഭവവഴികളെ നമുക്ക് വിശ്വസ്തതയോടെ പിഞ്ചെല്ലാം.

സഭ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ക്രിസ്തുതന്നെയാണ് വിചാരണ ചെയ്യപ്പെടുന്നത്. അപ്പോൾ, പീലാത്തോസിനെപ്പോലെ കൈകഴുകി, കർത്താവിനോടും സഭയോടുമുള്ള നമ്മുടെ ഉത്തരാവദിത്തങ്ങളിൽ നിന്ന് ഓടിയൊളിക്കാതിരിക്കാൻ നമുക്ക് ശ്രമിക്കാം. അകലങ്ങളിലൂടെ മാത്രം അവിടുത്തെ അനുഗമിച്ച്, കർത്താവ് വിചാരണചെയ്യപ്പെടുമ്പോൾ അവനെ ക്രൂശിക്കാൻ മുറവിളികൂട്ടിയിരുന്നവരോടൊപ്പം ചൂടുകാഞ്ഞിരുന്ന പത്രോസിനെപ്പോലെ സഭാശത്രുക്കളോടൊപ്പം കൂട്ടുകൂടി അവർ നൽകുന്ന സുരക്ഷിതത്വത്തിന്റെ ചൂടുപറ്റി ജീവിക്കാനും പത്രോസിനെപ്പോലെ അവിടുത്തെ തള്ളിപ്പറയുവാനും നമുക്ക് ഇടവരാതിരിക്കട്ടെ. 'കുറച്ച് കൈയകലം പാലിക്കുന്നതാണ് നല്ലത്' എന്ന നിരൂപണം നാം ചിലപ്പോൾ കേൾക്കാറുണ്ടല്ലോ. അവരുടേതും കൂടെയാണ് സഭ എന്ന അനുഭവത്തിലേക്ക് കൊണ്ടുവരാൻ നമുക്ക് സാധിക്കട്ടെ. സഭയുടെ

പ്രതിസന്ധികൾ നമ്മുടെയും പ്രതിസന്ധികളാണ്. കണ്ണുകളിൽ നീർചാലുകൾ വരത്തക്കവിധത്തിൽ പശ്ചാത്തപിച്ച് കർത്താവിനുവേണ്ടി ജീവത്യാഗം ചെയ്യാൻ തയ്യാറായ പത്രോസിന്റെ ധീരതയും നേതൃത്വവുമാണ് നമുക്ക് ഇന്ന് ആവശ്യമായിരിക്കുന്നത്.

കുരിശിന്റെയും മരണത്തിന്റെയും മുമ്പിൽ രക്ഷയുടെ ഇടമായ ജറുസലെമിൽ നിന്ന് എമ്മാവൂസിലേക്കു പിൻവാങ്ങിയ ആ രണ്ടു ശിഷ്യന്മരെപ്പോലെ വെല്ലുവിളികളുടെ മുമ്പിൽ പതറി പിൻവാങ്ങാതിരിക്കാൻ നമുക്ക് ശ്രമിക്കാം. എമ്മാവൂസിലെ ശിഷ്യന്മാരെപ്പോലെ കൂടെ നടക്കുന്ന കർത്താവിന്റെ വചനങ്ങളാൽ നമ്മുടെ ഹൃദയങ്ങൾ കത്തിജ്വലിക്കട്ടെ. വി. കുർബാന തീക്ഷ്ണതയോടും വിശ്വസ്തതയോടും ചേർന്ന് അർപ്പിച്ച്, കർത്താവിനെ തിരിച്ചറിയാൻ നമുക്ക് സാധിക്കട്ടെ. സഭയോടൊത്ത് നടക്കാനായി ഏകമനസ്സോടെ ജറുസലെമിലേക്ക് തിരികെ പോകാം. മാനസാന്തരത്തിന്റെ, തിരികെ നടക്കലിന്റെ സമയമാണ് ഈ നോമ്പിന്റെ പെസഹാക്കാലം. പത്രോസിനെപ്പോലെ നമ്മുടെ പാപങ്ങളും അവിശ്വസ്തതയുമോർത്ത് കരഞ്ഞ് മനസ്തപിക്കാം. 'നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലു വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ട് പോയി സഹോദരനുമായി രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക' (മത്താ 5, 23–24) എന്ന വചനം ഓർക്കാം. ക്രിസ്തുവിന്റെ ബലിവഴിയിൽ അവിടുത്തെ സഹഗമിക്കാൻ ദൈവവും സഹോദരങ്ങളുമായി അനുരഞ്ജനപ്പെട്ട് കുമ്പസാരിച്ച് ഉയിർപ്പു ഞായറിനായി നമുക്ക് ഒരുങ്ങാം.

സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡിന്റെ ചർച്ചയിലാണല്ലോ നാം. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്ന മുദ്രാവാക്യവുമായി എമ്മാവൂസ് ശിഷ്യൻമാർക്ക് സംഭവിച്ചതുപോലെ കർത്താവ് നമ്മോടുകൂടെയും നാം കർത്താവിനോടുകൂടെയും ഒപ്പം നടക്കുന്ന പ്രക്രിയയാണ് സിനഡാലിറ്റി. അപ്പം മുറിച്ചപ്പോൾ കർത്താവിനെ തിരിച്ചറിഞ്ഞ് അവിടുന്ന് പറഞ്ഞ വചനത്തിന്റെ പൊരുൾ ഹൃദയത്തിൽ ഉജ്ജ്വലിച്ച് അപ്പസ്തോലൻമാരുടെ കൂട്ടായ്മയിലേയ്ക്ക് തിരിച്ചുപോയി ജറുസലെമിലെത്തി കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന് ഏറ്റുപറയലാണ് ഈ സിനഡൽ പ്രക്രിയ. ശ്രവിക്കുക, പങ്കുവയ്ക്കുക, വിവേചിച്ചറിയുക (Listening, Communicating/Sharing, Discerning) എന്നിവയാണ് ഈ സിനഡൽ ശൈലി. പരിശുദ്ധാത്മാവ് നൽകുന്ന തീരുമാനമാണ് നാം സ്വീകരിക്കേണ്ടത്.

മുകളിൽ സൂചിപ്പിച്ചതുപോലെ ഈശോമിശിഹാ വഴിയുള്ള രക്ഷ

നമുക്ക് സംലഭ്യമാകാൻ നമ്മുടെ മാനസാന്തരമാണ് അവിടുന്ന് ആവശ്യപ്പെടുന്നത്. എമ്മാവൂസ് ശിഷ്യൻമാരെപ്പോലെ ജറുസലെമിലേയ്ക്ക് തിരികെപ്പോയി അപ്പസ്തോലൻമാരോട് ചേർന്ന് യേശു ശിരസ്സായുള്ള സഭയോടു കൂടെയുള്ള കൂട്ടായ്മയാണ് ഈ മാനസാന്തരം. മാനസാന്തരം ആവശ്യമില്ല എന്ന് പറയുന്ന പലരും തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് എന്തും ചെയ്യുന്നതാണ് സ്വാതന്ത്ര്യം എന്ന് ചിന്തിക്കുന്നു. അവർക്ക് അനുസരണക്കേട് സ്വാതന്ത്ര്യത്തിന്റെയും സ്വത്വബോധത്തിന്റെയും പ്രകടനമാണ്. അതിനെ സാധൂകരിക്കാൻ, യേശുവിനെ സംവിധാനങ്ങളോട് മറുതലിച്ചവനായി അവർ അവതരിപ്പിക്കുന്നു. ഒപ്പം നടക്കുക എന്നാൽ ഇഷ്ടമുള്ള വഴിയേ നടക്കുക എന്നാണ് അവർ തെറ്റിധരിക്കുന്നത്. നല്ലയിടയന്റെ ഉപമയിൽ, സ്വന്തം ഇഷ്ടപ്രകാരമുള്ള വഴിയിലൂടെ നടന്ന് മുള്ളുകൾക്കിടയിൽ കൊമ്പുടക്കി കൂട്ടത്തിൽനിന്ന് നഷ്ടപ്പെട്ട ആടിനെ തേടിയാണല്ലോ ഇടയൻ തൊണ്ണൂറ്റിയോമ്പതിനെയും മരുഭൂമിയിൽ വിട്ടിട്ട് അന്വേഷിച്ച് കണ്ടെത്തിയത്. ആ നഷ്ടപ്പെട്ട ആടിനെ തോളിലേറ്റി സന്തോഷത്തോടെ തിരിച്ചുകൊണ്ടുവന്ന് കൂട്ടത്തിലെ ആടുകളുടെ ഒപ്പം ചേർത്ത് നടത്തുകയാണ് ഇടയൻ ചെയ്യുന്നത്. സഭയുടെ മുഖ്യധാരയിൽനിന്ന് അകന്ന് യാത്ര ചെയ്യുന്നവരെ ശ്രവിച്ച്, ഒപ്പം ചേർക്കുവാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം.

മാറി നടക്കുന്നതിൽ സ്വാതന്ത്ര്യം കണ്ടെത്തുന്ന പലരും വിധേയത്വവും അനുസരണവും കാണിക്കാതെയാണ് ദൈവത്തിന്റെ ഹിതം സഭയിൽ നടപ്പിലാക്കാനാകുക എന്ന് ചിന്തിക്കുന്നുണ്ട്. അതിനെ ന്യായീകരിക്കുന്ന അവരുടെ ചോദ്യങ്ങൾ ഏതാണ്ടിപ്രകാരമാണ്: ക്രിസ്തു അന്നത്തെ യഹൂദസംവിധാനങ്ങൾക്ക് വിധേയപ്പെടാതിരുന്നില്ലേ? അവിടുന്ന് സാബത്ത് ലംഘിച്ചില്ലേ? ഈ വാദഗതിയോട് പ്രത്യുത്തരിക്കുന്നതിനായി കാര്യങ്ങളെ അമിതമായി ലളിതവത്കരിക്കരുത് എന്നാണ് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ പാപ്പാ 2012 ലെ മൂറോൻ കൂദാശയോടനുബന്ധിച്ച് ഉദ്ബോധിപ്പിച്ചത് (ഏപ്രിൽ 5, 2012). ദൈവവചനവും ദൈവഹിതവും അടിച്ചമർത്തപ്പെട്ട സാഹചര്യങ്ങളോട് യേശു മറുതലിച്ചിട്ടുണ്ട്. ദൈവഹിതത്തെ ജീവൻകൊടുത്തും അവിടുന്ന് അനുസരിച്ചിട്ടുമുണ്ട്. എന്നാൽ, ദൈവത്തിന്റെ ഏകപുത്രനും ദൈവഹിതത്തിന്റെ ഏക വെളിപാടുമായ യേശുവിനുള്ള ആധികാരികത നമുക്ക് ആർക്കാണ് ഉള്ളത് എന്ന് ബനഡിക്ട് മാർപ്പാപ്പാ ചോദിക്കുക്കുന്നു. അവിടുത്തെ ആധികാരികതയാകട്ടെ, 'എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ' എന്ന മനസ്സോടെ സ്വയം എളിമപ്പെടുത്തി, കുരിശോളം വിധേയപ്പെട്ട് സ്വയം മരണത്തിന് വിട്ടുകൊടുത്തതാണ്. പ്രിയമുള്ളവരേ, അനുരഞ്ജിതരാകാൻ

ക്രിസ്തുവിനെയും അവിടുത്തെ സഭയെയുംപ്രതി സ്വയം ശൂന്യവത്കരിച്ച്, നമ്മുടെ ആഗ്രഹങ്ങളും നിലപാടുകളും നമുക്ക് പരിത്യജിക്കേണ്ടിവരും.

ഈ വർഷം നാം യുവജന വർഷമായി ആചരിക്കുകയാണ്. സിനഡാലിറ്റിയുടെ ചൈതന്യത്തിൽ സഭയിലെ ഏറ്റവും വേഗതയും ഊർജ്ജവുമുള്ള യുവജനങ്ങളോട് ചേർന്ന് ഒപ്പം നടക്കാനുള്ള ക്ഷണമാണ് യുവജനവർഷം നമുക്ക് നൽകുന്നത്. നമ്മുടെ അതിരൂപതയുടെ അജപാലന പദ്ധതിയുടെ ഭാഗമായി ആചരിക്കുന്ന ഈ യുവജന വർഷത്തിൽ യുവജനങ്ങളെ മുഖ്യധാരയിലേക്കും നേതൃത്വത്തിലേക്കും കൊണ്ടുവരുവാനുള്ള  ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ പ്രായോഗികമാക്കാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

ദൈവവിളികൾ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് നാം ശക്തമായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. എല്ലാ വർഷങ്ങളിലെയും പോലെ പെസഹാവ്യാഴം ദിനത്തിലെ പ്രത്യേക കവർ പിരിവ് നമ്മുടെ സെമിനാരിക്കാരുടെ പരിശീലനത്തിനുവേണ്ടിയാണെന്നുള്ള കാര്യം ഓർമ്മപ്പെടുത്തുന്നു. വൈദികർക്കും സമർപ്പിതർക്കും വേണ്ടി വിശുദ്ധീകരണദിനമായും മൂറോൻ കൂദാശ കർമ്മദിനമായും ആചരിക്കുന്ന 2023 ഏപ്രിൽ മൂന്നാം തീയതി തിങ്കളാഴ്ച പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. ഈസ്റ്റർ കഴിഞ്ഞുള്ള ആഴ്ച ദൈവവിളിവാരമായി നാം ആചരിക്കുന്നു.

അതിരൂപതാകൂട്ടായ്മ പ്രത്യേകം അനുസ്മരിക്കുന്ന അവസരമാണ് അതിരൂപതാദിനമായ മെയ് 20 ശനിയാഴ്ച. അന്നേ ദിവസം അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലി നമ്മുടെ അതിരൂപത ആഘോഷിക്കുകയാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

നമ്മുടെ മുൻ രൂപതാധ്യക്ഷൻമാരായ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ടു പിതാവും അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവും ഈ ലോകത്തോട് വിടപറഞ്ഞിട്ട് യഥാക്രമം അമ്പതും ഇരുപത്തഞ്ചും വർഷം തികയുകയാണ്. അവരുടെ ഓർമ്മ നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പം, അവരുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കാം.

ഇന്ന് മാർച്ച് 26ന് പാലയൂർ മഹാതീർത്ഥാടനമാണ്. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ പാദസ്പർശത്താൽ പരിപാവനമായ ആദ്യദൈവാലയത്തിലേക്ക് നാം നടത്തുന്ന തീർത്ഥയാത്ര പ്രാർത്ഥനയുടെയും പരിഹാരത്തിന്റെയും വിശ്വാസപ്രഖ്യാപനമാണ്. കഴിഞ്ഞ വർഷങ്ങളിലെപ്പോലെ ആദ്യഘട്ട പദയാത്രയായ മുഖ്യ പദയാത്ര രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ നിന്നും ആരംഭിച്ചു. രണ്ടാം

ഘട്ട പദയാത്ര പാവറട്ടി പള്ളിയിലെ ഉച്ചകഴിഞ്ഞ് 2 മണിക്കുള്ള വി. കുർബാനക്കുശേഷം ആരംഭിക്കുന്നു. സാധിക്കുന്ന എല്ലാവരും നോമ്പു കാല ചൈതന്യത്തിൽ പദയാത്രയിൽ പങ്കെടുത്ത് വിശ്വാസം ഏറ്റുപറ യാനും ആത്മീയമായ ശക്തി സ്വീകരിക്കാനും പരിശ്രമിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

അടുത്തുവരുന്ന ഉയിർപ്പു ഞായറിന്റെ ആശംസകൾ ഏവർക്കും നേരുന്നു. ഉത്ഥിതനായ ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങ ളെയും സമൃദ്ധമായി അനിഗ്രഹിക്കട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: (1) ഈ ഇടയലേഖനം 2023 മാർച്ച് 26–ാം തിയ്യതി ഞായറാഴ്ച്ച വി. കുർബ്ബാന മദ്ധ്യേ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായി ക്കേണ്ടതാണ്. സാമൂഹ്യമാധ്യമങ്ങളിലൂടെ കുടുംബങ്ങളിൽ എത്തിക്കാനും ശ്രമിക്കണം.

(2) വൈദിക പരിശീലനത്തിനായി പെസഹാവ്യാഴാഴ്ച നടത്തുന്ന പ്രത്യേക പിരിവിനുള്ള കവറുകൾ ഇടവകകളിൽ എത്തിച്ചത് കുടുംബങ്ങളിൽ നൽകേണ്ടതാണ്.

# കച്ചേരി വാർത്തകൾ

ഏപ്രിൽ 2023

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

2 : **നോമ്പ് ഏഴാം ഞായർ (ഓശാന ഞായർ)**
5 : ഇന്ന് മുതൽ വലിയ ശനി വരെ ത്രികാലജപം 'മിശിഹാ നമ്മെപ്രതി'
6 : പെസഹാവ്യാഴം
7 : പീഡാനുഭവവെള്ളി
*ആദ്യവെള്ളി*
8 : ഇന്ന് മുതൽ പന്തക്കുസ്താതിരുനാൾ വരെ ത്രികാലജപം 'സ്വർല്ലോകരാജ്ഞി'
9 : **ന. കർത്താവീശോമിശിഹായുടെ ഉയിർപ്പു തിരുനാൾ**
**ഉയിർപ്പു ഒന്നാം ഞായർ**
14 : വേദസാക്ഷികളുടെ തിരുനാൾ
16 : **ഉയിർപ്പു രണ്ടാം ഞായർ (പുതുഞായർ)**
23 : **ഉയിർപ്പു മൂന്നാം ഞായർ**
24 : വി. ഗീവർഗ്ഗീസ്
25 : വി. മർക്കോസ് സുവിശേഷകൻ
29 : സിയന്നായിലെ വി. കത്രീന
30 : **ഉയിർപ്പു നാലാം ഞായർ**

## 2. ഏപ്രിൽ മാസത്തെ പരിപാടികൾ

03 : വൈദിക–സമർപ്പിത വിശുദ്ധീകരണദിനം (10:00 am)
10–15 : ദൈവവിളിവാരം & ദൈവവിളി ക്യാമ്പുകൾ
14 : സ്ഥാപനഡയറക്ടർമാരുടെ യോഗം (02:30 pm)
21 : ഇന്റർ കൂരിയ മീറ്റിംഗ്
24 : കൊച്ചച്ചന്മാരുടെ യോഗം (10:00 am)
27 : ഏകദിനവൈദികസമ്മേളനം (10:00 am)

**3. ഉയിർപ്പുകാലം**

ഉയിർപ്പു തിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്. ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയുംമേൽ അവിടുന്ന് വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. ആദിമസഭയിൽ മാമ്മോദീസ നൽകിയിരുന്നത് ഉയിർപ്പു തിരുനാളിനോട് അനുബന്ധിച്ചായിരുന്നു. വി. പൗലോസ് അനുസ്മരിക്കുന്നതുപോലെ "അങ്ങനെ അവന്റെ മരണത്തോട് ഐക്യപ്പെടുത്തിയ മാമ്മോദീസയിലൂടെ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. അത് മിശിഹാ മരിച്ചവരിൽ നിന്ന് പിതാവിന്റെ മഹത്വത്താൽ ഉയിർത്തെഴുന്നേറ്റപോലെ, നാമും ജീവന്റെ പുതുമയിൽ നടക്കേണ്ടതിനാണ്. അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചെങ്കിൽ അവന്റെ ഉത്ഥാനത്തോടും ഏകീഭവിക്കും" (റോമ. 6:4–5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, മാമ്മോദീസ സ്വീകരിച്ച 'പുതുക്രിസ്ത്യാനി'കളുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു. അതിനാൽ, അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പു തിരുനാളിനോടനുബന്ധിച്ച് മാമ്മോദീസ നൽകുന്നത് ഉചിതമായിരിക്കും.

**4. മാർ തൂങ്കുഴി – മെത്രാഭിഷേക ജൂബിലി**

മെത്രാഭിഷേക സുവർണ്ണ ജൂബിലി സമാപനം 2023 മെയ് 20ന് ലൂർദ്ദ് കത്തീഡ്രലിൽ വച്ച് ആഘോഷിക്കുന്നു. അന്നേദിവസം അതിരൂപതദിനമായും ആചരിക്കുന്നുണ്ട്.

**5. ദൈവവിളിവാരാചരണം:**

2023 ഏപ്രിൽ 10 മുതൽ 15 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന–ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**6. ദൈവവിളിക്യാമ്പുകൾ:**

എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി 2023 ഏപ്രിൽ 10 മുതൽ 15 വരെ തീയതികളിൽ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**7. വൈദിക നിയമനം :**

1. ഫാ. തോമസ് ചക്കുംപീടിക – ഫ്രാൻസിൽ സേവനാവധി; സാധുത 31.12.2025 വരെ.
2. ഫാ. ജോമോൻ മങ്ങാട്ടിളയൻ – സഹായി സെമിനാരി ഡിഗ്രി വിദ്യാർത്ഥികൾ കൂടി; സാധുത 15.02.2023 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

**എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും**

**(യോഹ 07, 38)**

# ENGAGEMENTS

**2023 APRIL Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | Holy Mass at Marymatha Major Seminary |
| 02 | Sun | Morning | Palm Sunday at Lourdes Cathedral |
| 03 | Mon | | Sanctification day of Priests and Religious |
| 4-5 | | | Engaged |
| 06 | Thu | Morning | Maundy Thursday at Dolours Basilica, Thrissur |
| 07 | Fri | Morning | Good Friday at Lourdes Cathedral |
| | | Afternoon | Procession at Dolours Basilica, Thrissur |
| 09 | Sun | Morning | Easter at Lourdes Cathedral |
| 10 | Mon | | Engaged |
| 11 | Tue | Morning | Deepika Apex board & Director Board combined meeting at Mount St. Thomas, Kakanad |
| 12 | Wed | Morning | Baptism of 5th Child at Eravu |
| 13 | Thu | Morning | Income tax seminar for the churches and institutions |
| 14 | Fri | | Jubilee celebration of Mar Joshua at Kottarakkara |
| 17-19 | | | Engaged |
| 20 | Thu | Morning | First profession of SABS sisters at Chettupuzha |
| | | Afternoon | Parents' meeting of Brothers (Vestition) |
| 21 | Fri | Morning | Inter-curia meeting at Ramanathapuram |
| | | Evening | JMMC trust meeting |
| 22 | Sat | Morning | Fiat Mission: Holy Mass at Jerusalem retreat centre |
| | | Afternoon | First profession of CMC sisters at Ollur Euphrasia Convent |
| 23 | Sun | Evening | Reception to new priest at Thangalur |
| 24 | Mon | | Meeting of assistant priests |
| 25 | Tue | | Engaged |
| 26 | Wed | Morning | 25th death anniversary of Mar Joseph Kundukulam: Holy Mass at Lourdes Cathedral |

| | | | |
|---|---|---|---|
| | | Afternoon | Selection camp Interview at Minor seminary, Jubilee celebration at Mar Kundukulam complex at Peringandur |
| 27 | Thu | Morning | Selection Camp: Holy Mass at Minor Seminary Presbyterium |
| 28 | Fri | Afternoon | Chapter of ASMI sisters at Cherthala |
| 29 | Sat | Morning | Solemn Holy Communion at Lourdes Cathedral |
| 30 | Sun | Morning | Blessing of new chapel at Mount Calvary Convent, Cheroor |
| | | Afternoon | Blessing of new church at Chazhoor |

# ENGAGEMENTS

## 2023 APRIL Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | Holy Mass @ Marymatha, Beginning of Diaconal Ministry |
| | | | Holy Mass @ Konikkara |
| 02 | Sun | Morning | Palm Sunday @ Basilica |
| | | Evening | World CLC day @ Basilica |
| 03 | Mon | All Day | Sanctification Day |
| 06 | THu | Morning | Maunday Thursday @ Cathedral |
| 07 | Fri | Morning | Good Friday @ Basilica |
| 09 | Sun | Morning | Easter Vigil Mass @ Basilica |
| | | Evening | General Hospital With Servants of God |
| 10 | Mon | Morning | Vocation Week & Vocation Camp |
| 11 | Tue | Morning | Holy Mass @ Minor Seminary, Vocation Camp |
| | | Evening | Fourth Child Baptism @ Peruvalur |
| 12 | Wed | Morning | KFFU Inauguration @ Kalvari Ashram |
| | | Evening | St. Thomas College |
| 13 | Thu | Morning | Holy Mass @ Minor Seminary, Vocation Camp |
| | | | NBCLC Governing Body @ IJK |
| | | Afternoon | Widows' Gathering @ Family Apostolate |
| | | Evening | Holy Mass @ Mattom |
| 14 | Fri | Afternoon | Institution Directors' Meeting |
| 15 | Sat | Morning | Holy Mass @ Mukkattukara |
| 17 | Mon | Afternoon | FSC Vestition @ Pallissery |
| | | Evening | PAROC Youth Course Inaguration |
| 20 | Thu | Morning | SABS Vestition @ Chettupuzha |
| | | Evening | Seminarians Gathering @ BIshop House |
| 21-28 | | | Nepal |
| 29 | Sat | Morning | First Holy Communion @ Basilica |
| | | Evening | Holy Mass @ Pavaratty |

# നാളാഗമം

ഫെബ്രുവരി 2023

1. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മംഗലപുഴ സെമിനാരിയിൽ കമ്മീഷൻ സന്ദർശനം നടത്തി.
2. രാവിലെ ഡി. ബി. സി. എൽ. സി. യിൽ വച്ച് അഭിവന്ദ്യപിതാക്കന്മാർ അതിരൂപതയിലെ വൈദികരുടെ യോഗം കൂടി, വൈദികരുടെ സ്ഥലം മാറ്റം അറിയിച്ചു.
4. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുല്ലക്കരയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിലുള്ള ഭവനം കുന്നംകുളത്ത് വെഞ്ചിരിച്ചു. വേലൂരിൽ യൂത്ത് മീറ്റിൽ പങ്കെടുത്തു.
5. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തങ്ങാലൂരിൽ മദ്ബഹ വെഞ്ചിരിച്ച് ദിവ്യബലിയർപ്പിച്ചു. തൊടുപുഴ, മുട്ടം ഇടവകയിൽ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു.
6. അതിരൂപതാ കാര്യാലയത്തിൽ നിന്നും സ്ഥലംമാറിപ്പോകുന്ന വൈദികർക്ക് അതിരൂപതാ കാര്യാലയത്തിൽ വച്ച് അഭിവന്ദ്യ പിതാക്കൻമാരുടെ സാന്നിധ്യത്തിൽ യാത്രയയപ്പ് നൽകി. അതിനുശേഷം അഭിവന്ദ്യ പിതാക്കൻമാർ മേരിമാത മേജർ സെമിനാരിയിൽ പ്രവർത്തിക്കുന്ന വൈദികരുടെ യോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തലക്കോട്ടുക്കരയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. പള്ളിക്കുന്ന് ഇടവകയിൽ പ്രവാസി സംഗമത്തിൽ പങ്കെടുത്തു.

9. തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം നടന്നു.
10. ബാംഗ്ലൂരിൽ വച്ച്, മരണമടഞ്ഞ അഭിവന്ദ്യ ആർച്ച്ബിഷപ്പ് ഇഗ്നേഷ്യസ് പിന്റോ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.
11. ചേറ്റുപുഴയിലെ എസ്.എ.ബി.എസ്. സിസ്റ്റേഴ്സിന്റെ പ്രൊവിൻഷൻ ഹൗസിൽ വച്ച് ജൂബിലി ആഘോഷങ്ങൾക്ക് അഭിവന്ദ്യ താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു. അതിനുശേഷം അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ജൂബിലിയോട് അനുബന്ധിച്ച് എസ്. കെ. ഡി. സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് അഭിവന്ദ്യ തൂങ്കുഴി പിതാവ് അർപ്പിച്ച വിശുദ്ധ ബലിയിൽ അഭിവന്ദ്യ പിതാക്കൻമാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചിറ്റിശ്ശേരിയിൽ ചാരിറ്റി സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ അൾത്താര വെഞ്ചിരിച്ച് ദിവ്യബലിയർപ്പിച്ചു. ഫാമിലി അപ്പോസ്തോലേറ്റിൽ കുടുംബകൂട്ടായ്മയുടെ ജനറൽ ബോഡിയിൽ പങ്കെടുത്തു. അത്താണി മേഴ്സി ഹോംമിലെ വാർഷികദിനാഘോഷത്തിൽ പങ്കെടുത്തു.
12. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വിയ്യൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി.
13. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഇവാഞ്ചലൈസേഷൻ കമ്മീഷൻ മിറ്റീംഗിൽ പങ്കെടുത്തു.
14. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ മിറ്റീംഗിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി ബിഷപ്പ് ഹൗസ് സന്ദർശിച്ചു.
15. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കോട്ടയം വടവാതൂർ സെമിനാരിയിലെ വൈദികരെയും ബ്രദേഴ്സിനെയും സന്ദർശിച്ച് ദിവ്യ ബലിയർപ്പിച്ചു.
16. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ജൂബിലിയിൽ Lamb Lightening പ്രോഗ്രമിൽ പങ്കെടുത്തു. കൊക്കാല St. Augustine School Centenary Year ഉദ്ഘാടനം നടത്തി. പോന്നോർ ഇടവകയിൽ സ്കൂളിന്റെ തറക്കല്ല് വെഞ്ചിരിച്ച് Centenary Celebration - ൽ പങ്കെടുത്തു.
17. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കുന്നംകുളത്ത് സി. ഗീതി മരിയായുടെ Retairment പ്രോഗ്രമിൽ പങ്കെടുത്തു. ആർത്താറ്റ് സ്കൂളിന്റെ നവീകരിച്ച എൽ. പി. സ്ക്കൂൾ കെട്ടിടം വെഞ്ചിരിച്ചു.
18. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് എറവ് പള്ളിയിൽ Sisters of the Charity of St. Vincent Convent ന്റെ ജൂബിലി ആഘോ

ഷങ്ങളിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു. പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ മരണ വാർഷിക ദിവ്യബലി അരണാട്ടുകരയിൽ അർപ്പിച്ചു.


19. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് Nest Deadiction Centre സന്ദർശിച്ചു. വരടിയം പാപ്പ നഗറിൽ ദിവ്യബലിയർപ്പിച്ചു. സാവിയോ ഹോമിൽ പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തു. ഏങ്ങണ്ടിയൂരിൽ വർഷിക ധ്യാനം ഉദ്ഘാടനം ചെയ്ത് ദിവ്യബലി യർപ്പിച്ചു.
20. അഭിവന്ദ്യ താഴത്ത് പിതാവ് വിഭൂതി തിരുകർമ്മങ്ങൾക്ക് ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ പ്രധാന കാർമ്മികനായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വിഭൂതി തിരുകർമ്മങ്ങൾ ബസിലിക്കയിൽ നടത്തി. പാലയൂർ വ്രതാരംഭ കൂട്ടായ്മയിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു.
21. അഭിവന്ദ്യ ടോണി പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.
22. ഉച്ചകഴിഞ്ഞ് നവീകരിച്ച കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കെട്ടിടം അഭിവന്ദ്യ പിതാക്കന്മാർ ആശീർവ്വദിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പുതുരുത്തിയിൽ പാരിഷ് ഹാളിന് തറക്കല്ലിട്ടു.
25. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഗുരുകുലം സെമിനാരി സന്ദർശിച്ചു.
26. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെട്ടുകാട് ഗോൾഡൻ ജൂബിലി വർഷം ഉദ്ഘാടനം ചെയ്ത് ദിവ്യബലിയർപ്പിച്ചു. ഡി.ബി.സി.എൽ.സി.യിൽ ബൈബിൾ ഡേ, അവാർഡ് ഡേ ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളേജിൽ മീഡിയ അവർഡ് ഡേ ഉദ്ഘാടനം ചെയ്തു. ബിഷ്പ്പ്സ് ഹൗസിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് മീറ്റിംഗിൽ പങ്കെടുത്തു. ഫാമിലി അപ്പസ്തേലേറ്റിൽ KLM Farewell - ലും, പിതൃവേദി General body – യിലും പങ്കെടുത്തു.

23–27. FABC യുടെ ആഭിമുഖ്യത്തിൽ ബാങ്കോക്കിൽ വെച്ച് നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള ഏഷ്യയിലെ മെത്രാന്മാരുടെ അസംബ്ലിയിൽ (Asian Continental Assembly) അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കൊച്ചച്ചന്മാരുടെ പരിശീലന പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

## രണ്ടാം ശനിയാഴ്ചാചരണം

മാർച്ച് മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 11.03.2023 ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദേവാലയത്തിൽ വെച്ച് നടത്തുകയുണ്ടായി. പാലക്കാട് രൂപതയിലെ തച്ചനടി ക്രൈസ്റ്റ് ഇടവക വികാരി ബഹു. ആൻസൻ കൊച്ചറയ്ക്കൽ അച്ചനാണ് വി. ബലിക്ക് കാർമ്മികത്വം വഹിച്ചത്. ബഹു. തോമസ് ചൂണ്ടൽ അച്ചൻ സഹകാർമ്മികനായിരുന്നു. തച്ചനടിയിലുള്ള ചാരിറ്റി കോൺവെന്റിലെ ബ്ര. സിസ്റ്റേഴ്സും ഇടവക ജനങ്ങളും സന്നിഹിതരായിരുന്നു. ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത് ചൊവ്വന്നൂർ ഫാത്തിമ കോൺവെന്റിലെ ബഹു. സിസ്റ്റേഴ്സായിരുന്നു.



ബ. ആൻസനച്ചന്റെ സന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ : ഊക്കനച്ചനോടുള്ള ആദരവും സ്നേഹ

വും നമ്മുടെ ഹൃദയത്തിൽ ഉള്ളതുകൊണ്ടും ഈ പുണ്യപിതാവിനോട് പ്രാർത്ഥിച്ചതുവഴി നമ്മുടെ ജീവിതത്തിൽ എപ്പോഴൊക്കെയോ ദൈവം പ്രവർത്തിച്ചതിനെപ്രതി നന്ദി പറയുവാനുമാണ് നാം ഇവിടെ ഒന്നു ചേർന്നിരിക്കുന്നത്. ഇനിയും ഊക്കനച്ചൻവഴി നമ്മുടെ ആഗ്രഹങ്ങൾ കർത്താവ് നിറവേറ്റിതരട്ടെ ! സങ്കടങ്ങളുടെ നടുവിലൂടെ സഞ്ചരിച്ചവരും സഞ്ചരിക്കുന്നവരുമാണ് നാം. ബാല്യം മുതൽ വേദനകളുടെയിടയിലായിരുന്നു ഊക്കനച്ചനും വളർന്നുവന്നത്. എന്നാൽ തന്റെ നൊമ്പരങ്ങളെപ്രതി ഈ ധന്യാത്മാവ് ദൈവത്തോട് ഒരിക്കലും പരിഭവിച്ചിരുന്നില്ല. മറിച്ച് അദ്ദേഹം ഇങ്ങനെയവയെ മനസ്സിലാക്കി: "സങ്കടങ്ങളുടെ വഴിയിലൂടെ ദൈവം എന്നെ നടത്തുന്നുവെങ്കിൽ ഞാനതിൽ സന്തോഷിക്കണം. യാത്രയിൽ ഏകനായി ദൈവം നിന്നെ നയിക്കുന്നതിലും നീ ആനന്ദിക്കണം. കാരണം ഈ ഏകാന്തതയിലും വേദനയിലുമെല്ലാം എന്നിൽ പ്രവർത്തിക്കുന്ന ദൈവത്തെ എനിക്ക് കാണുവാനാകും. ആ സമയങ്ങളിൽ ദൈവം എന്റെ ചാരത്തുണ്ടായിരുന്നു; കൂടാതെ ഈ അവസരങ്ങളിലെല്ലാം കർത്താവ് എന്നെ അത്രമാത്രം സ്നേഹിക്കുന്നു; താൻ ഏറ്റെടുത്ത കുരിശിന്റെ ഒരു പങ്ക് നീയുമായി പങ്കുവെയ്ക്കുമ്പോൾ മനസ്സിലാക്കാം– ഞാനുമായി അവിടുത്തേക്ക് അഭേദ്യമായ ഒരു ബന്ധമുണ്ടായിരുന്നു എന്ന് ". തന്മൂലം സഹനവഴിയിലൂടെ സഞ്ചരിച്ച് ഊക്കനച്ചൻ ആത്മാക്കളെ നേടിയെടുത്തു. ദൈവീക അരുളപാടുകളും ജീവിതനിയോഗങ്ങളും ജീവിത വിശുദ്ധി സമ്മാനിച്ച സന്തോഷങ്ങളുമായിരുന്നു ഊക്കനച്ചന് സഹനങ്ങൾ. വി. കുർബാന ഈശോ നമ്മെ സ്നേഹിച്ചതിന്റെ സഹന അടയാളമാണ് എങ്കിൽ നമ്മൾ ഈശോയെ സ്നേഹിക്കുന്നതിന്റെ അടയാളമായി എന്താണ് ദൃശ്യമാകുന്നത് ? നമ്മുടെ പരിത്യാഗങ്ങളും ജീവിതകടമനിർവ്വഹണവും ക്രൂശിതസ്നേഹത്തിൽ വലയിതമാകട്ടെ. ഊക്കനച്ചനെപ്പൊലേ ! നമുക്ക് ഇനിയും ഈ പുണ്യപിതാവിന്റെ മാധ്യസ്ഥ്യം തേടാം – ഈ പാപപരിഹാരദിനങ്ങൾ കൂടുതൽ ശോഭയുള്ളതാകാൻ !


അരിയന്നൂരിൽനിന്നുള്ള പുലിക്കോട്ടിൽ ടിജി ജോബിനും കുടുംബവുമാണ് ഈ മാസത്തെ തിരുക്കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. ചൊവ്വന്നൂർ ഇടവക വികാരി ബ. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും നന്ദി കളർപ്പിക്കുകയും ചെയ്തു.

നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

*കഴിഞ്ഞ ലക്കത്തിലെ അന്തോണിയച്ചന്റെ നോമ്പു കാലചിന്തയുടെ തുടർച്ചയാണ് ഇവിടെ കൊടുക്കുന്നത്.*

ആത്മീയമായ ത്രിവിധ ശത്രുക്ക ളെ ജയിക്കുന്നതിന് ദിവ്യരക്ഷകൻ പഠിപ്പിക്കുന്നതുപോലെ നോമ്പും ഉപവാസവും അവലംബിക്കണമെന്നും ഇതു തമ്മെ ഗ്രഹിപ്പിക്കുന്നതിനാണ് അവിടുന്ന് 40 ദിവസം ഉപവസിച്ചതും പരീക്ഷകളെ വിജയിച്ചതും എന്നും അച്ചൻ എഴുതുന്നു (മത്താ. 11. 16–19, ഓരോരോ കാരണങ്ങൾ പറഞ്ഞ് യഹൂദർ യേശുവിനെ സ്വീകരിക്കാതെ കഠിനഹൃദയരായത് അച്ചൻ ഇവിടെ അനുസ്മരിക്കുന്നു).



ആത്മീയശത്രുക്കളെപ്പറ്റിയുള്ള വിചിന്തനത്തിനു ശേഷം ദിവ്യരക്ഷകന്റെ കഷ്ടാനുഭവത്തെയും കുരിശുമരണത്തെയുംപറ്റി അച്ചൻ നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മോടുള്ള സ്നേഹത്താൽ അവിടുന്ന് ഈ ലോകത്തിൽ ജാതനായി. കാനായിലെ കല്യാണവിരുന്നിൽ

കാലത്തിന് മുമ്പായി ചെയ്യപ്പെട്ട അവിടുത്തെ അത്ഭുതകൃത്യം , തന്നെ സമീപിച്ച കുഞ്ഞുങ്ങളെ അനുഗ്രഹിച്ചത്, നായിമിലെ വിധവയുടെ ദുഃഖം മാറ്റി മകനെ ഉയിർപ്പിച്ചത്, ലാസറിന്റെ സഹോദരിമാരുടെ ദുഃഖത്തിൽ അവരോടുകൂടി പ്രലപിച്ചത്, തന്റെ തിരുവചനങ്ങൾ ശ്രവിക്കുന്നതിനു വന്ന ജനങ്ങൾ വഴിമദ്ധ്യേ തളർന്നുപോകാതിരിക്കാൻ അഞ്ചപ്പവും രണ്ടു മത്സ്യവും വർദ്ധിപ്പിച്ച് അവരെ തൃപ്തരാക്കിയത്, പാപിനിയായ സമറിയാക്കാരിയെ മാനസാന്തരപ്പെടുത്താൻ യാക്കോബിന്റെ കിണറരികിൽ വിശപ്പും ദാഹവും സഹിച്ച് ഇരുന്നത് – ഇതെല്ലാം മനുഷ്യവർഗ്ഗത്തോടുള്ള അവിടുത്തെ നിസ്വാർത്ഥവും അഗാധവുമായ സ്നേഹം മൂലമാണ്. അതിൽ തൃപ്തി വരാതെ അവിടുന്ന് നമ്മെ കുരിശുമരണത്തോളം പരിധി വക്കാതെ സ്നേഹിച്ചു. ഒരുവനുവേണ്ടി ജീവൻ പരിത്യജിക്കുന്നതിനേക്കാൾ വലിയ സ്നേഹം ആർക്കുമില്ല .

അവിടുന്ന് കുരിശിൽ നിന്ന് നമുക്കു നൽകുന്ന സാരോപദേശങ്ങൾ നമുക്ക് ശ്രവിക്കാം. ഒന്നാമത്തേത് സഹോദര സ്നേഹമാണ്. ഇതാണ് അവിടുത്തെ പുതിയ പ്രമാണം. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ സ്നേഹിപ്പിൻ . ഈ സനേഹത്തെക്കുറിച്ച് വി.പൗലോസ് പറയുന്നത് ഇപ്രകാരമാണ്. ഞാൻ മനുഷ്യരുടെയും മാലാഖമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേമ്പിലയോ ചിലമ്പുന്ന കൈത്താളമോ പോലെ ആയി. എനിക്ക് ദീർഘദർശനമുണ്ടാകുകയും എല്ലാ രഹസ്യങ്ങളെയും ജ്ഞാനത്തെയും ഞാൻ അറിയുകയും മലകളെ നീക്കാൻ തക്ക വിശ്വാസവും എനിക്ക് ഉണ്ടാകുകയും ചെയ്താലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല (1 കൊറി 13). തന്റെ സഹനങ്ങളുടെ പട്ടിക നൽകുന്ന പൗലോസ് (2 കൊറി 11,16–29) ക്രിസ്തുവിന്റെ നേരെയുള്ള സ്നേഹത്തിൽ ജ്വലിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആർ എന്നെ വേർ തിരിക്കും ? (റോമ 8, 35). അതേ പൗലോസ് സഹോദരങ്ങൾക്കുവേണ്ടി ഏതു സഹനവും ഏറ്റെടുക്കാൻ തയ്യാറാണ് എന്ന് പ്രഖ്യാപിക്കുന്നു (റോമ. 9,3).

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ബിനോയ് മഞ്ഞളി | 01 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി Jr. | 03 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 05 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. സോബിൻ പായിക്കാട്ട് | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. ഗോഡ്‌വിൻ എടക്കളത്തൂർ | 11 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. ലിവിൻ ചൂണ്ടൽ | 14 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. സ്റ്റീഫൻ അറക്കൽ | 16 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. അലക്സ് മാപ്രാണി | 18 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 21 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. ജിയോ ചെരടായി | 28 |
| ഫാ. മേജോ കോരെത് | 28 |
| ഫാ. ആന്റണി മേച്ചേരി | 28 |

ഫാ. റിജോയ് തൈവളപ്പിൽ 28
ഫാ. സലീഷ് അറങ്ങാശ്ശേരി 29
ഫാ. ജിന്റോ ചൂണ്ടൽ 29
ഫാ. ജോബ് വടക്കൻ 29
ഫാ. ഫ്രാൻസിസ് അറക്കൽ 30
ഫാ. ഫ്ളെർജിൻ തയ്യാലക്കൽ 30




## നാമഹേതുകതിരുനാൾ

ഫാ. ജോജു ആളൂർ 24
ഫാ. സിജോ അരിക്കാട്ട് 24
ഫാ. അനു ചാലിൽ 24
ഫാ. ലിജോ ചാലിശ്ശേരി 24
ഫാ. ജോർജ്ജ് ചേലപ്പാടൻ 24
ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ 24
ഫാ. ജോർജ്ജ് ചെറുവത്തൂർ 24
ഫാ. ജിയോ ചിരിയങ്കണ്ടത്ത് 24
ഫാ. ജിന്റോ ചൂണ്ടൽ 24
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 24
ഫാ. ജോർജ്ജ് എടക്കുളത്തൂർ 24
ഫാ. റോജോ എലുവത്തിങ്കൽ 24
ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ 24
ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ 24
ഫാ. വർഗ്ഗീസ് കരിപ്പേരി 24
ഫാ. മനോജ് കീഴൂരുമുട്ടിക്കൽ 24
ഫാ. ജോർജ്ജ് കോമ്പാറ 24
ഫാ. പ്രിന്റോ കുളങ്ങര 24
ഫാ. വർഗ്ഗീസ് കൂത്തൂർ 24
മോൺ. ജോർജ്ജ് മാനാടൻ 24
ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ 24
ഫാ. ജിഫി മേക്കാട്ടുകുളം 24
ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ 24
ഫാ. ജിജോ മുരിങ്ങാത്തേരി 24
ഫാ. ജോമോൻ മുരിങ്ങാത്തേരി 24
ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ 24
ഫാ. വർഗ്ഗീസ് പാലത്തിങ്കൽ 24
ഫാ. ജോഷി പറോക്കാരൻ 24
ഫാ. സോബിൻ പായിക്കാട്ട് 24
ഫാ. പ്രിൻസ് പിണ്ടിയാൻ 24
ഫാ. ജോജു പൊറുത്തൂർ 24
ഫാ. ജെയ്സൻ പുന്നാശ്ശേരി 24
ഫാ. കനേഡിയൻ തണ്ടാശ്ശേരി 24
ഫാ. മനോജ് താണിക്കൽ 24
ഫാ. ജിയോ തരകൻ 24
ഫാ. വർഗ്ഗീസ് തരകൻ 24
ഫാ. ജസ്റ്റിൻ തേക്കാനത്ത് 24
ഫാ. ജോർജ്ജ് തേറാട്ടിൽ 24

| | |
|---|---|
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. മിഥുൻ വടക്കേത്തല | 24 |
| ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി | 24 |
| ഫാ. വിനോയ് വാഴപ്പിള്ളി | 24 |




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പെരുമാട്ടിൽ ഗീവർഗ്ഗീസ് | 25.04.1895 |
| ഫാ. അമ്പുക്കൻ യോഹന്നാൻ | 19.04.1930 |
| ഫാ. മാളിയേക്കൽ തോമസ് | 16.04.1944 |
| ഫാ. കൊള്ളന്നൂർ മാത്യു | 27.04.1944 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 18.04.1962 |
| ഫാ. തട്ടിൽ സെബാസ്റ്റ്യൻ | 01.04.1963 |
| ഫാ. വലിയവീട്ടിൽ ജോസഫ് | 10.04.1972 |
| ഫാ. വാലികോടത്ത് ജോൺ | 24.04.1973 |
| ഫാ. കിഴക്കൂടൻ അബ്രാഹം | 28.04.1977 |
| ഫാ. അക്കര സേവ്യർ | 07.04.1978 |
| ഫാ. ബ്രഹ്മകുളം ഫ്രാൻസിസ് | 18.04.1982 |
| ഫാ. കാട്ടൂക്കാരൻ പോൾ | 16.04.1983 |
| ഫാ. ചാലക്കൽ ജോൺ | 14.04.1991 |
| മോൺ. അടമ്പുകുളം ജേക്കബ് | 11.04.1993 |
| മോൺ. ചാലിശ്ശേരി ഇഗ്നേഷ്യസ് | 11.04.1997 |
| ഫാ. ചിറമ്മൽ ഫ്രാൻസിസ് | 18.04.1997 |
| ഫാ. വടക്കൻ സിറിയക് | 26.04.2017 |
| ഫാ. എടയാൽ ചാക്കോ | 14.04.2018 |
| ഫാ. ചിറ്റിലപ്പിള്ളി റാഫേൽ | 07.04.2019 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 22.04.2021 |
| ഫാ. ചെറയത്ത് ജേക്കബ് | 30.04.2021 |
| ഫാ. തൈക്കാട്ടിൽ ജേക്കബ് | 30.04.2021 |
| ഫാ. ഐനിക്കൽ ആന്റണി | 17.04.2022 |



# സന്ന്യസ്തർ

**സി.ആർ.ഐ. വാർത്തകൾ**
**ഡിസംബർ**

**പൊതുസമ്മേളന റിപ്പോർട്ട്**

മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അധ്യക്ഷതയിൽ നിർമലദാസി സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സി. സോഫി പേരേപ്പാടൻ (CRI പ്രസിഡണ്ട്) ഏവരേയും സ്വാഗതം ചെയ്തു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. Adv.സി. ജോസിയ സമർപ്പിതരും: സമൂഹ്യ പ്രതിബന്ധതതയും സാമൂഹ്യ മാധ്യമങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ഉച്ചയ്ക്ക് 1:30 വരെ ക്ലാസ്സ് നയിച്ചു.

**മൈലാപൂർ യാത്ര**

തോമാശ്ലീഹായുടെ 1950–ാം രക്ത സാക്ഷിത്വ വർഷത്തിനോടനുബന്ധിച്ച് 2023 ഫെബ്രുവരി 3, 4, 5 എന്നീ ദിവസങ്ങളിൽ മൈലാപൂരിലേക്ക് CRI തീർത്ഥാടനം സംഘടിപ്പിച്ചു. വിവിധ സന്യാസസമൂഹങ്ങളിൽ നിന്നുമായി 90 പേർ പങ്കെടുത്തു.

**പ്രതിഷേധറാലി (13-03-23)**

സന്യാസ ജിവിതത്തെ വളരെ അശ്ലീലമായി ചിത്രീകരിച്ചത്തിനെതിരെ Pastrol Councilലും CRIയും ചേർന്ന് മാർച്ച് 13ന് പ്രതിഷേധ റാലി സംഘടിപ്പിച്ചു. പടിഞ്ഞാറെ കോട്ടയിൽ നിന്ന് ആരംഭിച്ച് കളക്ടറേറ്റ് പടിക്കൽ സമാപിച്ചു. മൂവായിരത്തിലധികം പേർ പങ്കെടുത്തു. മോൺ. ജോസ് വല്ലൂരാൻ പേപ്പൽ പതാക ഉയർത്തി പ്രതിഷേധറാലി

ആരംഭിച്ചു. സഭാതാരം ലാസർ മാസ്റ്റർ സ്വാഗത ചെയ്ത പ്രതിഷേധ ധർണ്ണയിൽ മാർ ടോണി നിലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. അഡ്വ. ബിജു കുണ്ടുകുളം ആമുഖ പ്രഭാഷണം നടത്തി. സന്യാസ ജീവിതത്തിന്റെ മാഹാത്മ്യത്തെ കുറിച്ചും സംവിധായകനും എഴുത്തുകാരുള്ള ചുട്ട മറുപടിയും നല്കികൊണ്ട അഡ്വ. ജോസിയ എസ്.ഡി (Voice of Nuns, KCBC ജാഗ്രത കമ്മീഷൻ ലീഗൽ അംഗം) സംസാരിച്ചു. കൂടാതെ CRI പ്രതിനിധി സി ആൻസിയും സംസാരിച്ചു. ശ്രീമതി. എൽ സി വിൻസെന്റ് ഏവർക്കും നന്ദി പറഞ്ഞു കൊണ്ട് പ്രതിഷേധറാലി സമാപിച്ചു. ശേഷം പാസ്റ്ററർ കൗൺസിൽ അംഗങ്ങളും CRI പ്രതിനിധികളും ചേർന്ന് ജില്ലാ കളക്ടർക്ക് പരാതി കത്തു മുഖേന സമർപ്പിക്കുകയും ചെയ്തു.

1. **എഫ്.സി.സി.**

ജനുവരി 16-ാം തീയതി തിരൂർ സീയോൻ റിന്യുവൽ സെന്ററിൽ വച്ച് വചനാമൃതം ടീമിലെ സിസ്റ്റേഴ്സിനായി empowerment പ്രോഗ്രാം നടത്തി. ജനുവരി 19 മുതൽ 21 വരെ തിരൂർ സീയോൻ റിന്യൂവൽ സെന്ററിൽ വച്ച് വിദ്യാർത്ഥികൾക്കായി നടത്തിയ വചനാമൃതം ധ്യാനത്തിൽ 76 വിദ്യാർത്ഥികൾ സംബന്ധിച്ചു. ജനുവരി 17-22 വരെ ഗോൾഡൻ ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സ് ഗുരുവായൂർ ചെറുപുഷ്പാശ്രമത്തിൽ വച്ച് റവ. ഫാ. റിന്റോ പുതുശ്ശേരിയുടെ നേതൃത്വത്തിൽ ധ്യാനിക്കുകയും 22-ാം തീയതി ഞായറാഴ്ച രാവിലെ 10.30 ന് ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് ഓഡിറ്റോറിയത്തി ൽ വച്ച് പ്രോവിൻസുതലത്തിൽ ഗോൾഡൻ ജൂബിലി ആഘോഷി ക്കുകയും ചെയ്തു. ജനുവരി 20-ാം തീയതി കെനിയ മിഷനിൽ നക്രു രൂപതയിൽ കബാസി എന്ന സ്ഥലത്ത് സെന്റ് ക്ലെയർ എന്ന പേരിൽ പുതിയ ഭവനം ആരംഭിച്ചു. ജനുവരി 26-ാം തീയതി മതാധ്യാപന രംഗത്ത് 15 വർഷം ശുശ്രൂഷ ചെയ്ത സി. ആശ ഫ്രാൻസിസ് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി. അന്നു തന്നെ തൃശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന തൃശൂർ യൂണിറ്റിലെ സി. ആർ. ഐ മീറ്റിംഗിൽ സമർപ്പിതർ - സാമൂഹ്യപ്രതിബദ്ധതയും, സാമൂഹ്യ മാധ്യമ ങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി എസ്. ഡി സന്യാസ സമൂ ഹത്തിലെ ബ. സി. ജോസിയ നയിച്ച സെമിനാറിൽ 45 ലോക്കൽ സുപ്പീരിയേഴ്സ് സംബന്ധിച്ചു. ജനുവരി 26 മുതൽ 28 വരെ തിരൂർ സീയോൻ റിന്യൂവൽ സെന്ററിൽ വച്ച് വിദ്യാർത്ഥികൾക്കായി നടത്തിയ വചനാമൃതം ധ്യാനത്തിൽ 44 പേർ സംബന്ധിച്ചു. ജനുവരി 26 മുതൽ

30 വരെ പുതുച്ചേരി സേക്രഡ്ഹാർട്ട്, അസ്സീസി, സാന്താ ക്ലാര എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി കനോനിക സന്ദർശനം നടത്തി.

തൃശൂർ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം പൗരോഹിത്യം സ്വീകരിച്ച നവവൈദികർക്ക് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഹൃദ്യമായ സ്വീകരണം നൽകി. തൃശൂർ സി. ആർ.ഐ യൂണിറ്റിന്റെ നേതൃത്വത്തിൽ മാർ തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1950–ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ മൈലാപ്പൂർ തീർത്ഥയാത്രയിൽ 10 ലോക്കൽ സുപ്പീരിയേഴ്സ് സംബന്ധിച്ചു. ഫെബ്രുവരി 3–ാം തീയതി മുതൽ 5–ാം തീയതി വരെ അസ്സീസിയിൽ വച്ച് യംഗ് സീനിയർ സിസ്റ്റേഴ്സിനായി നടത്തിയ Empowerment പ്രോഗ്രാമിൽ റവ. ഫാ. റിന്റോ പുതുശ്ശേരി സി.എം.ഐ ക്ലാസ് എടുത്തു. ഫെബ്രുവരി 10–ാം തീയതി പൂന ജ്ഞാന ദീപ പൊന്തിഫിക്കൽ അന്തോണിയാനത്തിൽ നിന്ന് സി. റാണി തെരേസ് Ecclesiology യിൽ P.hd ബിരുദം നേടി. ഫെബ്രുവരി 17 –ാം തീയതി മുതൽ 19 –ാം തീയതി വരെ തിരൂർ സിയോൺ റിന്യുവൽ സെന്ററിൽ വച്ച് ജൂണിയർ സിസ്റ്റേഴ്സിനായി മാസധ്യാനം നടത്തി. ഫെബ്രുവരി 18–ാം തീയതി ചേർപ്പ് ലൂർദ്ദ് മാതാ കോൺവെന്റിൽ വച്ച് ഉപവാസ പ്രാർ ത്ഥന നടത്തി. ഫെബ്രവരി 18–ാം തീയതി ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക – അനധ്യാപകർക്കായി 2023 ഫെബ്രുവരി 18–ാം തീയതി ശനിയാഴ്ച 2 pm ന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഒരു യാത്രയയപ്പ് നൽകി. അസ്സീസിയിൽ വച്ച് ഫെബ്രുവരി 24 മുതൽ 26 വരെ ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടത്തി. ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ തൃക്കൂർ കാരുണ്യ ഭവനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരി കാനോനിക വിസീത്ത നടത്തി.

**2. സി.എസ്.എം ലൂർദ്നാഥ പ്രൊവിൻസ്**

ജനുവരി രണ്ടാം തിയ്യതി തൃശ്ശൂർ അതിരൂപതയിൽ ഈ വർഷം തിരുപട്ടം സ്വീകരിച്ച വൈദികർക്ക് സ്വീകരണം നൽകി. 4.1.2023 അതിരൂപത തലത്തിൽ നടന്ന പരിശുദ്ധ ബെനഡിക്ട് പാപ്പായുടെ അനുസ്മരണയോഗത്തിലും വിശുദ്ധ കുർബാനയിലും ബഹു. പ്രൊവിൻഷ്യലും ടീം അംഗങ്ങളും ഏതാനും സിസ്റ്റേഴ്സും പങ്കെടുത്തു. 7.1.2023 ന് സന്യാസിനി സമൂഹത്തിന്റെ 75–ാം ജൂബിലിവർഷത്തോടനുബന്ധിച്ച് സ്ഥാപകപിതാവിന്റെ ജന്മഗൃഹവും അദ്ദേഹത്തിന്റെ ഇട

വകയും സന്ദർശിച്ച് പ്രാർത്ഥിച്ചു. ജനറൽ തലത്തിൽ നടന്ന തീർത്ഥാടനത്തിൽ 50 സിസ്റ്റേഴ്സ് പങ്കെടുത്തു. ജനുവരി 24 മുതൽ ബഹു. പ്രൊവിൻഷ്യൽ കൂനത്തറ ആശാദീപം കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി.

ലൂർദ്നാഥ പ്രോവിൻസിലെ പഴയന്നൂർ സ്കൂളിൽ മൂന്നാം തിയ്യതി സ്പോർട്സ് ഡെ നടത്തി. ഫെബ്രുവരി 12ന് ബഹു. പ്രൊവിൻഷ്യൽ തലശ്ശേരി കമ്മ്യൂണിറ്റിയിൽ കാനോനിക സന്ദർശനം നടത്തി. 24–ാം തിയ്യതി ജൂനിയർ സിസ്റ്റേഴ്സ് കുന്നംകുളം CMI ധ്യാനകേന്ദ്രത്തിൽ 2 ദിവസത്തെ ധ്യാനത്തിനായി പോയി. പ്ലാറ്റിനം ജൂബിലി വർഷാചരണത്തിന്റെ ഭാഗായി എല്ലാ മാസവും പതിനഞ്ചാം തിയ്യതി സ്ഥാപകപിതാവിന്റെ ഭൗതികാവശിഷ്ടം സംസ്കരിച്ചിരിക്കുന്ന പൊന്നുക്കര അസംപ്ഷൻ കോൺവെന്റിൽവെച്ച് അനുസ്മരണബലി അർപ്പിക്കുന്നു. പ്ലാറ്റിനം ജൂബിലിയാചരണത്തിന്റെ ഭാഗമായി ജീവകാരുണ്യ– സാമൂഹ്യക്ഷേമ അപ്പസ്തോലശുശ്രൂഷകൾ ചെയ്യുന്ന സിസ്റ്റേഴ്സിനായി കൃപാഭവൻ ജനറലേറ്റിൽ "നമ്മുടെ സന്യാസിനി സമൂഹത്തിന്റെ ദൗത്യവും ദർശനവും പുനർനിർവചിക്കപ്പെടേണ്ടതിന്റെ ആവശ്യകത" എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. ഫാ. റോയ് കൺൻചിറ CMI നയിച്ച ഏകദിന ശിൽപശാല സംഘടിപ്പിച്ചു. എഴുപതോളം സിസ്റ്റേഴ്സ് സംബന്ധിച്ചു."സീറോ മലബാർ സഭയുടെ നവീകരിച്ച കുർബാനക്രമം വിശ്വാസികൾക്കുള്ള പരിശീലനം എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി സന്യാസിനിസമൂഹത്തിലെ എല്ലാ ബഹു. സിസ്റ്റേഴ്സിനും പരീക്ഷ നടത്തി. പ്ലാറ്റിനം ജൂബിലി വർഷത്തോടനുബന്ധിച്ച് കൃപാഭവൻ ജനറലേറ്റിൽവെച്ച് രണ്ടു ഘട്ടങ്ങളിലായി സമൂഹത്തിലെ എല്ലാ സിസ്റ്റേഴ്സിനുമായി "മാനസിക– ആത്മീയ– ബൗദ്ധിക തലങ്ങളിലെ സമർപ്പിത ജീവിതസമഗ്രത' എന്ന വിഷയത്തെ അധികരിച്ച് വേലൂർ FATRI പ്രിൻസിപ്പൾ റവ. ഡോ. സി. ഷെറിൻ മരിയ CHF ഏകദിന സെമിനാർ നയിച്ചു.

**3. സി. എസ്. സി.:**

സന്യാസ സമർപ്പിണത്തിന്റെ സുവർണ്ണ–രജത ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനായുള്ള ധ്യാനം 2023 ജനുവരി 15 മുതൽ 21 വരെയുള്ള തീയതികളിൽ മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ നടത്തി. തൃശ്ശൂർ അതിരൂപതയിലേയും, സി എം ഐ ദേവമാതാ പ്രൊവിൻസിലേയും നവ വൈദീകർക്ക് കോലഴി മരിയ ഭവൻ ജനറലേറ്റിൽ ജനുവരി 17, 21 തിയതികളിൽ സ്വീകരണം നൽകി, സന്യാസ സമർപ്പണത്തിന്റെ 50 വർഷം പൂർത്തിയാക്കിയ 16 സിസ്റ്റേഴ്സിന്റേയും 25

വർഷം പൂർത്തിയാക്കിയ 11 സിസ്റ്റേഴ്സിന്റേയും വ്രതവാഗ്ദാന സുവർണ്ണ രജത ജൂബിലി 2023 ജനുവരി 26 ന് ഇരിങ്ങാലക്കുട രൂപ താദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ തിരൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നട ത്തി.  ഈ വർഷം സന്ന്യാസസമർപ്പിത ജീവിതത്തിന്റെ സുവർണ്ണജൂ ബിലിയും രജതജൂബിലിയും ഘോഷിച്ച മരിയപ്രവിശ്യയിലെ 15 സഹോദരിമാർക്ക് 2023 ജനുവരി 28 ന് കൂർക്കഞ്ചേരി മരിയ പ്രൊവിൻ ഷ്യൽ ഹൗസിൽ വച്ച് ഊഷ്മളമായ സ്വീകരണം നൽകി. കൂടാതെ ജനുവരി 31 ന് നവ വൈദികരുടെ ആഘോഷമായ ദിവ്യബലിയും സ്വീകരണച്ചടങ്ങും ഉണ്ടായിരുന്നു.

ഫെബ്രുവരി 18–ാം തിയതി സോഷ്യൽ ബോർഡിന്റെ ജനറൽ ബോഡി മീറ്റിംങ്ങ് മരിയ ഭവൻ ജനറലേറ്റ് കോലഴിൽ വച്ച് നടത്തി. മാർച്ച് 4–ാം തിയതി വൊക്കേഷൻ പ്രൊമോട്ടേഴ്സിനായുള്ള മീറ്റിംങ്ങ് മുല്ലക്കര ആത്മദർശൻ കോൺന്റിൽ വച്ച് നടത്തി. 18.02.2023 ന് എല്ലാ സുപ്പീരിയേഴ്സിനും വൊക്കേഷൻ പ്രൊമോട്ടേഴ്സിനുമായി മരിയ പ്രൊ വിൻഷ്യൽ ഹൗസിൽ വച്ച് ബഹു ഫാ. ബാസ്റ്റിൻ പൂന്നോലിപറമ്പിൽ ക്ലാസ്സ് എടുക്കുകയും അഭിഷേകാരാധന നടത്തുകയും ചെയ്തു. സി എസ് സി സഹയാത്ര എന്ന പേരിൽ ജനുവരിയിൽ ആരംഭിച്ച സഞ്ച രിക്കുന്ന സൗജന്യ കൗൺസിലിംഗ് & പാലിയേറ്റീവ് കെയർ വിവിധ സോണുകളിലായി ശുശ്രൂഷ ആരംഭിച്ചു. തൃശ്ശൂർ അതിരൂപത സി ആർ ഐ യൂണിറ്റിന്റെ ആഭിമുഖ്യത്തിൻ നടത്തിയ മൈലാപ്പൂർ തീർത്ഥയാത്രയിൽ ചാരിറ്റി സിസ്റ്റേഴ്സ് മരിയ പ്രവിശ്യയിൽ നിന്നും ഒൻപതു പേർ പങ്കെടുത്തു.

**4. സിഎച്ച്എഫ് നവജ്യോതി പ്രോവിൻസ്**

ഹോളിഫാമിലി കോൺഗ്രിഗേഷന്റെ മദ്ധ്യസ്ഥരായ തിരുക്കുടുംബ ത്തിന്റെ തിരുന്നാൾ സന്യസിനി സമൂഹത്തിൽ ജനുവരി ഒന്നിന് സമു ചിതമായി ഘോഷിച്ചു. ജനുവരി നാലാം തിയ്യതി വൈകീട്ട് 7–8 വരെ റവ.ഫാ.അനിൽ ജോസഫ് എസ് ജെ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നട ത്തിയ ധ്യാനത്തിൽ പ്രോവിൻസിലെ സിസ്റ്റേഴ്സ് പങ്കെടുത്തു. ദിവം ഗതനായ പരിശുദ്ധ പിതാവ് ബെനഡിക്ട് പാപ്പയുടെ അനുസ്മര ണാർത്ഥം പുത്തൻ പള്ളിയിൽ നടത്തിയ വി.ബലിയിലും വിലാപയാ ത്രയിലും പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. ജനുവരി ആറ് ദനഹാ തിരുന്നാൾ ദിനം സിഎച്ച്എഫ് നവജ്യോതി പ്രോവിൻസിന്റെ പ്രോവിൻസ് ഡേയായി ഘോഷിച്ചു. ജനുവരി 20,21,22 തിയ്യതികളിലായി മണ്ണുത്തി ജനറലേറ്റിൽ ജനറൽ പ്ലീനറി നടന്നു.

ജനുവരി 24 ന് നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ രാവിലെ 9 മുതൽ 5വരെ പ്രൊവിൻഷ്യൽ പ്ലീനറി നടത്തപ്പെട്ടു.

ഫെബ്രുവരി 9ന് CHFവജ്യോതി പ്രൊവിൻഷ്യലേറ്റിൽ റവ.ഫാ. തോമസ് കൊച്ചുമുട്ടം CMI യുടെ നേതൃത്വത്തിൽ Contemplative Meditative Retreat ൽ പ്രോവിൻസിലെ, പ്രോവിൻസ് റിന്യൂവൽ ടീം അംഗങ്ങൾക്ക് ഒരാഴ്ചത്തെ പരിശീലനം നൽകി. 12ന് വടൂക്കര ഹോളി ഫാമലി സോഷ്യോ മെഡിക്കൽ സെന്ററിന്റെ അമ്പത്തി അഞ്ചാമത് സെന്റർ ഡേ സെലിബ്രേഷൻ സമുചിതമായി ഘോഷിച്ചു. നവജ്യോതി കോർപ്പറേഷൻ എജ്യുക്കേഷൻ ഏജൻസിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുന്ന 21 സ്റ്റാഫിന് നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ യാത്രയയപ്പ് സമ്മേളനം നടത്തി. നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ ഫെബ്രുവരി 25 മുതൽ മാർച്ച് 02 വരെയുള്ള ദിവസങ്ങളിൽ റവ.ഫാ.ജേക്കബ് മുണ്ടക്കലിന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി.

**5. സി.എം.സി.:**

ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച അതിരൂപതയിലെയും സി.എം.ഐ ദേവമാതാ പ്രൊവിൻസിലെയും നവവൈദീകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഊഷ്മളമായ വരവേല്പ് നല്കി. ദനഹാതിരുനാളിൽ ദിവ്യബലി മദ്ധ്യേ സിസ്റേറഴ്സ് വ്രതനവീകരണം നടത്തി. അവിഭക്ത തൃശ്ശൂർ പ്രോവിൻസിന്റെ ഗോൾഡൻ ജൂബിലി ഘോഷം 19 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടന്നു. 21 ന് തൃശ്ശൂർ നിർമ്മല പ്രോവിൻസിന്റെ 6 അമ്മമാരുടെ ഗോൾഡൻ ജൂബിലിയും 10 സിസ്റേറഴ്സിന്റെ സിൽവർ ജൂബിലിയും, കുരിയച്ചിറ സെന്റ് പോൾസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമംഗളം നടന്നു. സാവിയോഹോം മനക്കൊടി, സെന്റ് ആൻറണീസ് പാലുവായ്, സെന്റ് ജോൺ ബാപ്റ്റിസ്റ്റ് പറപ്പൂർ, സെന്റ് പോൾസ് കുരിയച്ചിറ എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ കാനോനിക സന്ദർശനം നടത്തി.

സി.എം.സി. യുടെ 158–ാം സ്ഥാപനദിനമായ ഫെബ്രുവരി 13 ന് എല്ലാ ഭവനങ്ങളിലും ഈ നിയോഗാർത്ഥം ദിവ്യബലി അർപ്പിക്കുകയും ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. സുപ്പീരിയർ ജനറൽ സി.ഗ്രെയ്സ് തെരേസ് 'CMC Day' ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. രോഗീദിനമായ ഫെബ്രു. 11 ന് ഒല്ലൂർ വിൻസന്റ് ഡി പോൾ

ഹോസ്പിറ്റലിൽ പുതിയ Casuality യുടെ വെഞ്ചരിപ്പ് വികാരി ജനറാൾ മോൺ. ജോസ് കോനിക്കര നിർവഹിച്ചു.

ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന സി.എം.സി. മാനേജ്മെന്റിന്റെ കീഴിലുള്ള അദ്ധ്യാപിക – അനദ്ധ്യാപകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 23 ന് ഹൃദ്യമായ യാത്രാമംഗളങ്ങൾ ആശംസിച്ചു. വിശ്വാസരൂപീകരണ കൗൺസിലർ സി. റാണി ജോർജിന്റെ നേതൃത്വത്തിൽ കല്യാൺ മിഷനിൽ ഹോംമിഷൻ നടത്തി. സി.കെ.സി.പാവറട്ടി, ലിറ്റിൽഫ്ളവർ സേവനാലയം, മരിയാഭവൻ തൊഴൂപാടം, സെന്റ് സേവ്യേഴ്സ് ചേറൂർ, ദിവ്യാഭവൻ ചേറൂർ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ കാനോനിക സന്ദർശനം നടത്തി.

**6. എം.എം.ബി.**

മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സമൂഹത്തിൽ നിന്ന് മരിച്ചുപോയ ബ്രദേഴ്സിന്റെ അനുസ്മരണം അവർ അന്ത്യവിശ്രമം കൊള്ളുന്ന മരിയാപുരത്തെ മിഷൻ ഹോമിൽ വച്ച് നടത്തുകയുണ്ടായി. അനുസ്മരണ ദിവ്യബലിക്ക് സീറോ മലബാർ കൂരിയ ബിഷപ്പ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. മരിച്ചുപോയ 33 ബ്രദേഴ്സിന്റെ ഹ്രസ്വ ജീവചരിത്രം സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ വെരി റവ. ബ്രദർ ജോസ് ചുങ്കത്ത് അവതരിപ്പിച്ചു. ബ്രദർ വിക്ടർ കളമ്പുകാട്ടിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തെക്കുറിച്ച് അസ്സീസി പ്രോവിൻസ് പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ പ്രകാശനം ബ്രദർ വിക്ടറിന്റെ സഹോദരൻ റവ. ബ്രദർ പോൾ കളമ്പുകാട്ട് CST യ്ക്ക് ആദ്യപ്രതി നൽകിക്കൊണ്ട് അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു.

# ആദരാഞ്ജലികൾ



16.1.2023 എഫ്.സി.സി മുണ്ടൂർ ഭവനാംഗമായ ബ്ര. സി.ബനഡിക്റ്റ് ജനുവരി 16–ാം തീയതി പുലർച്ചയ്ക്ക് 3 മണിക്ക് നിര്യാതയായി. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.



ഒളരി ഹോളി ഫാമിലി ഭവനാംഗമമായ സി.മേരി സെബാസ്റ്റ്യൻ ജനുവരി ആറിന് നിര്യാതയായി. ഏഴാംതിയ്യതി ഉച്ചകഴിഞ്ഞ് 3.30 ന് മോൺസിഞ്ഞോർ ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്ക്കാര കർമ്മം നടത്തി.



14.01.23 സി.എം.സി. പാവറട്ടി ക്രൈസ്റ്റ് കിങ് മഠാംഗമായ സി. നോർബർട്ട് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.



07.02.2023 സി.എം.സി. പുതുക്കാട് സെന്റ് ജോൺ ഓഫ് ദി ക്രോസ് മഠാംഗമായ സി. ജനുവാരിയ നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.



16.02.2023– എസ്.എൻ.ഡി.എസ്. നിർമ്മലദാസി സമർപ്പിത സമൂഹാംഗം സിസ്റ്റർ ലീല കാഞ്ഞിര തറപ്പേൽ നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ ബഹുമാനപ്പെട്ട ജോസ് കോനി ക്കര അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസം സ്ക്കാരം നടത്തി.



22.02.2023– എസ്.എൻ.ഡി.എസ്. നിർമ്മലദാസി സമർപ്പിത സമൂഹാംഗം സിസ്റ്റർ സിസിലി തരകൻ നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായമെ ത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസം സ്ക്കാരം നടത്തി.



1.03.2023– എസ്.എൻ.ഡി.എസ്. നിർമ്മലദാസി സമർപ്പിത സമൂഹാംഗം സിസ്റ്റർ ലൂസി പൊറ ത്തൂർ നിര്യാതയായി. പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരക്കൽ പിതാ വിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**1. കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2023 മാർച്ച് 04 ന് ശനിയാഴ്ച വൈകീട്ട് 2.00 മണിക്ക് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി.ഏകദേശം 400 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. ഫാ. വർഗീസ് കുത്തൂർ സ്വാഗതം ആശംസിച്ചു.വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ യോഗം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വിവിധ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി . ശ്രീ. ടി. കെ.അന്തോണികുട്ടി തെരട്ട് സംബന്ധമായ കാര്യങ്ങളെകുറിച്ച് സംസാരിച്ചു. പള്ളികളും സ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDS എന്നീ നിയമങ്ങളെക്കുറിച്ച് Chartered Accountant

ശ്രീ.ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. ഭൂമി, ഭൂനികുതി, കെട്ടിട നികുതി, One Time Tax എന്നിവയെകുറിച്ച് അഡ്വ. രജിത് ആറ്റത്തറ വിശദീകരിച്ചു. ഫാ.ലിൻസൻ തട്ടിൽ സദസ്സിന് നന്ദി പ്രകാശിപ്പിച്ചു.

**2. തെരട്ടും സമർപ്പണവും മറ്റു കാര്യങ്ങളും**

കോവിഡിനു മുൻമ്പ് ജൂലായ് ആരംഭം മുതലായിരുന്നു തെരട്ടു സമർപ്പണം. കോവിഡ് കാലത്ത് അത് ആഗസ്റ്റ് ആരംഭം മുതലാക്കിയിരുന്നു. ഈ വർഷം മുതൽ വീണ്ടും ജൂലായിലേയ്ക്ക് തെരട്ട് സമർപ്പണം മാറ്റുകയാണ്. ഏപ്രിൽ– മെയ് മാസങ്ങളിൽ തന്നെ ഓഡിറ്റിങ്ങിനു നല്കാനും ജൂൺ മാസത്തിൽ ആവശ്യമായ ഘടകങ്ങളിൽ അവതരിപ്പിച്ച് പാസാക്കി തെരട്ട് സമർപ്പിക്കുവാൻ ഒരുങ്ങണമെന്നും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞവർഷത്തെ തെരട്ട് സമർപ്പിച്ചതിൽ നിന്നും ചില കാര്യങ്ങൾ അടുത്ത വർഷത്തെ തെരട്ട് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ട്.

a) പള്ളിയുടെയും സംഘടനകളുടെയും ബാങ്ക് അക്കൗണ്ടുകൾ Scheduled Commercial Bank കളിലായിരിക്കുവാൻ നിർബന്ധമായും പറയണം. എല്ലാ ബാക്ക് അക്കൗണ്ടുകൾക്കും പള്ളിയുടെ പാൻ കാർഡ് നല്കുകയും പാൻ കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള അക്കൗണ്ടുകൾ സി. എ. ഓഡിറ്റിംഗിന് വിധേയമാക്കി പള്ളി കണക്കിൽ ഉൾപ്പെടുത്തി Income Tax Returns സമർപ്പിക്കുകയും ചെയ്യണം

b) Income Tax Returns സമർപ്പിച്ചിട്ടുണ്ടോ എന്ന് ബഹു. വികാരിമാരും സ്ഥാപന ഡയറക്ടറച്ചന്മാരും പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. Income Tax Returns നല്കിയിട്ടില്ലെങ്കിൽ അത് 12 AB/10 AC Registration നഷ്ടപ്പെടുന്നതിന് ഇടവരുത്തും.

c) Building Tax and Land Tax എന്നിവ കൃത്യമായി കൊടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. Land Tax കൊടുക്കുമ്പോൾ സർവ്വെ നമ്പർ/ വിസ്തീർണ്ണം സുചിപ്പിച്ചിട്ടുള്ളത് കൃത്യമാണോ എന്ന് പരിശോധിക്കണം. പല ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ പലവിധ തിരിമറികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വെ നമ്പർ/ വിസ്തീർണ്ണം മാറി ടാക്സ് അടച്ചു മുന്നോട്ടു പോയാൽ നമ്മുടെ ഭൂമി തന്നെ പിന്നീട് മതിയായ രേഖകൾ ഇല്ലാതെ നഷ്ടപ്പെട്ടു പോകാൻ ഇടവരും.

d) ഇടവകകളിലും സ്ഥാപനങ്ങളിലും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിനുമുമ്പ് അതിരൂപത നിയമാവലി നിശ്ചയിച്ചിരിക്കുന്ന സംഖ്യക്ക് മുകളിലാണെങ്കിൽ അതിരൂപത കാര്യാലയത്തിന്റെ അനുവാദം ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ

ആരംഭിക്കാൻ പാടുള്ളൂ. അതുപോലെ നിർമ്മാണപ്രവർത്തനങ്ങളുടെ കണക്കുകളെപ്പറ്റി പല സ്ഥലങ്ങളിലും പരാതികളുണ്ട്. കണക്കുകൾ സുതാര്യതയുള്ളതാകാൻ നിർമ്മാണപ്രവർത്തനങ്ങളുടെ കണക്കുകൾ അതത് സാമ്പത്തിക വർഷം പള്ളി കണക്കിൽ ഉൾപ്പെടുത്തി തെരട്ടിനോട് ചേർത്ത് സമർപ്പിച്ചാൽ കണക്കുകളെപ്പറ്റിയുള്ള പരാതികൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

e) ഇടവകക്ക്/സ്ഥാപനത്തിന് കടബാധ്യതയുണ്ടെങ്കിൽ അത് ഓരോ വർഷവും തെരട്ട് സമർപ്പിക്കുമ്പോൾ കൃത്യമായി അതിരൂപത ഫൈനാൻസ് ഓഫീസിലും അതിരൂപത കാര്യാലയത്തിലും അറിയിക്കേണ്ടതാണ്. കടബാധ്യതയുണ്ടെങ്കിൽ തെരട്ട് ഫോമിലുള്ള കടധന പത്രികയിൽ കൃത്യമായി എഴുതുകയും വേണം.

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൻ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുട്ടികളെ,

പരീക്ഷകളെല്ലാം കഴിഞ്ഞ് നിങ്ങളെല്ലാവരും വേനൽ അവധിക്കാലത്തിലേക്ക് പ്രവേശിച്ചുവെന്ന് വിശ്വസിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും അവധിക്കാലം ആശംസിക്കുന്നു. അവധിക്കാലത്ത് കളിക്കാനും, വിശ്രമിക്കാനും, വിരുന്നുപോകാനും, സ്ഥലങ്ങൾ സന്ദർശിക്കാനും മറ്റുമുള്ള പദ്ധതികൾ നിങ്ങൾ തയ്യാറാക്കിയിട്ടുണ്ടാകും. നിങ്ങളുടെ പദ്ധതികൾ ഫലമണിയട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ഇന്നത്തെ കുട്ടികളെക്കുറിച്ച് പറയുന്നത് നിങ്ങൾ വളരെ അറിവുള്ളവരും മിടുക്കരുമാണ് എന്നാണ്. പഴയ കാലത്തെ കുട്ടികളെപ്പോലെയല്ല, ആരോടും നന്നായി സംസാരിക്കാനും സഹായിക്കാനും നിങ്ങൾ സമർത്ഥരാണ് എന്നാണ് വിലയിരുത്തുന്നത്. നിങ്ങളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ അവധിക്കാലത്ത് നിങ്ങളുടെ മാതാപിതാക്കളെ അവരുടെ ജോലികളിൽ സഹായിക്കാനും വീട്ടിലെ പണികൾ മടികൂടാതെ ചെയ്യുവാനും സമൂഹത്തിന് നന്മ ചെയ്യുവാനും നിങ്ങൾ മുന്നിട്ട് നിൽക്കണം. അതോടൊപ്പം സമയം അമൂല്യമാണെന്നും, അത് പാഴാക്കരുത് എന്നും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്കും കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ നിങ്ങളുടെ അവധിക്കാലം ചിലവിടാൻ നിങ്ങൾക്ക് സാധിക്കട്ടെ.

അവധിക്കാലം ഈശോയോട് കൂടുതൽ അടുക്കുവാനുള്ള സമയമാണ്. നിങ്ങളിൽ കുറെപേർ ആദ്യകുർബാന സ്വീകരണത്തിനായി ഒരുങ്ങുന്നുണ്ടാകും. ഈശോയെ ആദ്യമായി ഉള്ളിൽ സ്വീകരിക്കാൻ ഒരുങ്ങുന്ന എല്ലാ കൂട്ടുകാർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. ഈശോ ഹൃദയത്തിൽ കടന്നു വരുമ്പോൾ നല്ല ഒരുക്കത്തോടെ വേണം സ്വീകരിക്കാൻ. അങ്ങനെ ഈശോ നിങ്ങളുടെ സ്വന്തവും, നിങ്ങൾ ഈശോയുടെ സ്വന്തവുമായി തീരട്ടെ. ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ മധ്യസ്ഥരെ നിങ്ങൾക്ക് പരിചയപ്പെടുത്താനും ഞാൻ

ആഗ്രഹിക്കുന്നു. വിശുദ്ധ തർസിസിയൂസ്, വാഴ്ത്തപ്പെട്ട ഇമെൽഡ ലംബെർത്തിനി എന്നിവരാണ് അവർ. വിശുദ്ധ കുർബാനയിലെ ഈശോയെ അതിയായി സ്നേഹിക്കുകയും ഈശോയ്ക്ക് വേണ്ടി ജീവൻ ത്യജിക്കാൻ പോലും തയ്യാറായിരുന്ന ഇവരുടെ ജീവിതം നിങ്ങൾ വായിച്ചറിയേണ്ടതാണ്.

കുട്ടികളെല്ലാവരും ഈശോയെ കൂടുതൽ സ്നേഹിക്കാൻ പരിശ്രമിക്കേണ്ട സമയമാണ് അവധിക്കാലം. ഈശോയെ അടുത്ത് അനുകരിക്കാൻ വിശുദ്ധരുടെ ജീവചരിത്രം വായിക്കുന്നത് നമ്മെ ഒത്തിരി സഹായിക്കും. കുട്ടികളുടെ മധ്യസ്ഥനായ വിശുദ്ധ ഡോമിനിക് സാവിയോയുടെ ജീവിതം നിങ്ങൾക്ക് മാതൃകയാണ്. അതുപോലെ, അവധിക്കാല ക്യാമ്പുകൾ ഇടവകകളിൽ സംഘടിപ്പിക്കുന്ന സമയമാണിത്. മതബോധന വിദ്യാർത്ഥികളായ എല്ലാവരും അവധിക്കാല ക്യാമ്പുകളിൽ പങ്കെടുത്ത് ആഘോഷിക്കണം. കൂട്ടുകാരൊത്ത് കളിക്കാനും, പഠിക്കാനും, പ്രാർത്ഥിക്കാനും, പരസ്പരം പരിചയപ്പെടാനും ഈ ക്യാമ്പുകൾ നിങ്ങളെ സഹായിക്കും. അങ്ങനെ ഈശോയ്ക്ക് ഇഷ്ടപ്പെട്ട കുഞ്ഞുങ്ങളായി നമുക്ക് വളരാം.

നമ്മുടെ അതിരൂപതയിൽ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതും വേനലവധി കാലത്താണ്. പത്താം ക്ലാസ്, പ്ലസ് ടു കഴിഞ്ഞവർ നിർബന്ധമായും ദൈവവിളി ക്യാമ്പുകളിൽ സംബന്ധിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. ഈ ലോകത്തിന്റെ തിരക്കുകളിൽനിന്നും മാറി, എന്താണ് ഓരോ കുട്ടിയെയും കുറിച്ചുള്ള ദൈവവിളിയെന്ന് തിരിച്ചറിയാൻ ഇത്തരം ക്യാമ്പുകൾ നിങ്ങളെ സഹായിക്കും. ഈശോയുടെ രക്ഷാകര ദൗത്യം ഇന്നും തുടരാൻ അവിടുന്ന് നിങ്ങളിൽ ചിലരെ പ്രത്യേകമായി വിളിക്കുന്നുണ്ട്. ആ വിളി കേട്ട് കൃത്യമായി പ്രത്യുത്തരിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ. ധാരാളം നല്ല ദൈവവിളികൾ ഉണ്ടാകാൻ നമുക്ക് ദൈവത്തോട് ശക്തമായി പ്രാർത്ഥിക്കാം. മേൽപ്പറഞ്ഞ രണ്ടു ക്യാമ്പുകളെകുറിച്ചുള്ള നിങ്ങളുടെ അനുഭവങ്ങൾ നിങ്ങളുടെ മതബോധന അധ്യാപകരെയോ, വികാരിയച്ചനെയോ, എന്നെയോ എഴുതി അറിയിക്കുന്നത് നല്ലതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

കഴിഞ്ഞ അധ്യയനവർഷം വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി. എല്ലാവർക്കും ദൈവാനുഭവം നിറഞ്ഞ വിശുദ്ധവാരം പ്രാർത്ഥനാപൂർവ്വം നേരുന്നു.

**ഡയറക്ടർ സന്ദർശിച്ച ഇടവകകൾ**

അരണാട്ടുകര, ചൊവ്വൂർ

**1. Std. XII, ACC വാർഷിക പരീക്ഷാഫലം**

Std. XII & ACC പരീക്ഷാഫലം ഏപ്രിൽ 15 ന് അതിരൂപതാ വിശ്വാസ പരിശീലന സോഫ്റ്റ് വെയറിലും Blog-ലും പ്രസിദ്ധീകരിക്കുന്നതാണ്. Blog Address: http://catechismtrichur.blogspot.in

**2. Scholarship Examiation - April**

ഈ വർഷം സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുന്നതാണ്. 4 മുതൽ 11 വരെ ക്ലാസ്സുകാർക്കാണ് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കുക. സ്കോളർഷിപ്പിനുള്ള കുട്ടികളെ സോഫ്റ്റ്വെയറിൽ നിന്നും സെലക്ട് ചെയ്യുന്നതായിരിക്കും. സ്കോളർഷിപ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**3. Std. XII & ACC ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം**

പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 22 ആണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**4. ACC, XII Re-Examination, Improvement Examination**

1. Std. XII - 2023 April 29, Saturday : Time: 10 AM - 12 Noon
2. ACC - 2023 April 29, Saturday: Time: 02 PM - 5PM

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. Std. XII വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ

ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 22 ആണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**5. പാഠപുസ്തകങ്ങൾ**

ഞായർ വിശ്വാസപരിശീലനം 1–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് 2023-24 അധ്യയനവർഷത്തിൽ മാറ്റമില്ല. ACC രണ്ടാമത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. പുസ്തകങ്ങൾക്കായുള്ള ഇൻഡന്റ് മെയ് മാസം മുതൽ സ്വീകരിച്ചു തുടങ്ങും.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**

(affiliated to Katholicke Universiteit, Leuven, Belgium)

- സെക്കന്റ് സെമസ്റ്ററിലെ Theology of Sacraments (Rev. Fr. Rejoy Thaivalappil), Theology of Liturgy of the Hours and Liturgical Year (Rev. Fr. John Moolan) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

(affiliated to Chair for Christian Studies and Research, Calicut University)

- മാർച്ച് 05, 19 തിയ്യതികളിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ (Rev. Fr. Paul Pulikkan), പത്ത് കല്പനകൾ (Rev. Fr. Alex Marrottical) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Course on Theology of Family (One and Half Years)**

(affiliated to Chair for Christian Studies and Research, Calicut University)

- Evangelium Vitae (Dr. Reju Varghese) എന്ന വിഷയത്തിന്റെ ക്ലാസ്സ് മാർച്ച് 19 ന് നടന്നു.

**4. Advanced Certificate Course in Theology (Six Months)**

(affiliated to Chair for Christian Studies and Research, Calicut University)

സന്ന്യാസിനികൾക്കായി 6 Months Regular Theology Course ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. സന്യസ്തർക്കു മാത്രം.

**5. Online Certificate Course in Theology (Two Years)**

(affiliated to Chair for Christian Studies and Research, Calicut University)

- രണ്ടാം വത്തിക്കാൻ കൗൺസിൽ (Rev. Fr. Paul Pulikkan) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Basic Bible Course (BBC)**

- മാർച്ച് മാസം ക്ലാസ്സ് നയിച്ചവർ Rev. Fr. Linson Thattil, Rev. Fr. Denny Chirayath

ആശംസകളോടെ,

**ഫാ. ലിജോ ചാലിശേരി**
**ഡീൻ & റെജിസ്ട്രാർ**

**ഫാ. ഫ്രാൻസിസ് ആളൂർ**
**ഡയറക്ടർ**

**എക്സൽ അക്കാദമി**

**കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (CUET) (UG) 2023**

ഇന്ത്യയിലെ പ്രമുഖ 163 യൂണിവേഴ്സിറ്റികളിൽ മൂന്നു വർഷ ബിരുദവും, ഇന്റഗ്രേറ്റഡ് ബിരുദവും പഠിക്കാനുള്ള പൊതു പ്രവേശന പരീക്ഷയാണ് കോമൺയുണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ്. എക്സൽ അക്കാദമിയിൽ ഈ എൻട്രൻസ് ടെസ്റ്റിനുവേണ്ടി യുള്ള കോചിങ്ങ് 2023 ഏപ്രിൽ 10–ാം തിയതി ആരംഭിക്കുന്നു.

**Excel Career Guidence Programe**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ഇടവകകളിൽ എക്സൽ കരിയർ ഗൈഡൻസ് പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു. മോട്ടിവേഷൻ ക്ലാസ്സുകളിൽ പ്രഗത്ഭരായ അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

**IELTS Coaching**

എക്സൽ അക്കാദമി DBCLC കാമ്പസ്സിൽ IELTS കോച്ചിങ്ങ് ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

**Kerala Law Entrance Exam (KLEE - 2023)**

കേരള ലോ എൻട്രൻസ് പരീക്ഷക്കുള്ള കോച്ചിങ്ങ് എക്സൽ അക്കാദമിയിൽ ആരംഭിക്കുന്നു.

**K-TET Course (Kerala Teachers Eligibility Test- 2023)**

എക്സൽ അക്കാദമിയുടെ K-TETകോഴ്സിന്റെ (കാറ്റഗറി 1, 2, 3, 4) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**ദിശ 2023**

എക്സൽ അക്കാദമി, ദീപിക ദിനപത്രം, അതിരൂപത KCYM, CLC എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ 24, 25 തിയതികളിൽ, രാവിലെ 10 മണി മുതൽ, തൃശ്ശൂർ ആർച്ച് ബിഷപ്സ് ഹൗസ് ഡിബിസിഎൽസി ഓഡിറ്റോറിയം, സെന്റ് ക്ലയേഴ്സ് സ്കൂൾ എന്നിവിടങ്ങളിൽ വെച്ച് ദിശ 2023, മെഗാ പ്രോഗ്രാം സംഘടിപ്പിക്കുന്നു. എസ് എസ് എൽ സി, പ്ലസ് വൺ, പ്ലസ് ടു, ബിരുദ വിദ്യാർത്ഥികൾ, യുവജനങ്ങൾ, മാതാപിതാക്കൾ എന്നിവർക്ക് രജിസ്റ്റർ ചെയ്ത് പ്രോഗ്രാമുകളിൽ പങ്കെടുക്കാം.

എഡ്യൂക്കേഷണൽ എക്സിബിഷൻ, പ്ലേസ്മെന്റ്, എന്റർപ്രണർഷിപ്പ്, ഡ്രൈവ് എന്നിവയും, മോട്ടിവേഷൻ ക്ലാസ്സുകൾ, വിദ്യാഭ്യാസരംഗം, ജോലി സാദ്ധ്യത മേഖലകൾ എന്നീ വിഭാഗങ്ങളിലെ വിദഗ്ദർ ക്ലാസ്സുകൾ നയിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്** – 9744941585

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**പരീക്ഷകൾ**

2022–2023 അധ്യയന വർഷത്തിലെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് 4 മുതൽ 13 വരെയുള്ള ദിവസങ്ങളിലായിരുന്നു. ഈ അധ്യയന വർഷം തത്വശാസ്ത്രപഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ Comprehensive Written & Oral Examinations യഥാക്രമം ഫെബ്രുവരി 24, മാർച്ച് 10 എന്നി തിയ്യതികളിലും മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ Confession Faculty Examination മാർച്ച് 1–ാം തിയ്യതിയും നടന്നു.

**ധ്യാനം**

അധ്യയന വർഷ സമാപനത്തോടനുബന്ധിച്ചുള്ള ധ്യാനം 2023 മാർച്ച് 13, 14, 15 എന്നി തിയ്യതികളിലായി നടന്നു. ദൈവശാസ്ത്ര വിദ്യാർ

ത്ഥികൾക്ക് OFM. Cap സഭാംഗമായ റവ. ഫാ. ക്രിസ്റ്റി വട്ടക്കുഴിയും തത്വശാസ്ത്ര വിദ്യാർത്ഥികൾക്ക് MCBS സഭാംഗമായ റവ. ഫാ. ജോഷി കണ്ണമ്പുഴയും ധ്യാനചിന്തകൾ പങ്കുവച്ചു.

**അവധിക്കാലം**

സെമിനാരി പരിശീലനത്തിന്റെ ഒരു അധ്യയനവർഷംകൂടി പിന്നിട്ട് സ്വന്തം രൂപതകളിലേക്കും സന്യാസഭവനങ്ങളിലേക്കും മാർച്ച് 15–ാം തിയ്യതി ബ്രദേഴ്സ് യാത്രതിരിച്ചു. തങ്ങളുടെ കുടുംബാംഗങ്ങളുടെയും ഇടവകക്കാരുടെയും കൂടെയായിരുന്ന് പ്രായോഗിക അനുഭവങ്ങളും ബോധ്യങ്ങളും സ്വന്തമാക്കി മെയ് 30–ാം തിയ്യതി വീണ്ടും അവർ സെമിനാരിയിൽ തിരിച്ചെത്തും.

**ഡീക്കൺ മിനിസ്ട്രി**

പരിശീലനത്തിന്റെ ഭാഗമായി നാലാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ തൃശൂർ അതിരൂപതയിലെ 17 ഇടവകകളിൽ ഡീക്കൺ മിനിസ്ട്രിക്കായി ഒരുങ്ങുന്നു. 2023 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെയാണ് ഡീക്കൺ മിനിസ്ട്രിക്കായുള്ള കാലഘട്ടം.

**ക്രൂശിതനോടൊപ്പം**

സെമിനാരിയുടെ രജതജൂബിലിയുടെ ഭാഗമായി *ക്രൂശിതനോടൊപ്പം* എന്ന പ്രത്യേക വിചിന്തന വിഷയമാണ് മാർച്ച് മാസത്തേയ്ക്കായി സ്വീകരിച്ചിട്ടുള്ളത്. മുളയം ഇടവക വികാരി റവ. ഫാ. ഫ്ളെർജിൻ തയ്യാലക്കൽ മാർച്ച് 2–ാം തിയ്യതി വിശുദ്ധ ബലിയർപ്പിച്ച് മാസാചരണത്തിന് പ്രാരംഭം കുറിച്ചു. ക്രൂശിതന്റെ മനസ്സിനിണങ്ങുന്ന പുരോഹിതരായി രൂപാന്തരപ്പെടാനുള്ള കൃപയ്ക്കായി സെമിനാരികുടുംബം ഈ ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിച്ചുക്കൊണ്ടിരിക്കുന്നു.

**യാത്രയയപ്പ്**

മേരിമാതാ മേജർ സെമിനാരിയിലെ 2 വർഷത്തെ സ്തുത്യർഹമായ സേവനങ്ങൾക്കുശേഷം തന്റെ മാതൃരൂപതയായ മാണ്ഡ്യയിലേക്ക് തിരിച്ചുപോകുന്ന ബഹു. റോണി പുത്തൻവീട്ടിലച്ചന് 2023 മാർച്ച് 5–ാം തിയ്യതി സെമിനാരി കുടുംബം യാത്രമംഗളങ്ങൾ നേർന്നു. ബഹു. റോണിയച്ചനോടൊപ്പം എല്ലാവരും കൃതജ്ഞതാ ദിവ്യബലിയർപ്പിച്ചു. ബഹു. മാത്യൂ പെരുമ്പള്ളിയച്ചനും ബ്രദർ ജാക്സ് നരികുളവും അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ അനുസ്മരിച്ച് ആശംസകളർപ്പിച്ച് സംസാരിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. ശ്രീ. ജോർജ് ചിറമ്മൽ & റോസ് എൻ. യു., ചിറമ്മൽ ഹൗസ്,

കുരിയച്ചിറ, തൃശൂർ.

**Benefactor Membership**

1. ശ്രീമതി പി. പി. ത്രേസ്യാമ്മ, പെല്ലിശ്ശേരി ഹൗസ്, അമ്മാടം, തൃശൂർ.
2. ശ്രീമതി ജോസ്ഫീന മാത്യൂ & ഫാമിലി, പെല്ലിശ്ശേരി ഹൗസ്, അമ്മാടം, തൃശൂർ.
3. ശ്രീ. വർഗീസ് പി. ഒ., പെല്ലിശ്ശേരി ഹൗസ്, അമ്മാടം, തൃശൂർ.

**Wellwisher Membership**

1. ശ്രീ. ആന്റണി പി. ഒ., പ്ലാക്കൽ ഹൗസ്, അമ്മാടം, തൃശൂർ.
2. ശ്രീ. ജി. കെ. എ., C/o റവ. ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ, അന്തിക്കാട്, തൃശൂർ.
3. ശ്രീ. ലിന്റോ റാഫേൽ & ആഷ, തട്ടിൽ ഉമ്പാവൂ ഹൗസ്, അവിണിശ്ശേരി, തൃശൂർ.
4. ശ്രീമതി ത്രേസ്യാ ആന്റണി, കൊള്ളന്നൂർ ഹൗസ്, അടാട്ട്, തൃശൂർ.

താത്പര്യത്തോടെ നൽകുന്ന ദാനം സ്വീകരിക്കുന്ന ദൈവം (2കോറി. 8:12) ഞങ്ങളുടെ എല്ലാ ഉപകാരികളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**സൗഹൃദ സന്ദർശനങ്ങൾ**

ജനുവരി 22, ഫെബ്രുവരി 10 തിയ്യതികളിൽ യഥാക്രമം പാലക്കാട്, ഇരിങ്ങാലക്കുട മൈനർ സെമിനാരി ഭവനങ്ങൾ സന്ദർശിച്ച് സൗഹൃദം പുതുക്കി. സന്ദർശനത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിൽ പാലക്കാട് മൈനർ സെമിനാരിയുമായുള്ള ബാസ്കറ്റ്ബോൾ മത്സരത്തിൽ പാലക്കാട് സെമിനാരിയും, ഇരിങ്ങാലക്കുട സെന്റ് പോൾസ് സെമിനാരിയുമായുള്ള വോളിബോൾ മത്സരത്തിൽ തൃശൂർ മൈനർ സെമിനാരിയും വിജയം വരിച്ചു.

**റിപ്പബ്ലിക് ദിനാചരണം**

മാതൃരാജ്യത്തിന്റെ റിപ്പബ്ലിക് ആചരണത്തിൽ സെമിനാരി

കുടുംബം പങ്കുകൊണ്ടു. അന്നേ ദിവസം ഫാ. ജോഫി ചിറയത്ത് ദിവ്യ ബലി അർപ്പിക്കുകയും ദേശീയപതാക ഉയർത്തി സന്ദേശം നൽകുകയും ചെയ്തു.

**മാസധ്യാനം**

ഫെബ്രുവരി 17–ാം തിയ്യതി നടന്ന വലിയ നോമ്പിന് ഒരുക്കമായുള്ള മാസ ധ്യാനത്തിൽ ആത്മീയ പിതാവ് ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് ധ്യാനചിന്തകൾ പങ്കുവെച്ചു.

**മോഡൽ പരീക്ഷകൾ**

പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്ന രണ്ടും മൂന്നും വർഷത്തെ വൈദിക വിദ്യാർത്ഥികൾക്കായുള്ള മോഡൽ പരീക്ഷകൾ ഫെബ്രുവരി 13 മുതൽ 24 വരെയള്ള ദിവസങ്ങളിൽ നടത്തി.

**യാത്രയയപ്പുകൾ**

സെമിനാരിയിൽ അഞ്ചുവർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ഏങ്ങണ്ടിയൂർ ഇടവക വികാരിയായി സ്ഥലംമാറിപ്പോകുന്ന ആത്മീയ പിതാവും പ്രൊക്കുറേറ്ററുമായ ഫാ. വർഗ്ഗീസ് എടക്കളത്തൂരിന് സെമിനാരി സമൂഹം അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ സാന്നിധ്യത്തിൽ സ്നേഹപൂർവ്വമായ യാത്രാമംഗളങ്ങളും പ്രാർത്ഥനകളും നൽകി.

**വരവേൽപ്പ്**

പുതുതായി സെമിനാരിയിൽ സേവനം ചെയ്യാൻ കടന്നുവന്നിരിക്കുന്ന സ്പിരിചൽ ഫാ. പ്രിൻസ് ചിരിയങ്കണ്ടത്തിനും, പ്രൊക്യുറേറ്ററായി നിയമിതമായിരിക്കുന്ന ഫാ. ജിജോ കപ്പിലാംനിരപ്പേൽ അച്ചനും സെമിനാരി സമൂഹം ഊഷ്മളമായി സ്വാഗതംചെയ്തു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ഫാ. റോയ് വേളക്കൊമ്പിൽ അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ ഓർമ്മയ്ക്കായി തൊറവ് സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ സ്നേഹസമർപ്പണം
2. ശ്രീ. കെ.ജെ. വർഗ്ഗീസ് & ശ്രീമതി മേരി വർഗ്ഗീസ്, കൊള്ളന്നൂർ ഹൗസ്, പാവറട്ടി
3. ശ്രീ. സി.എ. ലാസർ, ചുങ്കത്ത് ഹൗസ്, പാവറട്ടി
4. ശ്രീ മാത്യു ജോൺ & ഫാമിലി, ചിറ്റിലപ്പിള്ളി ഹൗസ്, വടക്കാഞ്ചേരി
5. ശ്രീ. ജോസ് എ.കെ. & ശ്രീമതി ജിജി ജോസ്, എടക്കളത്തൂർ ഹൗസ്, വടക്കാഞ്ചേരി
6. ശ്രീ. മനോജ് ജോസ്, എടക്കളത്തൂർ ഹൗസ്, വടക്കാഞ്ചേരി

7. വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോന പള്ളിയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികൾ.
8. വെ. റവ. ഫാ. ആന്റണി ചെമ്പകശ്ശേരി, തൃശൂർ അതിരൂപത
9. ശ്രീ. ആന്റണി പി.വി., പനക്കൽ ഹൗസ്, പേരാമംഗലം
10. ശ്രീ. നവീൻ പി.എം., പുലിക്കോട്ടിൽ ഹൗസ്, കണ്ടാണശ്ശേരി
11. ശ്രീ. സ്റ്റേഫൻ സേവി, നെയ്യൻ ഹൗസ്, വെള്ളറക്കാട്
12. ശ്രീ. ഫ്രെഡറിക് സേവി, നെയ്യൻ ഹൗസ്, വെള്ളറക്കാട്

വൈദിക പരിശീലനത്തിനായി പ്രാർത്ഥിച്ചും സാമ്പത്തിക സഹായം നൽകിയും അതിരൂപതയോട് സഹകരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള ഉപകാരികൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. നിത്യ പുരോഹിതനായ ഈശോ എല്ലാ ഉപകാരികളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലി ആയുർവേദ മെഡിക്കൽ ക്യാംപ്**

ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിലെ ഹൃദയാലയ ബ്ലോക്കിൽ വച്ച് നീരിറക്ക രോഗങ്ങൾ, ശിരോരോഗങ്ങൾ, അസ്ഥിസന്ധി രോഗങ്ങൾ, ത്വക്‌രോഗങ്ങൾ, സ്ത്രീരോഗങ്ങൾക്കുമായി സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി. ജൂബിലി മിഷൻ ആശുപത്രി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, എച്ച്. ആർ. ജി. എം. ശ്രീ. ജോഷി പോൾ എന്നിവർ സന്നിഹിതരായ ചടങ്ങിൽ ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഭദ്രദീപം തെളിയിച്ച് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജൂബിലി ആയുർവേദ ആശുപത്രി കൺസൾട്ടന്റുമാരായ ഡോ. ഹാർവിൻ ജോർജ്, ഡോ. സി. നിർല്ലീന, ഡോ. ഗീതു റാഫി, ഡോ. അഞ്ജലി എന്നിവർ രോഗികളെ പരിശോധിച്ചു.

**ജൂബിലി മിഷൻ നഴ്സിങ്ങ് വിദ്യാർത്ഥികൾ 'Lamp lighting' ചടങ്ങ് നടത്തി**

ജൂബിലി മിഷൻ കോളേജിലേയും സ്കൂളിലേയും നവാഗത നഴ്സിങ്ങ് വിദ്യാർത്ഥികളുടെ (20 & 58 ബാച്ച്) വിളക്ക് തെളിയിക്കൽ ചടങ്ങ് ബിഷപ്പ് ആലപ്പാട്ട് ഓഡിറ്റോറിയത്തിൽ സംയുക്തമായി നടന്നു. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നടത്തി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷപ്രസംഗം നടത്തി. കോളേജ് ഓഫ് നഴ്സിങ്ങ് പ്രിൻസിപ്പൽ ഡോ. ഏയ്ജല സ്വാഗതം പറഞ്ഞു. 2021ലെ പ്രസിഡന്റിന്റെ നാഷണൽ ഫ്ളോറൻസ് നൈറ്റി ഗേൽ അവാർഡ് ജേതാവ്, നഴ്സിങ്ങ് എക്സലൻസ് അവാർഡ് ജേതാവ് ശ്രീമതി ലിൻസി പി. ജെ മുഖ്യപ്രഭാഷണം നടത്തി. കോളേജ് ഓഫ് നഴ്സിങ്ങ് വൈസ് പ്രിൻസിപ്പൽ ഡോ. സി. ഫിലോരശ്മിയും, സ്കൂൾ ഓഫ് നഴ്സിങ്ങ് പ്രിൻസിപ്പൽ സി. സുമി പോളും വിദ്യാർത്ഥികൾക്ക് ദീപങ്ങൾ തെളിയിച്ചു നൽകി. വൈസ് പ്രിൻസിപ്പൽ ഡോ. സി. ട്രീസ ആന്റോ നഴ്സുമാരുടെ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഗിൽവാസ് പി. സി, വൈസ് പ്രിൻസിപ്പൽ ഡോ. ആൻഡ്രൂസ് സി. വി എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ അർപ്പിച്ചു.

**ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിൽ റെഡ് റിബൺ ക്ലബ്**

AIDS എന്ന പകർച്ചവ്യാധിയെ യുവജനങ്ങളിൽ നിന്ന് നിവാരണം ചെയ്യുന്നതിന്റെ ഭാഗമായി ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിൽ റെഡ് റിബൺ ക്ലബ് ഫാ. ഷിജോ മാപ്രാണത്തുകാരൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഏയ്ജ്ഞല ആശംസ നടത്തുകയും ചെയ്തു. വൈസ് പ്രിൻസിപ്പൽമാരായ ഡോ. സി. ഫിലോരശ്മിയും, ഡോ. സി. ട്രീസ ആന്റോയും ബോധവത്ക്കരണ റിബൺ വിദ്യാർത്ഥി വളന്റിയർമാരെ അണിയിക്കുകയും ചെയ്തു. ശ്രീമതി ദീപ ഡേവിസ് ടി ബോധവത്ക്കരണ ക്ലാസ്സ് എടുത്തു.

**ദേശീയ ബെസ്റ്റ് പോസ്റ്റർ അവാർഡ് ഡോ. രമ്യക്ക്**

ജൂബിലി ഗവേഷണ കേന്ദ്രത്തിലെ ഡോ. രമ്യ ചന്ദ്രന് കൊച്ചിൻ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച പ്രൊഫ. ജി. എൻ. രാമചന്ദ്രൻ ജന്മശതാബ്ദി ദേശീയ സിമ്പോസിയത്തിൽ ബെസ്റ്റ് പോസ്റ്റർ അവാർഡ് ലഭിച്ചു. മറവിരോഗത്തിന് ചികിൽസാ ഉപയോഗത്തിനായി പുതിയ തൻമാത്രകൾ സ്ട്രക്ച്ചറൽ ബയോളജി സാങ്കേതികവിദ്യ വഴി വികസിപ്പിക്കുന്നതാണ് പഠനവിഷയം.

**ജേർണൽ ക്ലബ്**

ജെ. സി. എം. ആറിന്റെ ആഭിമുഖ്യത്തിൽ 57–ാമത് ജേർണൽ ക്ലബ് സംഘടിപ്പിച്ചു. ത്വക്ക് രോഗവിഭാഗം അസി. പ്രൊഫ. ഡോ. വർഗ്ഗീസ് ജയിംസ് ആയിരുന്നു പ്രഭാഷകൻ.

**അമേരിക്കൻ മെഡിക്കൽ വിദ്യാർത്ഥികൾ ജൂബിലിയിൽ**

പ്രാദേശിക രോഗങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി അമേരിക്കയിലെ വിർജീനിയ യൂണിവേഴ്സിറ്റിയിലെ മെഡിക്കൽ വിദ്യാർത്ഥികൾ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തി. ഒരു മാസം നീണ്ടുനിൽക്കുന്ന പരിശീലനത്തിൽ അമേരിക്കയിൽ കാണപ്പെടാത്ത ഡെങ്കിപ്പനി, മലേരിയ എന്നീ രോഗങ്ങളെക്കുറിച്ചും തീപൊള്ളൽ, വിഷ ചികിത്സ എന്നിവയെക്കുറിച്ചും പഠനം നടത്തും.

**അഭിനന്ദനങ്ങൾ**

- ക്രിസ്റ്റ്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി ദേശീയതല പരീക്ഷയിൽ പ്രത്യുഷ ടി.പി. ഒന്നാം റാങ്കും, ഡെൽന ഡേവിസ് രണ്ടാം റാങ്കും കരസ്ഥമാക്കി.
- ആലപ്പുഴയിൽ വച്ച് നടന്ന ഓൾ കേരള ഓർത്തോപിഡിക് അസോസിയേഷൻ (KOACON) ന്റെ 42–ാമത് വാർഷിക കോൺഫറൻസിൽ 2023–24 വർഷത്തിലേക്കുള്ള കേരള ഓർത്തോപിഡിക് അസോസിയേഷന്റെ ഐ.ടി. സെക്രട്ടറിയായി ഓർത്തോപിഡിക് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. കുരിയൻ ആലപ്പാട്ടിനെ തെരഞ്ഞെടുത്തു.
- അമൃതസറിൽ വച്ച് നടന്ന നാഷണൽ കോൺഫറൻസ് ഓഫ് ഇന്ത്യൻ റേഡിയോളജിക്കൽ ആൻഡ് ഇമേജിങ്ങ് അസോസിയേഷനിൽ വച്ച് റേഡിയോളജിയിലെ Prof. & HoD ഡോ. എം. ആർ. ബാലചന്ദ്രൻ നായർ പ്രസിഡന്റ് അപ്രീസിയേഷൻ അവാർഡ് നേടി.
- അമിറ്റി യൂണിവേഴ്സിറ്റിയിൽനിന്നും എം. എസ്. സി. മെഡിക്കൽ ലാബ് ടെക്നോളജിയിൽ ലബോറട്ടറിയിലെ സി. ലിനസ് ക്രിസ്റ്റോ ഒന്നാം റാങ്കും ഗോൾഡ് മെഡലും കരസ്ഥമാക്കി.
- 45–ാംമത് ഓൾ കേരള കോൺഗ്രസ്സ് ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി 2023–24 വർഷത്തെ കെ.എഫ്.ഒ.ജി. യുടെ പ്രസിഡന്റായി ജൂബിലിയിലെ ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. അശ്വത്കുമാറിനെ തെരെഞ്ഞെടുത്തു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- സെന്റ് തോമസ് കോളേജ്, തൃശ്ശൂർ

• സെന്റ് തോമസ് ചർച്ച്, വല്ലച്ചിറ, തൃശ്ശൂർ
• അസ്സീസി പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ
• സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെല്ലിക്കുന്ന്, തൃശ്ശൂർ
• KCYM ലൂർദ്ദ് ഫൊറോന യൂണിറ്റ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

• നൈന എ.ജെ, ചിറയത്ത് ഹൗസ്, കോനിക്കര, തൃശ്ശൂർ
• ഇനാശു സി. ജെ, ചെറുവത്തൂർ ഹൗസ്, ഇരവിമംഗലം, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. MoU sign with UNIQUE WORLD ROBOTICS**

ദുബായ് കേന്ദ്രമായി പ്രവർത്തിക്കുന്ന യൂണിക് വേൾഡ് റോബോട്ടിക്സുമായി ചേർന്ന് ജ്യോതി എൻജിനീയറിങ് കോളജ് റോബട് നിർമാണ പരിശീലനത്തിനു ധാരണാപത്രം ഒപ്പുവച്ചു. മാർച്ച് പകുതിയോടെ കേന്ദ്രം സജ്ജമാകും. കോളജിൽ നിലവിലുള്ള ടാറ്റാ ടെക്നോളജിയു ടെയും ഫാബ് ലാബിന്റെയും സൗകര്യങ്ങൾ ഇതിനായി പ്രയോജന പ്പെടുത്തും. സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഇന്റേൺഷിപ്, റിസർച് പ്രോജക്ടുകൾക്കുള്ള സഹായങ്ങൾ എന്നിവ സെന്റർ വഴി ലഭ്യമാക്കും.

**2. ജ്യോതിയിൽ വിമാന മാതൃക ഫ്ളാഗ് ഓഫ് ചെയ്തു**

ജ്യോതി എൻജിനീയറിംഗ് കോളജിന് ജോസ് ആലുക്കാസ് ജ്വല്ലറി അനുവദിച്ച ര ര ലക്ഷം രൂപ വിനിയോഗിച്ച് മെക്കാനിക്കൽ, മെക്കട്രോണിക്സ് വിഭാഗങ്ങളിലെ വിദ്യാർഥികൾ രൂപകല്പന ചെയ്തു വികസിപ്പിച്ച പ്രോപ്പല്ലർ അടിസ്ഥാനമാക്കി പ്രവർത്തിപ്പിക്കാവുന്ന വി മാനത്തിന്റെ മാതൃക എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. തോമസ് കാ ക്കശേരി, പ്രിൻസിപ്പൽ ഡോ. ജോസ് തേറാട്ടിൽ എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.

**3. വനിതാ ദിനം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വനിതാ വികസന സെൽ IEEE (വിമിൻ ഇൻ എഞ്ചിനീയറിംഗ്) യുമായി സഹകരിച്ച് 2023 അന്താരാഷ്ട്ര വനിതാ ദിനം 2023 മാർച്ച് 8 ബുധനാഴ്ച് ആഘോഷിച്ചു. മുഖ്യ അതിഥി ഡോ മെറിൻ പോൾ, മെഡിക്കൽ ഡയറക്ടർ, ട്രിനിറ്റി ഐ ഹോസ്പിറ്റൽ, തൃശൂർ ഉദ്ഘാടനംചെയ്യുകയും Embrace Equity എന്ന വിഷയത്തിൽ സംസാരിക്കുകയും ചെയ്തു.

**4. MoU sign with UNIVERSITY OF CRACOW POLAND**

ജ്യോതി എഞ്ചിനീയറിംഗ് കോളേജും പോള ിലെ പ്രശസ്തമായ ക്രാക്കോ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയുമായി ധാരണാ പത്രം ഒപ്പുവച്ചു. 2023 മാർച്ച് 10ന് ഓൺലൈൻ മോഡ് വഴിയാണ് ഒപ്പു വച്ചത്.

**5. സ്വര ആർട്സ് ഫെസ്റ്റ്**

2023 മാർച്ച് 10 ന് വിദ്യാർത്ഥികളുടെ സാംസ്കാരിക ഫെസ്റ്റ് ആഘോഷിച്ചു. സിനിമാ ആർട്ടിസ്റ്റ് ഫെമിന ജോർജ് മുഖ്യാതിഥിയായിരുന്നു

6. ചടട പ്രവർത്തനങ്ങൾ

എൻഎസ്എസിന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടത്തി. കോളേജിലെ നിരവധി വിദ്യാർത്ഥികൾ രക്തം ദാനം ചെയ്തു. എൻ.എസ്.എസ്.ന്റെ നേതൃത്വത്തിൽ ഉപയോഗിച്ച വസ്ത്രങ്ങൾ ശേഖരിച്ച് അശരണർക്കുള്ള സ്ഥാപനങ്ങൾക്ക് നൽകും.

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പി.എച്ച്.ഡി ബിരുദം**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന മിസ്. സിജി. ടി.ബി, ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. പോൾസൺ മാത്യുവിന്റെ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി.

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന രമേഷ് ബാബു, ഡിപ്പാർട്ട്മെന്റ് മുൻ തലവൻ ഡോ. ജോബി തോമസ് കെ. യുടെ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി.

**2. സെമിനാർ**

ഗവേഷണ വിദ്യാർത്ഥികൾക്കും, ഗവാഷണ അദ്ധ്യാപകർക്കുമായി രണ്ടു ദിവസത്തെ ദേശീയ സെമിനാർ സംഘടിപ്പിച്ചു. കേരള യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. എ. ജയകൃഷ്ണൻ സെമിനാർ ഉത്ഘാടനം ചെയ്തു. തമിഴ്നാട് ഗാന്ധി ഗ്രാം റൂറൽ യൂണിവേഴ്സിറ്റി സ്പാപ് മുൻ ഡയറക്ടർ പ്രൊഫ. സി. സുദർശന കുമാർ, കാനഡ മക്ഗിൽ യൂണിവേഴ്സിറ്റി പ്രൊഫ. ടി.ജി. സജി, തൃശൂർ സെന്റ് അലോഷ്യസ് കോളേജ് പ്രിൻസിപ്പാൾ ഡോ. പി. ചാക്കൊ ജോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ, പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ എന്നിവർ ആശംസകൾ നേർന്നു.

* കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജി.എസ്.ടി വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. പ്രമുഖ ചാർട്ടേർഡ് അക്കൗണ്ടന്റ് ശ്രീ ജിതിൻ പി.ജി, വർക്ക്ഷോപ്പ് നയിച്ചു.
* മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'കാവ്യ വസന്തം എന്ന കാവ്യാനുസ്മരണ സെമിനാർ സംഘടിപ്പിച്ചു. പൂർവ്വ അദ്ധ്യാപകനും കവിയുമായ ശ്രീ സെബാസ്റ്റ്യൻ എടമരത്തിന്റെ 'പത്രോസും വേദവ്യാസനും എന്ന പുസ്തകത്തിന്റെ നൂറു വർഷങ്ങൾക്കു ശേഷമുള്ള അനുസ്മരണം സെബാസ്റ്റ്യൻ എടമരത്തിന്റെ പൗത്രൻ ഫാ. സെബാസ്റ്റ്യൻ പൈനാടത്ത് എസ്. ജെ. യാണ് നടത്തിയത്.
* ബോട്ടണി ഡിപ്പാർട്ട്മെന്റിന്റേയും, ഐ.ഐ.സിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ 'ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കോളേജ് ലൈബ്രേറിയൻ ശ്രീ സാൻജൊ ജോസ് സെമിനാർ നയിച്ചു.
* ബോട്ടണി ഡിപ്പാർട്ട്മെന്റിന്റേയും, കേരള ബയോഡൈവേഴ്സിറ്റി ബോർഡിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ കോളേജിലേയും ഹയർ സെക്കന്ററിയിലേയും വിദ്യാർത്ഥികൾക്കായി രണ്ടു ദിവസത്തെ 'ബയോബ്ലിസ്സ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഡിജിറ്റൽ ഫ്ളോറയും, ക്യു.ആർ കോഡും, ചെടികളും എന്നതായിരുന്നു വിഷയം.

**3. കോം ക്വിസ്സ്**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റേയും കെൽട്രോൺ നോളജ് സെന്ററിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ കോം ക്വിസ്സ് സംഘടിപ്പിച്ചു.

വിവിധ കോളേജുകളിൽ നിന്നായി 147 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട, സഹൃദയ കോളേജ് കൊടകര, വിമല കേളേജ് തൃശൂർ എന്നീ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ സമ്മാനാർഹരായി.

**4. സ്വാഗതം**

പുതിയ അനദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച ശ്രീ ജിസ് വർഗീസ് ടി. ക്ക് സ്നേഹാദരങ്ങളോടെ സ്വാഗതം.

**5. രക്തം ദാനം ചെയ്തു**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ, ഡിപ്പാർട്ട്മെന്റിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് രക്ത ബാങ്കിലേക്ക് രക്തം ദാനം ചെയ്തു. വിദ്യാർത്ഥികളും അദ്ധ്യാപകരും അതിൽ പങ്കുചേർന്നു.

**6. ആദരിച്ചു**

തൃശൂർ സെന്റ് തോമസ് കോളേജ് പൂർവ്വ വിദ്യാർത്ഥിയും തൃശൂർ പാറമേക്കാവ് ദേവസ്വം സെക്രട്ടറിയുമായ രാജേഷ് പൊതുവാളിനെ ഒ.എസ്.എ അംഗങ്ങൾ ആദരിച്ചു.

**7. മെറിറ്റ് ഡെ ആഘോഷിച്ചു**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഡിപ്പാർട്ട്മെന്റിലെ വിദ്യാത്ഥികളുടെ മെറിറ്റ് ഡെ ആഘോഷിച്ചു. പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് ക്യാഷ് പ്രൈസും പ്രശസ്തി പത്രവും നൽകി.

**8. പാനൽ ഡിസ്ക്കഷൻ**

ജന്റർ ക്ലബിന്റെ ആഭിമുഖ്യത്തിൽ 'ജന്റർ ഇൻക്ലുസിവിറ്റി എന്ന വിഷയത്തിൽ പാനൽ ഡിസ്ക്കഷൻ നടത്തി.

**9. പ്രവാഹ – 23**

കോളേജിൽ 'പ്രവാഹ –23 എന്ന പേരിൽ 2 ദേശീയ ക്വിസ്സ് മത്സരങ്ങൾ നടത്തി. പ്രശസ്ത ക്വിസ്സ് മാസ്റ്റർ ശ്രീ അബ്ദുൾ വാഹിദിന്റെ നേതൃത്വത്തിൽ നടത്തിയ ക്വിസ്സ് മത്സരത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു.

**10. പ്ലെയ്സ്മെന്റ് ലഭിച്ചു**

കോളേജിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 104 കുട്ടികൾക്ക് വ്യത്യസ്ത കമ്പനികളിൽ ജോലി ലഭിച്ചു. എസെൻചർ– 31, അംഡ്രോഡ് – 11, മൊവെയറ്റ് – 5, ഗ്രാന്റ് ഹൈപ്പർ – 1, കൊഡിയംഗ്–2, ടിസിഎസ് – 2, ടെക്ക് ഫോർ ഇന്ത്യ–3, ഫെഡറൽ ബാങ്ക്–3, എച്ച്.ഡി.എഫ്.സി ബാങ്ക് – 38, ഡെലോയിറ്റി – 8 പ്ലെയ്സ്മെന്റ് സെല്ലി

ന്റെ  മികവുറ്റ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

'ദ ഫ്യൂച്ചർ ഓഫ് ഇന്ത്യ  പേരിൽ സിവിൽ സർവ്വീസ് പരീക്ഷക്ക് കുട്ടികളെ ഒരുക്കി.

ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് 'പ്ലെയ്സ് കിക്ക്  എന്ന ട്രെയ്നിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു.

**11. കായികം**

ദേശീയ 'ഖേലോ  ഫുഡ്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിൽ കളിച്ച സൈക്കോളജി വിദ്യാർത്ഥി നന്ദ കിഷോറിന് അഭിനന്ദനങ്ങൾ.

*കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയറ്റ് മത്സര വിജയികൾ*

| | | |
|---|---|---|
| വെയ്റ്റ് ലിംഫ്റ്റിംഗ് | – ഗോഗുൽ പി.സി | – ഫസ്റ്റ് |
| | അഖിൽ റൊണാൾഡ് | – ഫസ്റ്റ് |
| ബെസ്റ്റ് ലിഫ്റ്റർ | – സ്ക്കിൽ ടിൻ പോൾ | – ഫസ്റ്റ് |
| വെയ്റ്റ് ലിഫ്റ്റിംഗ് | – ശരത് എസ് | – ഫസ്റ്റ് |
| വെയ്റ്റ് ലിഫ്റ്റിംഗ് | – മിഥിലാജ് എം | – സെക്കന്റ് |
| വെയ്റ്റ് ലിഫ്റ്റിംഗ് | – റഫീഖ്. സി | – ഫസ്റ്റ് |
| ബോക്സിംഗ് | – മുഹമ്മദ് ബെയ്സിൽ | – ഫസ്റ്റ് |
| ക്രിക്കറ്റ് ടിം അംഗം | – കിരൺ സാഗർ | |

*ദേശീയ മത്സര വിജയികൾ*

| | | |
|---|---|---|
| സെപക്ത ക്രോ | – ശ്രുതി സുദേവൻ | – തേർഡ് |
| സെപക്ത ക്രോ | – മുഹസിന | – സെക്കന്റ് |
| പവർ ലിംഫ്റ്റിംഗ് | – രാഹുൽ സജി | – ഫസ്റ്റ് |

എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ

**12. സാന്തോം ബെയ്ക്ക് ഹൗസ്**

കുക്കറി ക്ലബിന്റേയും, കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ 'കരിയർ ആൻഡ് ബിസിനസ് ഓപ്പർച്യൂനിറ്റി ആന്റ് ടൂറിസം ഇൻഡസ്ട്രി  എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**13. എൻ.എസ്.എസ്**

എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ലോക വനിത ദിനം, ദേശിയ സുരക്ഷ ദിനം, ലോക കേൾവി ദിനം, വന്യജീവി ദിനം എന്നിവ ആചരിച്ചു.

**14. കോളേജ് ഡേ**

കോളേജ് ഡേ ഉത്ഘാടനം തൃശൂർ അസിസ്റ്റന്റ് കലക്ടർ ശ്രീ. ജയകൃഷ്ണൻ വി.എം.ഐ.എ.എസ് നിർവ്വഹിച്ചു. എത്തനിക് ഡേ യോ

ട് അനുബന്ധിച്ച് എത്തനിക് റാംമ്പ് വാക്കും, 7 മിനിറ്റ് ദൈർഘ്യമുള്ള വിവിധ പരിപാടികളും ഉൾകൊള്ളിച്ച് ഓരോ ഡിപ്പാർട്ട്മെന്റും കലാപരിപാടികൾ അവതരിപ്പിച്ചു.

**15. ശാസ്ത്രദിനം**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രദിനം ആഘോഷിച്ചു. ദിനാഘോഷത്തോന്നുബന്ധിച്ച് ഓൺലൈൻ ക്വിസ് മത്സരം നടത്തി.

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ (എസ്.എഫ്) ആഭിമുഖ്യത്തിൽ ഇൻക്യുബേഷൻ ആന്റ് അക്സില്ലറേഷൻ ഓപ്പർച്ച്യൂനിറ്റീസ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. മുൻസിപ്പൽ കേർപ്പറേഷൻ കൗൺസിലർ അഡ്വ. വില്ലി വിജോ സെമിനാർ നയിച്ചു.

**16. ഓപ്പൻ ഡേ**

കോളേജിൽ 'ഓപ്പൻ ഡേ എന്ന പേരിൽ സ്ക്കൂൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ പരിചയപ്പെടുത്തുന്ന പരിപാടി തൃശൂർ കോർപ്പറേഷൻ മേയർ എം.കെ വർഗീസ് ഉത്ഘാടനം ചെയ്തു. 400 കുട്ടികൾ വിവിധ വിദ്യാലയങ്ങളിൽ നിന്ന് കോളേജ് സന്ദർശിച്ചു.

**17. സാന്തോം റിസർച്ച് അവാർഡ്**

ബെസ്റ്റ് റിസർച്ച് ഫാക്കൽട്ടി – ഡോ. സി. അൽഫോൺസ മാത്യു, ഡോ. ആൻമേരി കെ.എ, ഡോ. വിമല കെ. ജോൺ.

ബെസ്റ്റ് റിസർച്ച് സ്ക്കോളർ – ധന്യ ജോസ്, റോഹിനി ദാസ്. കെ, ശ്യാമ ശശ്ധരൻ, സുരേഷ് എ. എസ്. ജാസ്മി കെ.കെ, ബീനു തോമസ്, ഉഷ എ.യു.

ബെസ്റ്റ് റിസർച്ച് ആർട്ടിക്കിൾ – ശ്രീ സാബു എ.എസ്, ഡോ. ആൻമേരി കെ.എ, അനഘ കെ.കെ, ഉഷ എ.യു, ഡോ. വിബിൻ ബെന്നി, റോഹിനി ദാസ് കെ, ധന്യ ജോസ്.

**18. ചുമ്മാർ ചൂണ്ടൽ അനുസ്മരണം**

മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മുൻ അദ്ധ്യാപകൻ പ്രൊഫ. ചുമ്മാർ ചൂണ്ടൽ അനുസ്മരണം നടത്തി.

**19. ദേശീയ സെമിനാർ**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'സ്റ്റൊക്കാസ്റ്റിക് മോഡലിംഗ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**20. സൂടോക്ക്**

സുവോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സുടോക് സംഘടിപ്പിച്ചു. 'സൈകിഡെ ഓഫ് കേരള റീസന്റ് ഡിസ്കൗറീസ് എന്ന

വിഷയത്തിൽ ഗവേഷണ വിദ്യാർത്ഥി ഉഷ ഐ.യു മുഖ്യ പ്രഭാഷണം നടത്തി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്
**മുള്ളൂർക്കര**

**നേത്രരോഗ നിർണ്ണയ ക്യാമ്പ്**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജും, തൃശ്ശൂർ ട്രിനിറ്റി കണ്ണാശുപത്രിയും എ.കെ.പി.എ വടക്കാഞ്ചേരി മേഖലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നേത്രരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

**വർക്ക്ഷോപ്പ്**

ബി.എഡ് വിദ്യാർത്ഥികൾക്കായി എ.പി.എ ഫോർമാറ്റ് വർക്ക്ഷോപ്പ് ഫെബ്രുവരി 22 ബുധനാഴ്ച സംഘടിപ്പിച്ചു. നവജ്യോതി ട്രെയിനിംഗ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ.പ്രേമചന്ദ്രൻ പി. ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ബോധവൽക്കരണ ക്ലാസ്**

ഫെബ്രുവരി 24 വെള്ളിയാഴ്ച കൺസ്യൂമർ പ്രൊട്ടക്ഷൻ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എൽ.പി.ജി ഉപയോഗത്തെക്കുറിച്ചും സുരക്ഷയെക്കുറിച്ചും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഗ്യാസ് ടെക്നീഷ്യൻ രഞ്ജിത്ത് പി.ആർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**സെമിനാർ**

സംസ്ഥാനതല ഹെൽത്ത് ഫെസ്റ്റിവലിന്റെ ഭാഗമായി മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിന്റെയും, മുള്ളൂർക്കര പ്രൈമറി ഹെൽത്ത് സെന്ററിന്റെയും ആഭിമുഖ്യത്തിൽ ഫെബ്രുവരി 27 തിങ്കളാഴ്ച ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു.

**ചാർട്ട് & മോഡൽ വർക്ക് ഷോപ്പ്**

ഫസ്റ്റ് ഇയർ ബി.എഡ് ബാച്ച് വിദ്യാർത്ഥികൾക്കായി ചാർട്ട് ആൻഡ് മോഡൽ വർക്ക്ഷോപ്പ് മാർച്ച് 1, 2 ദിവസങ്ങളായി സംഘടിപ്പിച്ചു.

**ബോധവൽക്കരണ പരിപാടി**

മാർച്ച് 4 ശനിയാഴ്ച അസുരൻകുണ്ട് ഡാം പരിസരത്ത് വാഴാനി ഫോറസ്റ്റ് സ്റ്റേഷന്റെ നേതൃത്വത്തിൽ ബയോ നാച്ചുറൽ ക്ലബ്ബിന്റെ സഹ കരണത്തോടെ കാട്ടുതീ തടയുന്നതിനുള്ള ബോധവൽക്കരണ പരിപാ ടിയിൽ വിദ്യാർത്ഥികൾ പങ്കുചേർന്നു.

**ആഡ് ഓൺ കോഴ്സ്**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ് ഫസ്റ്റ് ഇയർ ബി.എഡ് ബാച്ച് വിദ്യാർത്ഥികൾക്കായി ത്രിദിന ആഡ് ഓൺ കോഴ്സ് മാർച്ച് 6, 7, 8 ദിവസങ്ങളിലായി പെരിങ്ങണ്ടൂരിലെ ടിംഹാൻസിൽ വച്ച് സംഘടി പ്പിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ത്രിദിന കോഴ്സ് ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളിലായി ഫാ. ജാക്സൺ ചാലക്കൽ, ഡോ. അലക്സ് മരോട്ടിക്കൽ, ഡോ. ജോബി കടപ്പൂരാൻ, ഡോ. ആരോൺ, അഡ്വ.ജസ്റ്റിൻ സി.ജെ തുടങ്ങിയവർ ക്ലാസു കൾക്ക് നേതൃത്വം നൽകി. കോഴ്സിന്റെ ഭാഗമായി പോപ്പ് പോൾ പീസ് ഹോം, പോപ്പ് പോൾ മേഴ്സി ഹോം, ഗ്രേസ് ഹോം സന്ദർശിച്ചത് വിദ്യാർത്ഥികൾക്ക് പുത്തൻ അനുഭവമായിരുന്നു.

**സ്വാന്തനം**

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ പകൽവീട് അംഗങ്ങൾക്കായി മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ സ്വാന്തനം എന്ന പേരിൽ അർദ്ധ ദിന പരിപാടി സംഘടിപ്പിച്ചു. മുപ്പതോളം പകൽ വീടിലെ അംഗങ്ങൾ പരിപാടിയിൽ പങ്കെടുക്കുകയും വിദ്യാർത്ഥികളുമായി തങ്ങളുടെ അനു ഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**അഭിനന്ദനങ്ങൾ**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, മലപ്പുറം ഐ.എസ്.എസ് ട്രെയിനിംഗ് കോളേജ്, കോഴിക്കോട് ഫാറൂഖ് ട്രെയിനിംഗ് കോളേജി ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓൺലൈൻ ഷോർട്ട് ടൈം കോഴ്സിൽ പങ്കെടുത്ത് ഉന്നതവിജയം കരസ്ഥമാക്കിയ കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ, മിസ്.റോസ്‌വിൻ പീറ്റർ, മിസ്സ്. ആൻ ജോർജ് സി, ഭവ്യ കെ.എസ് എന്നിവർക്ക് അഭിനന്ദനങ്ങൾ.

എസ്.എസ്.ആർ കോളേജ് ഓഫ് എജ്യുക്കേഷന്റെയും മുംബൈ എസ്.എൻ.ഡി.റ്റി വുമൺ യൂണിവേഴ്സിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നാഷണൽ കോൺഫറൻസിലും, മഹാ

ത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നടന്ന സെമിനാറിലും ഇന്ത്യയിലെ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കി വിഷയം അവതരണം നടത്തിയ മിസ്സ്.ആൻ ജോർജ് സി ക്ക് അഭിനന്ദനങ്ങൾ.

രണ്ടാം വർഷ ബി.എഡ് ബാച്ചിലെ 24 വിദ്യാർത്ഥികൾ കെ–ടെറ്റിന് അർഹരായി. 2 വിദ്യാർത്ഥികൾ സി–ടെറ്റിന് അർഹരായി. സെറ്റ് മത്സര പരീക്ഷയിൽ 3 വിദ്യാർത്ഥികൾ ഉന്നത വിജയം കരസ്ഥമാക്കി.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. തിരുത്ത്**

സൂചന 10–3–2023 തീയതിയിലെ കോടന്നൂർ സെന്റ് ആന്റണീസ് യു. പി. സ്കൂളിലെ പ്രധാനാധ്യാപികയുടെ കത്ത്.
മാർച്ച് 2023 മാസത്തിൽ 2022–2023 വർഷത്തെ റിട്ടയർമെന്റ് ലിസ്റ്റ് പ്രസിദ്ധപെടുത്തിയതിൽ Sl.No. 58 ഇപ്രകാരം തിരുത്തിവായിക്കേണ്ടതാണ്.

| Sl. No. | Name | Designation | Date of Birth | School from where the retirement effects | Parent school |
|---|---|---|---|---|---|
| 58. | Leena C.D. | LPST | 31/05/67 | St. Antony's U.P.S., Kodannur | C.H.S.S. Thrissur |

**2. യാത്രയയപ്പ് സമ്മേളനവും അവാർഡ് സമർപ്പണവും**

തൃശ്ശൂർ അതിരൂപത കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെ ഈ വർഷത്തെ യാത്രയയപ്പ് സമ്മേളനവും, വിവിധ വിഭാഗങ്ങളിൽ അവാർഡ് കരസ്ഥമാക്കിയവർക്കുള്ള സമ്മാനവിതരണവും

മാർച്ച് മൂന്നാം തീയതി വെള്ളിയാഴ്ച 1. 30 ന് അതിരൂപത ഡി.ബി. സി.എൽ.സി. ഹാളിൽ വച്ച് നടത്തപ്പെട്ടു. വികാരി ജനറൽ മോൺ. ജോസ് കോനിക്കരയുടെ അധ്യക്ഷതയിൽ ചേർന്ന് പൊതുയോഗം മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുകയും, അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയിൽ നിന്നും ഈ വർഷം വിരമിക്കുന്ന 65 അധ്യാപകർക്കും അനധ്യാപകർക്കും മെമെന്റോ നൽകി ആദരിച്ചു. ഏജൻസിയുടെ കീഴിലുള്ള എഴുപതോളം വിദ്യാലയങ്ങളിൽ നടത്തിയ കേന്ദ്രീകൃത മൂല്യനിർണയ പരീക്ഷയിലും, സ്കോളർഷിപ്പ് പരീക്ഷയിലും, ഉന്നത വിജയം നേടിയ വിദ്യാലയങ്ങൾക്കും പ്രതിഭകളായ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകുളം സമ്മേളനത്തിന് സ്വാഗതവും, കെ എഫ് ബാബു മാസ്റ്റർ നന്ദിയും അർപ്പിച്ചു. ഫാ. ഡെന്നീസ് മാറോക്കി, കെ.എ. ബെന്നി മാസ്റ്റർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളെ പ്രതിനിധീകരിച്ച് എം.സി ജോസഫ് മാസ്റ്റർ, ടി. ഒ. ഷർളി ടീച്ചർ, ജോഷി വടക്കൻ മാസ്റ്റർ, കെ എ റീസൺ മാസ്റ്റർ, കെ എ റീന ടീച്ചർ, ടി കെ റെറ്റി ടീച്ചർ, എ. പി സണ്ണി എന്നിവർ മറുപടി പ്രസംഗം നടത്തി. കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയിലെ 500 ഓളം അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും സമ്മേളനത്തിൽ പങ്കെടുത്തു.

## 3. സ്കോളർഷിപ്പ് പരീക്ഷ ഫലം

### Standard I

1. 1st - Evin Sanay - Matha H.S., Mannampetta
2. 2nd - Aarush Krishna - St. Ignatius U.P.S., Manalur
3. 3rd - Angel Mary P.S. - St. Francis L.P.S., Pudussery

**Pupils who secured 60% of marks and above**

4. Anamika C.S. - St. Antony's U.P.S., Kodannur
5. Jenia P.J.- St. Joseph's U.P.S., Kundannur
6. Shammas Jabir - R.C.U.P.S., Thoyakkavu
7. Fidha Fathima P.N. - St. F.X.R.C.U.P.S., Vatanappally
8. Janion Mariya Jaison - St. Francis L.P.S., Attathara
9. Athmika N.M. - St. Antony's L.P.S., Attupuram
10. Aibel Paul Thomas - C.A.L.P.S., Chevoor.
11. Muhammed Mahafil - St. Joseph's L.P.S., Chiranellur
12. Geethika P. Baburaj - St. Thomas L.P.S., Palayoor

13. Daveed T. Reson - St. Thomas L.P.S. Thiroor
14. Aman Krishna A.R. - St. Sebastian's R.C.L.P.S., Valapad
15. Aliza Sinto - St. Antony's L.P.S., Varandarappilly
16. Dominc Johns - St. Francis L.P.S., Wadakkanchery

**Standard II**

17. 1st - Ivana Rose Kishore - St. Antony's L.P.S., Varandarappilly
18. 2nd - Sreeharsh C.S. - St. Xavier's U.P.S., Velur.
19. 3rd - Avani M.P. - Mission Home L.P.S., Mariapuram
20. 3rd - Sathvik Krishna - St. Thomas L.P.S., Thiroor

**Pupils who secured 60% of marks and above**

21. Aayush Satdev - St. Sebastian's H.S., Chittattukara.
22. Eshel Joe Bijoy - St. Joseph's H.S., Enamakkal.
23. Rachel Jinson - Matha H.S., Mannampetta
24. Abina Noha M.M. - St. Antony's U.P.S., Kodannur
25. Emmanuval K.L. - St. Thomas U.P.S., Koonammuchi
26. Amaal P.N. - St. Joseph's U.P.S., Kundannur
27. Reon P.L. - St. Ignatius U.P.S., Manalur
28. Angel Julian - R.C.U.P.S., Thoyakkavu
29. Joel Jose M. - St. F.X.R.C.U.P.S., Vatanappally
30. Devdarsh K.M. - St. Mary's U.P.S., Vendore
31. Shalabha Ram - St. Francis L.P.S., Attathara
32. Sreyas P.S. - St. Antony's L.P.S., Attupuram
33. Delna C.J. - St. Joseph's L.P.S., Chiranellur
34. Anay C.D. - St. Thomas C.G.S., Kanjany
35. Muhammed Adnam - Pope John L.P.S., Kuriachira
36. Pridhwin Praveen - St. Jose A.L.P.S., Marathakara.
37. Rishan Manoj E. - St. Thomas L.P.S., Palayoor
38. Adithyan P.R. - St. Mary's A.L.P.S., Pallissery
39. Alphiya C. Jophy - St. John's L.P.S., Parappur
40. K.S. Mahallmmya - St. Joseph's L.P.S., Pavaratty
41. Rithudev C.R. - L.F.L.P.S., Ponnore
42. Meenu K.S. - St. Antony's L.P.S., Pudukad
43. Sreya C.B. - St. Francis L.P.S., Pudussery
44. Anay V. - A.L.P.S., Thiruvenkidom
45. Afreen Arkasata P.A. - St. Sebastian's R.C.L.P.S., Valapad
46. Abhimanyu P.S. - St. Louis L.P.S., Venmenad
47. Theertha P. Dileep - St. Francis L.P.S., Wadakkanchery

## Standard III

| | | | |
|---|---|---|---|
| 48. | 1st | - Anlino Zinan | - St. Thomas L.P.S., Thiroor |
| 49. | 2nd | - Jonath Francis | - St. Francis L.P.S., Pudussery |
| 50. | 3rd | - Rosa Mistica | - St. Thomas L.P.S., Palayoor |

**Pupils who secured 60% of marks and above**

| | | |
|---|---|---|
| 51. | Saharsh N.S. | - St. Antony's U.P.S., Kodanur. |
| 52. | Akshith K.S. | - St. Thomas U.P.S., Koonammuchi |
| 52. | Anusree P.A. | - St. Joseph's U.P.S., Kundannur |
| 53. | Aswin Parthan K.J. | - R.C.U.P.S., Thoyakkavu |
| 54. | Muhammed Raees P.S. | - St. F.X.R.C.U.P.S., Vatanappally |
| 55. | Adhisree P.V. | - St. Xavier's U.P.S., Velur |
| 56. | Kasinadh E.V. | - St. Mary's U.P.S., Vendore |
| 57. | Avani P.P. | - R.C.C.L.P.S., East Mangad |
| 58. | Godwin Jenson | - Mission Home L.P.S., Mariapuram |
| 59. | Jonas Prince Chungath | - St. John's L.P.S., Parappur |
| 60. | Sreebala K.A. | - St. Joseph's L.P.S., Pavaratty |
| 61. | Abhinand Krishna | - St. Antony's L.P.S., Pudukad |
| 62. | Mayookha P.M. | - A.L.P.S., Thiruvenkidom |
| 63. | Dominc K.J. | - St. Antony's L.P.S., Varandarappilly |
| 64. | Sreenandha K.S. | - St. Francis L.P.S., Wadakkanchery |

## Standard V

| | | | |
|---|---|---|---|
| 65. | 1st | - Gouri Krishna K.S. | - St. Ignatius U.P.S., Manalur |
| 66. | 2nd | - Sreehari V.S. | - St. F.X.R.C.U.P.S., Vatanappally |
| 67. | 3rd | - Badra T. Gopan | - St. Thomas H.S.S., Engandiyur. |

**Pupils who secured 60% of marks and above**

| | | |
|---|---|---|
| 68. | Ashlin Printo | - St. Xavier's H.S., Chevoor |
| 69. | Vaishnav C.V. | - St. George's U.P.S., Mukkattukara |

## Standard VI

| | | | |
|---|---|---|---|
| 70 | 1st | - Rith Ryka | - St. Thomas H.S.S., Engandiyur |
| 71. | 2nd | - Krishna C.P. | - St. George's U.P.S., Mukkattukara |
| 72. | 3rd | - Niranjana V.S. | - St. Xavier's U.P.S., Velur |

**Pupils who secured 60% of marks and above**

| | | |
|---|---|---|
| 73. | Anamika Prijo | - St. Antony's H.S.S., Ammadam |

## Standard VIII

| | | | |
|---|---|---|---|
| 74. | 1st | - Sayed Hamdan Mohiyudheen | - St. Sebastian's H.S., Chittattukara |

| | | |
|---|---|---|
| 75. 2nd | - Naithik V.G. | - St. Antony's H.S.S., Ammadam. |
| 76. 3rd | - Noyel Joseph Das | - St. Thomas H.S.S., Engandiyur |

**Pupils who secured 60% of marks and above**

77. Sreerag V.S. - St. Thomas C.H.S.S., Thrissur.

**Standard IX**

| | | |
|---|---|---|
| 78. 1st | - Gayathri Sunil | - St. Mary's H.S., Chegnaloor |
| 79. 2nd | - Abin Anil | - St. Sebastian's H.S., Mannamangalam. |
| 80. 3rd | - Swathi M. | - St. Thomas H.S.S., Mayannur |

**Pupils who secured 60% of marks and above**

81. Jisni A.J. - St. Antony's H.S.S., Puthenpeedika
82. Johny Babu - Tharakan's H.S., Aranattukara
83. Manasa C.M. - St. Thomas H.S.S., Vallachira.

**ഫാ. ജോയ് അടമ്പുകുളം**
കോർപറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**വിധവകളുടെ സംഗമവും ഏകസ്ഥരുടെ കൂട്ടായ്മയും**

തൃശ്ശൂർ അതിരൂപതയിലെ വിധവകളായി കഴിയുന്നവർക്കും ഏകസ്ഥരായി കഴിയുന്നവർക്കുമായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ഏകദിന കൂട്ടായ്മ ഏപ്രിൽ 13–ാം തിയ്യതി വ്യാഴാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി.കുർബ്ബാനയോടെ സമാപിക്കും. ഏകസ്ഥരായി കഴിയുന്നവരെയും വിധവകളായി കഴിയുന്നവരെയും സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും പരിവർത്തനത്തിനുമായി ഉപയോഗിക്കുക എന്ന മഹനീയലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഏകദിന കൂട്ടായ്മയിലേക്ക് എല്ലാ സഹോദരിമാരേയും ക്ഷണിക്കുന്നു.

**നന്ദിയോടെ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹിതർക്കുള്ള ഏകദിന പോസ്റ്റ് കാന കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാർച്ച് 12–ാം തിയ്യതി ഞായറാഴ്ച്ച നടത്തപ്പെടുകയുണ്ടായി. 'കുടുംബജീവിതത്തിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. അനുമോദ് കാക്കശ്ശേരിയും, റവ. ഫാ. ബിജുവും ക്ലാസ്സ് നയിക്കുകയുണ്ടായി. തുടർന്ന് വി. കുർബാനയും ഉണ്ടായിരുന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ബധിരരും മൂകരുമായിട്ടുള്ള ദമ്പതികളോട് സംവദിക്കുകയുണ്ടായി. ഇവരെ പറഞ്ഞയച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും ഒത്തിരി ഒത്തിരി നന്ദി.

**ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 12–14, 19–21, 26–28. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ക്വാ വാദിസ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി ഇടവകയിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് വേണ്ടിയും അവരുടെ മാതാപിതാക്കൾക്കുവേണ്ടിയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ക്വാ വാദിസ് എന്ന ഒരു മാർഗദർശന പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക – 8086677252, 9605043327. കഴിഞ്ഞ മാസം പാറേംപാടം ഇടവകയിൽ നടത്തുകയുണ്ടായി. ഏറെ മനോഹരമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഫൊറോന കൺവെൻഷനുകൾ (കൊയനോണിയ 2023)**

ഫെബ്രുവരി 26, മാർച്ച് 5, 12 എന്നീ തിയ്യതികളിലായി ബസിലിക്ക, കൊട്ടേക്കാട്, പാലയൂർ, മറ്റം, ചേലക്കര, പറപ്പൂർ, ഒല്ലൂർ, പുതുക്കാട്, ലൂർദ്ദ്, പട്ടിക്കാട്, വടക്കാഞ്ചേരി, വേലൂർ എന്നീ ഫൊറോനകളിൽ ഫൊറോന കൺവെൻഷൻ നടന്നു. ഈ ഫൊറോന കൺവെൻഷനുകൾ ഭംഗിയാക്കുവാൻ നേതൃത്വം വഹിച്ച ഫൊറോന ആനിമേറ്ററച്ചന്മാർ, ഫൊറോന കൺവീനർമാരുടെ നേതൃത്വത്തിലുള്ള കേന്ദ്രസമിതി ഭാരവാഹികൾ എന്നിവർക്കും ഇതിന് വേണ്ട സഹായ സഹകരണങ്ങൾ ഒരുക്കിയ ഫൊറോന വികാരിയച്ചന്മാർക്കും ഈ ഫൊറോന കൺവെൻഷനിലേക്ക് കുടുംബകൂട്ടായ്മ ഭാരവാഹികളെ പറഞ്ഞയച്ച ഓരോ ഇടവകയിലെ വികാരിയച്ചന്മാർക്കും ഇടവക കേന്ദ്രസമിതി കൺവീനർമാരുടെ നേതൃത്വത്തിലുള്ള കേന്ദ്രസമിതി ഭാരവാഹികൾക്കും അഭിവന്ദ്യ പിതാക്കന്മാരുടെ പേരിലും അതിരൂപത കുടുംബകുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ പേരിലും നന്ദി അർപ്പിക്കുന്നു. ഏപ്രിൽ 2-ാം തിയ്യതി പഴുവിൽ, കണ്ടശ്ശാംകടവ്, എരുമപ്പെട്ടി, പുത്തൂർ എന്നീ ഫൊറോനകളിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള ഫൊറോന കൺവെൻഷൻ (കൊയനോണിയ 2023) നടത്തപ്പെടുന്നു. ഈ ഫൊറോനകളിൽ ഉൾപ്പെടുന്ന എല്ലാ ഇടവകകളിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾ കൺവെൻഷനിൽ പങ്കെടുക്കുമല്ലോ.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

മെയ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഏപ്രിൽ 15-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

കുടുംബകൂട്ടായ്മയുടെ സ്ഥാപക പിതാവും 'പാവങ്ങളുടെ പിതാവ്' എന്ന അപരനാമത്തിൽ ലോകമെങ്ങും അറിയപ്പെട്ട തൃശ്ശൂർ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ 25-ാം ചരമ വാർഷികത്തോടനുബന്ധിച്ച് ഈ വർഷവും

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ 2023 ഏപ്രിൽ 15-ാം തിയ്യതി ശനിയാഴ്ച്ച 3 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വെച്ച് മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം സംഘടിപ്പിക്കുന്നു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുന്ന അനുസ്മരണ യോഗത്തിലേക്ക് അതിരൂപത, ഫൊറോന, ഇടവക കുടുംബകൂട്ടായ്മ പ്രതിനിധികളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**പാലയൂർ മഹാ തീർത്ഥാടനം**

മാർച്ച് 26-ാം തിയ്യതിയിലെ പാലയൂർ തീർത്ഥാടന പദയാത്രയിലും ഇതിന് മുന്നോടിയായി മാർച്ച് 10-ാം തിയ്യതി വെള്ളിയാഴ്ച്ച രാത്രി കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വത്തിൽ നടന്ന ജാഗരണ പദയാത്രയിലും പങ്കെടുക്കുകയും പദയാത്രകൾക്ക് നേതൃത്വം നൽകുകയും ചെയ്ത കുടുംബകൂട്ടായമ ഭാരവാഹികൾക്ക് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

**വിവാദ നാടകത്തിനെതിരായി പ്രതിഷേധിച്ചു**

ക്രൈസ്തവ വിശ്വാസത്തെയും ധാർമ്മിക മൂല്യങ്ങളെയും ചവിട്ടി മെതിച്ചും സമൂഹത്തിൽ നിസ്വാർത്ഥ സേവനം ചെയ്യുന്ന സന്യസ്തരെ അവഹേളിച്ചുകൊണ്ട് നടത്തുന്ന നാടക കലാരൂപമായ കക്കുകളിക്ക് എതിരായി അതിരൂപത കുടുംബകൂട്ടായ്മ പ്രതിഷേധിച്ചു. അതിരൂപതയുടെ നേതൃത്വത്തിൽ കളക്ട്രേറ്റിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിലും ധർണ്ണയിലും ഇടവക, ഫൊറോന, അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികൾ സജീവമായി പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്തു.

**പ്രവർത്തന ഫണ്ട് (സമ്മാന കൂപ്പൺ)**

2022-2025 പ്രവർത്തന വർഷത്തിലേക്കുള്ള കുടുംബകൂട്ടായ്മയുടെ പ്രവർത്തനഫണ്ടു സ്വരൂപിക്കുന്നതിനായി സമ്മാനകൂപ്പൺ തയ്യാറാക്കിയിട്ടുണ്ട്. ആകർഷകമായ സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. 50 രൂപയാണ് ഒരു കൂപ്പണിന്റെ വില. ഒരു ഭവനം ഒരു കൂപ്പൺ എന്ന രീതിയിലാണ് ഈ സമ്മാനകൂപ്പൺ തയ്യാറാക്കിയിട്ടുള്ളത്. സാധിക്കുന്നവർ കൂടുതൽ സമ്മാനകൂപ്പൺ എടുത്തു സഹകരിക്കാവുന്നതാണ്. ഇതുവഴി യൂണിറ്റിനും ഇടവകയ്ക്കും ഫൊറോനയ്ക്കും നിങ്ങൾ വിൽക്കുന്നതനുസരിച്ചുള്ള വിഹിതം ലഭിക്കുന്നതാണ്. 50 രൂപയുടെ സമ്മാനകൂപ്പൺ വിൽക്കുമ്പോൾ അതിന്റെ 15% യൂണിറ്റിനും 15% ഇടവക കേന്ദ്രസമിതിയ്ക്കും 15% ഫൊറോന കേന്ദ്രസമിതിയ്ക്കും 55% അതിരൂപത കേന്ദ്രസമിതിയ്ക്കും ആയിരിക്കും. 51 സമ്മാനങ്ങൾ ഉള്ള കൂപ്പ

ണിന്റെ കടക്കുറ്റിയും പൈസയും അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്ര സമിതിയെ നിശ്ചയിക്കുന്ന തിയ്യതിക്ക് തിരിച്ചേൽപ്പിക്കുകയും പിന്നീട് രൂപതയിൽ നിന്നും ഓരോരുത്തർക്കുമുള്ള വിഹിതം മടക്കി നൽകുകയും ചെയ്യുന്നതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**സംയുക്ത മീറ്റിങ്ങ്**

മാതൃവേദിയുടെ അതിരൂപത ഭാരവാഹികളുടെയും ഫൊറോന ഭാരവാഹികളുടെയും ആനിമേറ്റർ അച്ചന്മാരുടെയും സംയുക്ത മീറ്റിങ്ങ് ഏപ്രിൽ 25–ാം തിയ്യതി ചൊവ്വാഴ്ച്ച (10.00 am to 1.00 pm) തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതായിരിക്കും. എല്ലാ അതിരൂപത, ഫൊറോന ഭാരവാഹികളും, ആനിമേറ്ററച്ചന്മാരും മറക്കാതെ പങ്കെടുക്കണമെന്ന് ഏറെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**മാതൃവേദി അംഗങ്ങൾക്കായുള്ള കല്യാണപാട്ട് മത്സരം**

മാതൃവേദി അംഗങ്ങൾക്കായുള്ള കല്യാണപാട്ട് മത്സരം ഏപ്രിൽ 25, 2.00 pm to 4.00 pm (ചൊവ്വ) അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെയുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. മത്സരത്തിന്റെ ദൈർഘ്യം 7 മിനിറ്റിൽ കൂടാൻ പാടുള്ളതല്ല.
2. 6 മിനിറ്റ് കഴിഞ്ഞാൽ വാണിംഗ് ബെൽ അടിക്കുന്നതായിരിക്കും
3. മത്സരം മാതൃവേദി അംഗങ്ങൾക്ക് മാത്രമായിരിക്കും.
4. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 5 മുതൽ 7 വരെ.
5. മത്സരത്തിന് വാദ്യോപഗകരണങ്ങൾ പാടുള്ളതല്ല.
6. വേഷഭൂഷാധികൾക്ക് പ്രത്യേകം മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

7. ഏപ്രിൽ 25 ന് അതിരൂപത തല മത്സരം. അതിന് മുൻപായി ഇടവക, ഫൊറോന മത്സരങ്ങൾ കഴിഞ്ഞിരിക്കേണ്ടതാണ്.
8. ഫൊറോന മത്സരങ്ങൾക്ക് ജഡ്ജസിനെ ആവശ്യമുള്ളവർ അതിരൂപത മാതൃവേദി പ്രസിഡണ്ട് ശ്രീമതി എൽസി വിൻസെന്റി നെ വിളിക്കേണ്ടതാണ്.
9. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ.ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കു ന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാ ന്തരത്തിനുവേണ്ടിയും ഏപ്രിൽ 3 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാ നയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**പ്രോലൈഫ് നേഴ്സസ് സെമിനാർ**

ജീവന്റെ മേഖലയിൽ ഏറെ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാനപ്രദവുമാണ് ഈ സെമിനാർ. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് ഏപ്രിൽ 22–ാം തിയ്യതി ശനി യാഴ്ച്ച രാവിലെ 9 മുതൽ വൈകീട്ട് 4 വരെ നടത്തപ്പെടുന്ന ഈ സെമി നാറിൽ സംബന്ധിക്കാനായി സ്നേഹത്തോടെ ക്ഷണിക്കുന്നു. സാധി ക്കുന്ന എല്ലാവരും പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

**സ്വവർഗ്ഗരതി സർക്കാർ നിലപാട് അഭിനന്ദനീയം**

സ്വവർഗ്ഗ വിവാഹം സംബന്ധിച്ച് കേന്ദ്രസർക്കാർ സുപ്രീം കോട തിയിൽ നൽകിയ സത്യവാങ്മൂലം അഭിനന്ദനാർഹമാണെന്ന് തൃശ്ശൂർ

അതിരൂപത പ്രോലൈഫ് സമിതി വിലയിരുത്തി. സ്ത്രീയും പുരുഷനും ചേർന്നതാണ് ഭാരത സംസ്കാരത്തിലെ വിവാഹവും കുടുംബവുമെന്നും അതിനാൽ ഒരേ ലിംഗത്തിൽപ്പെട്ടവർ തമ്മിലുള്ള ബന്ധത്തെ വിവാഹം എന്ന് വിശേഷിപ്പിക്കാനാവില്ല എന്നുമുള്ള കേന്ദ്രസർക്കാർ നിലപാടുകൾ സ്വീകാര്യമാണെന്നും സമിതി വിലയിരുത്തി. തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ പ്രസിഡന്റ് രാജൻ ആന്റണിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ കെ.സി.ബി.സി പ്രോലൈഫ് സമിതി ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടൻ, സമിതി സെക്രട്ടറി നയോമി ബാബു, ട്രഷറർ ഷീബ ബാബു, ജോജു അമ്മാടം, ഇ. സി. ജോർജ്ജ് മാസ്റ്റർ, എം. എ. വർഗ്ഗീസ്, ബാബു തുടങ്ങിയവർ സംസാരിച്ചു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

# പിതൃവേദി



**തൃശൂർ അതിരൂപത പിതൃവേദി പ്രഥമ സംഗമം**

തൃശൂർ അതിരൂപത പിതൃവേദി പ്രഥമ സംഗമത്തിന്റെ ഉദ്ഘാടനവും പതാക പ്രകാശനവും 26/02/2023 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവഹിച്ചു. പിതൃ വേദി ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത പ്രസിഡന്റ് ജോജു നീലങ്കാവിൽ സ്വാഗതം ആശംസിച്ചു. ജോയിന്റ് സെക്രട്ടറി ജോബി ഫ്രാൻസിസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് സെക്രട്ടറി ജോമോൻ ജോസ് നന്ദി അർപ്പിച്ചു. വൈസ് പ്രസിഡന്റ് ജോസഫ് പി.ടി ഓരോ പ്രോഗ്രാമും കോർത്തിണക്കി മീറ്റിംഗ് അവതാരകൻ ആയിരുന്നു.ട്രഷറർ സണ്ണി തയ്യാലക്കൽ നേതൃത്വം നൽകിയ ഈ സംഗമം ഏറ്റവും മനോഹരമാക്കിയ എല്ലാ ഇടവക പിതൃവേദി യൂണിറ്റിനും നന്ദി അർപ്പിക്കുന്നു.

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**എ എഫ് സി വർക്ക് ഷോപ്പ് സംഘടിപ്പിച്ചു**

തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ നേതൃത്വത്തിൽ പി എഫ് സി ഭാരവാഹികൾക്കായി ഓൺലൈൻ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. 12-03-2023 ഞായറാഴ്ച വൈകീട്ട് 7 മണിക്ക് ഗൂഗിൾ മീറ്റിലൂടെ സംഘടിപ്പിച്ച വർക്ക് ഷോപ്പിൽ ഇ-ഡിസ്ട്രിക്റ്റ് സേവനങ്ങൾ എങ്ങിനെ ഉപയോഗിക്കാം എന്ന വിഷയത്തിൽ എ എഫ് സി കൺവീനർ ശ്രീ ജോമി ജോൺസൻ ക്ലാസ്സ് നയിച്ചു. വിവിധ ഇടവകകളിലെ പി എഫ് സി ഭാരവാഹികൾ വർക്ക് ഷോപ്പിൽ സംബന്ധിച്ചു. തുടർന്നു വരുന്ന എല്ലാ മാസവും ഇത്തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുമെന്ന് ഉദ്ഘാടനം ചെയ്ത എ എഫ് സി ഡയറക്ടർ ഫാ ഡെന്നി താണിക്കൽ പറഞ്ഞു. ജോ. കൺവീനർ ജെയിംസ് ആഴചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർമാരായ ഡോ. മേരി റെജീന, റോണി അഗസ്റ്റിൻ, മേഴ്സി ജേക്കബ് എന്നിവർ നേതൃത്വം നൽകി.

**ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം**

ഏഴാം ക്ലാസ് ജയിച്ച കുട്ടികൾക്ക് ഹൈസ്കൂൾ പഠനത്തോടൊപ്പം സാങ്കേതിക പരിശീലനവും നൽകി തൊഴിലിന് സജ്ജരാക്കുന്ന സ്ഥാപനങ്ങളാണ് സംസ്ഥാനത്തെ 39 സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകൾ. സാധാരണ സ്കൂളുകളിലെ 8, 9, 10 ക്ലാസുകളിലെ പോലെയാണ് പഠനം എങ്കിലും സാങ്കേതിക വിഷയങ്ങളിലെ തിയറിയും പ്രാക്ടിക്കലും അധികമായി ഉണ്ട്. ഒന്നാംവർഷ അടിസ്ഥാന സാങ്കേതിക പരിശീ ലനവും രണ്ട് മൂന്ന് വർഷങ്ങളിൽ ഇഷ്ട ട്രേഡിൽ വിശേഷ പരിശീലനവും ഉണ്ട്. എസ്എസ്എൽസിക്കു തുല്യമാണ് ടിഎച്ച്എസ് സർട്ടിഫിക്കറ്റ്. 39 ടി എച്ച് എസുകളിലായി ആകെ 3275 സീറ്റുകളുണ്ട്. ക്ലാസുകൾ ജൂൺ ഒന്നിന് തുടങ്ങും.

അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**

ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325

ഇമെയിൽ : info@afctcr.com

വെബ്സൈറ്റ് : www.afctcr.com
ആപ്പ് : https://afctcr.com/afc-mobile-download

**നിവേദനം സമർപ്പിച്ചു**

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു വേണ്ടിയുള്ള ബഹുമാനപ്പെട്ട കേന്ദ്ര സംസ്ഥാന കമ്മീഷൻ മുമ്പാകെ തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കലും ജോ. കൺവീനർ ജെയിംസ് ആഴ്ചങ്ങാടനും ചേർന്ന് നൽകിയ നിവേദനത്തിൻ മേൽ ഹിയറിങ്ങ് നടക്കുകയുണ്ടായി. ബഹുമാനപ്പെട്ട കമ്മീഷൻ രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ ഉണ്ടായിരുന്ന അഞ്ചംഗ സംഘത്തിന് മുൻപിൽ കേന്ദ്ര സർക്കാർ EWS മാനദണ്ഡങ്ങളിലെ സ്പഷ്ടീകരണം സംബന്ധിച്ചും റോമൻ കാത്തലിക് എന്ന വിഷയം സംബന്ധിച്ചും ആവശ്യം ഉന്നയിച്ചു. ഇക്കാര്യങ്ങൾ വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാമെന്ന് കമ്മീഷൻ വ്യക്തമാക്കി.

**സർക്കാർ തീരുമാനം പ്രതിഷേധാർഹം**

സന്യസ്തർക്ക് സാമൂഹ്യ പെൻഷന് നൽകേണ്ടതില്ലെന്ന സർക്കാർ തീരുമാനം പ്രതിഷേധാർഹമാണെന്നും സംസ്ഥാനത്തുള്ള മുഴുവൻ വൈദികർക്കും കന്യാസ്ത്രീകൾക്കും സന്യാസികൾക്കും സന്യാസിനികൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കണമെന്നും തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ആവശ്യപ്പെട്ടു. അവർക്ക് പെൻഷൻ നിഷേധിക്കുന്നത് സമൂഹത്തിൽ നിന്നും അവരെ ഒറ്റപ്പെടുത്തുന്നതിന് തുല്യമാണെന്നു തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ ചേർന്ന എ.എഫ്.സി യോഗം വിലയിരുത്തി. ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൺവീനർ ജോമി ജോൺസൻ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർമാരായ ഡോ. മേരി റെജീന, റോണി അഗസ്റ്റ്യൻ, മേഴ്സി ജേക്കബ് എന്നിവർ സംസാരിച്ചു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

## LOAF CORE TEAM

മാർച്ച് മാസത്തെ Loaf Core Team 10–ാം തിയ്യതി ലോഫ് ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കലിന്റെയും ലോഫ് സ്പിരിച്ച്വൽ ഡയറക്ടർ റവ. ഫാ. ഡെന്നി ചിറയത്തിന്റെയും സാന്നിധ്യത്തിൽ ഫാമിലി അപ്പസ്റ്റോലേറ്റിൽ വെച്ച് നടന്നു. 16 സ്ഥിര കുടുംബങ്ങളും ഇത്തവണത്തെ മീറ്റിങ്ങിൽ പങ്കെടുത്തു. ലോഫ് മിനിസ്ട്രികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി. വാർഷിക ധ്യാനം, ലോഫ് പബ്ളിക്കേഷന്റെ പുസ്തകമായ 'അമ്മ മാലാഖ' ഫാമിലി സിംബോസിയം 'LUX DOMUS' എന്നിവ ചർച്ച ചെയ്യപ്പെട്ടു.

**ലോഫ് സ്പിരിച്ച്വൽ ഡേ**

മാർച്ച് മാസം 11–ാം തിയ്യതി എല്ലാ കുടുംബങ്ങൾക്കും വേണ്ടി ലോഫ് ഒരുക്കുന്ന ലോഫ് സ്പിരിച്ച്വൽ ഡേ മൈനർ സെമിനാരിയിൽ വെച്ച് നടന്നു. ജപമാലക്ക് സിജി ഫ്രാൻസീസ്, രമ്യ ദമ്പതികളും ആരാധനയ്ക്ക് വിജോ, സിനി ദമ്പതികളും ഫാമിലി ഷെയറിങ്ങിന് ഡോ. സലീഷ് & ഡോ. സ്മിത ദമ്പതികളും കുട്ടികളുടെ സെക്ഷന് ചാരിറ്റി സിസ്റ്റേഴ്സും നേതൃത്വം നൽകി. വി. ബലിക്കും തിരുവചന സന്ദേശത്തിനും ലോഫ് സ്പിരിച്ച്വൽ ഡയറക്ടർ റവ. ഫാ. ഡെന്നി ചിറയത്ത് നേതൃത്വം നൽകി. ലോഫ് ഡയറക്ർ റവ. ഫാ. ഡെന്നി താണിക്കൽ സമാപന ആശീർവാദവും നിർവഹിച്ചു.

**LOAF SATURDAY ADORATION**

നോമ്പിലെ എല്ലാ ശനിയാഴ്ചകളിലും ഫാമിലി അപ്പസ്തോലേറ്റ് ചാപ്പലിൽ വെച്ച് വൈകീട്ട് 7.30 മുതൽ 8.30 വരെ ലോഫ് പബ്ളിക്കേഷന്റെ 'അമ്മ മാലാഖ' എന്ന പുസ്തകത്തിന്റെ അണിയറ പ്രവർത്തകർക്കായുള്ള ദിവ്യകാരുണ്യ ആരാധന നടക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# വനിതാ കമ്മീഷൻ

**വീട്ടിൽ ഒതുങ്ങിക്കൂടുന്നവരാകരുത് സ്ത്രീകൾ**

അതിരൂപത വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വനിതാദിനാഘോഷം വികാരി ജനറാൾ ഉദ്ഘാടനം ചെയ്തു. ആഗോള മാതൃവേദി പ്രസിഡണ്ട് ബീന ജോഷി അദ്ധ്യക്ഷത വഹിച്ചു. മാതൃവേദി ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ, പ്രൊഫ. എലിസബത്ത് മാത്യു, എൽസി വിൻസെന്റ്, ഓമന റാഫേൽ, നിർമ്മല ആന്റോ എന്നിവർ പ്രസംഗിച്ചു. റവ. സി. ആൻസി പോൾ ക്ലാസ്സ് നയിച്ചു.

**വിശ്വാസികളെ വെല്ലുവിളിക്കരുത്**

ഗുരുവായൂർ നഗരസഭ സർഗ്ഗോൽസവത്തോട് അനുബന്ധിച്ച് നടത്തിയ 'കക്കുകളി' എന്ന നാടകം ക്രൈസ്തവ സമൂഹത്തെയും സന്യസ്തരെയും അവഹേളിക്കുന്നതാണ്. ശാന്തമായ സാമൂഹ്യാന്തരീക്ഷത്തെ മലിനപ്പെടുത്തുന്ന ഇത്തരം നടപടികളിൽ നിന്ന് ബന്ധപ്പെട്ടവർ പിന്തിരിയണമെന്ന് അഭ്യർത്ഥിച്ചു. തൃശ്ശൂർ അതിരൂപത വനിതാ കമ്മീഷൻ പ്രതിഷേധം രേഖപ്പെടുത്തി. വനിതാ കമ്മീഷൻ ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ അധ്യക്ഷത വഹിച്ചു. പ്രൊഫ. എലിസബത്ത് മാത്യു, ശ്രീമതി ബീന ജോഷി, ഓമന റാഫേൽ, നിർമ്മല ആന്റോ എന്നിവർ പ്രസംഗിച്ചു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**പ്രൊഫ. എലിസബത്ത് മാത്യു**
പ്രസിഡന്റ്

# ബൈബിൾ പ്രേഷിതത്വം

തൃശ്ശൂർ അതിരൂപത ബൈബിൾ പ്രേഷിതത്തിന്റെ നേതൃത്വത്തിൽ അതിരൂപത ദൈവശാസ്ത്ര വിദ്യാപീഠത്തിന്റെ സഹകരണത്തോടെ നടക്കുന്ന 2023 വർഷത്തെ ബൈബിൾ പഠന ക്ലാസുകൾ ഫെബ്രു െവരി 26 ന്  മാർ ടോണി നീലങ്കാവിൽ പിതാവ് തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. പൊരിവെയിലിനെ ത്രണവൽക്കണിച്ച് വചന

ത്തിന്റെ ആഴങ്ങൾ മനസ്സിലാക്കാനായി വന്നിരിക്കുന്ന എല്ലാവരെയും പിതാവ് അനുമോദിക്കുകയും വചനം പഠിക്കുമ്പോൾ നാം ദൈവത്തെ കണ്ടുമുട്ടുകയും അത് നമ്മെ വചനാധിഷ്ഠിതമായി ജീവിക്കാൻ പ്രാപ്ത രാക്കുകയും ചെയ്യുന്നു എന്ന് പിതാവ് തൻറെ ഉദ്ഘാടന പ്രസംഗത്തിൽ ഏവരെയും ഉദ്ബോധിപ്പിച്ചു. ദൈവശാസ്ത്ര വിദ്യാപീഠം ഡയറക്ടർ റവ ഡോ. ഫ്രാൻസിസ് ആളൂർ അധ്യക്ഷത വഹിച്ച ചടങ്ങിന് ബൈബിൾ പ്രേഷിതത്വം ഡയറക്ടർ ബഹു. ഫാ. ലിൻസൻ തട്ടിൽ സ്വാഗതം ആശം സിച്ചു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ബൈബിൾ കോഴ്സിൽ പങ്കെടുത്ത വർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയുകയും മറ്റു വിശിഷ്ട വ്യക്തികളെ ആദരിക്കുകയും ചെയ്തു. ദൈവശാസ്ത്ര വിദ്യാപീഠം അസിസ്റ്റൻറ് ഡയറക്ടർ റവ. ഡോ. ലിജോ ചാലിശ്ശേരി എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. റിജോയ് തൈവളപ്പിൽ**
അസി. ഡയറക്ടർ

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**യൂണിറ്റ് രജിസ്ട്രേഷൻ 2023**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2023 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരി ക്കുന്നു. എല്ലാ യൂണിറ്റുകളും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് അതാതു സംഘടനാംഗങ്ങളുടെ രജിസ്ട്രേഷൻ ഫോം കൈപറ്റേണ്ടതാ ണെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫൊറോനതല നേതൃത്വ പരിശീലന ക്യാമ്പുകൾ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ ഫൊറോനതല പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുവേണ്ടി ഫൊറോനതല നേതൃത്വ പരിശീലന ഏകദിന ക്യാമ്പ് സംഘടിപ്പിക്കു ന്നു. 2023 ഏപ്രിൽ മാസം 17 മുതൽ 30 വരെയുള്ള തിയതികളിൽ ഫൊറോന പ്രമോട്ടർ നിശ്ചയിക്കുന്ന ദിവസങ്ങളിലാണ് ഈ ക്യാമ്പു കൾ സംഘടിപ്പിക്കേണ്ടത്. മേൽപറഞ്ഞ സംഘടനകൾക്കായി സംയു ക്തമായോ അല്ലാതെയോ ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. ഓരോ ഇടവകയിൽ നിന്നും മേൽപറഞ്ഞ ഓരോ സംഘടനകളിൽ സജീവമായി

പ്രവർത്തിക്കുന്ന 5 കുട്ടികളെവീതം (2023–24 അദ്ധ്യയന വർഷത്തിൽ 7–ാം ക്ലാസിനും അതിന് താഴെയുള്ള കുട്ടികൾ തിരുബാലസഖ്യത്തിൽ, 10–ാം ക്ലാസിനും അതിന് താഴെയുള്ള കുട്ടികൾ അൾത്താരസംഘത്തിൽ, 8–ാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെയുള്ള കുട്ടികൾ ജൂനിയർ സി.എൽ.സി. യിൽ) ഫൊറോനതല ക്യാമ്പിൽ പങ്കെടുക്കാം. അങ്ങനെ പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും ഓരോ സംഘടനയിലേയും ഫൊറോന ഭാരവാഹികളെ തിരഞ്ഞെടുത്ത് അതിരൂപതതല നേതൃത്വപരിശീലന ക്യാമ്പിലേക്ക് പറഞ്ഞയ്ക്കേണ്ടതാണ്. ഫൊറോനതല ക്യാമ്പിന് മുന്നൊരുക്കമായി ഫൊറോനയിലെ ആനിമേറ്റേഴ്സിന്റെ മീറ്റിങ്ങ് ഫൊറോനതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

**ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2023**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളിലെ ആനിമേറ്റേഴ്സിന്റെ സംയുക്ത ക്യാമ്പ് ഡി.ബി.സി.എൽ.സി.യിൽവെച്ച് 2023 ഏപ്രിൽ 11 ചൊവ്വാഴ്ച്ച നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4 ന് അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 75/– രുപ.

**അതിരൂപതതല നേതൃത്വ പരിശീലന ക്യാമ്പുകൾ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ ഫൊറോനതല നേതൃത്വപരിശീലന ക്യാമ്പിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഫൊറോന ഭാരവാഹികൾക്കായി അതിരൂപതതല നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. തിരുബാലസഖ്യം കുട്ടികൾക്കായി മെയ് 5, 6 (വെള്ളി, ശനി) തിയതികളിൽ സ്പർശ് 2023, അൾത്താരസംഘം കുട്ടികൾക്കായി മെയ് 8, 9 (തിങ്കൾ, ചൊവ്വ) തിയതികളിൽ ബെർക്കുമെൻസ് 2023, ജൂനിയർ സി.എൽ.സി കുട്ടികൾക്കായി മെയ് 10, 11 (ബുധൻ, വ്യാഴം) തിയതികളിൽ ക്രിസ്ത്യൻ ലൈഫ് 2023 എന്നിങ്ങനെയാണ് ക്യാമ്പുകൾ നടത്തപ്പെടുക. ആദ്യ ദിവസം രാവിലെ 9 ന് ആരംഭിച്ച് രണ്ടാം ദിവസം വൈകീട്ട് 4.00 ന് അവസാനിക്കുന്ന വിധത്തിലാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. ഈ ക്യാമ്പുകളിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 100/– രുപ.

**മരിയൻ ക്യാരംസ് ലീഗ്**

ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി ഏപ്രിൽ 26 ന് മരിയൻ ക്യാരംസ് ലീഗിൽ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യ

മുള്ള യൂണിറ്റുകൾ ഏപ്രിൽ 18 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏപ്രിൽ 21 ന് ഉച്ചയ്ക്ക് 2 മണിക്ക് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്.

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്**

അൾത്താരസംഘം കുട്ടികൾക്കായി ഏപ്രിൽ 28–29 തിയതികളിൽ ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ ഏപ്രിൽ 18 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 32 ടീമുകൾക്കായിരിക്കും മത്സരിക്കാനാവുക. ഏപ്രിൽ 21 ന് ഉച്ചയ്ക്ക് 2 മണിക്ക് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്.

**ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫുട്ബോൾ ലീഗ്**

അൾത്താരസംഘം കുട്ടികൾക്കായി മെയ് 2–3 തിയതികളിൽ ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫുട്ബോൾ ലീഗ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ ഏപ്രിൽ 18 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 32 ടീമുകൾക്കായിരിക്കും മത്സരിക്കാനാവുക. ഏപ്രിൽ 21 ന് ഉച്ചയ്ക്ക് 2 മണിക്ക് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്.

**എയ്ഞ്ചലോസ് 2022**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2023 മെയ് 21–ന് അതിരൂപതതലത്തിൽ ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4 മണിവരെ തൃശ്ശൂർ ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ വച്ച് സ്വീകരണം നൽകുന്നു. എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്വവും സഹകരണവും പ്രതീക്ഷിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല. അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണ് സത്യം" (യോഹന്നാൻ 17: 16)

**സുകൃതജപം:** കർത്താവേ എന്റെമേൽ കരുണയായിരിക്കണമേ!

**പ്രാർത്ഥനാ നിയോഗം:** ലോകത്തിൽ സമാധാനം ഉണ്ടാകുന്നതിനു

വേണ്ടി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** ക്രൈസ്തവ വിശ്വാസ ജീവിതത്തിൽ ദൈവമാതൃസഹായത്തിന്റെ പ്രാധാന്യത്തെ വിശ്വാസികളിലേക്ക് കൊണ്ടുവരുവാൻ അക്ഷീണം പ്രയത്നിച്ച വി. അഞ്ചാം പീയൂസ് മാർപാപ്പയാണ് നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. 'ക്രിസ്ത്യാനികളുടെ സഹായമേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന വാക്യം ദൈവമാതാവിന്റെ ലുത്തിനിയയിൽ ചേർത്തതും ഈ മാർപാപ്പയാണ്. തിരുസഭ ഏപ്രിൽ 30 നാണ് ഈ വിശുദ്ധനെ സ്മരിക്കുന്നത്.

**പ്രവർത്തനം**: വേനലവധികാലത്ത് സാധിക്കുന്ന എല്ലാ ദിവസവും വി. കുർബാനയിൽ സംബന്ധിക്കാൻ പരിശ്രമിക്കാം.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

ഫെബ്രുവരി മാസത്തിൽ ചേറ്റുപുഴ, എറവ്, പാവറട്ടി, പൊന്നൂക്കര, ആലപ്പാട്, തിരൂർ, പുത്തൂർ, കല്ലൂർ ഈസ്റ്റ്, വിയ്യൂർ എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി. കട്ടിൽ,എയർബെഡ്,ബെഡ്,ഓക്സിജൻ കോൺസൻട്രേറ്റർ,വീൽചെയർ എന്നീ സർജിക്കൽ ഉപകരണങ്ങളാണ് വിവിധ ഇടവകകളിലേക്കായി നൽകിയത്. സാന്ത്വനം സർജിക്കൽസ്,കാൻകെയർ എന്നീ പ്രോജക്ടുകളുടെ ഗുണഭോക്താക്കളുടെ വീടുകളിൽ സന്ദർശനം നടത്തി.

**സേവ് എ ഫാമിലി പ്ലാൻ**

SAFP യുടെ ഫണ്ട് കൊടുക്കുന്നതിന്റെ ഭാഗമായി 112 ആക്ടിവിറ്റി പ്ലാൻ തയ്യാറാക്കി. തയ്യാറാക്കിയ പ്ലാനുകൾ മൂല്യനിർണയത്തിനുവേണ്ടി സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്തു. മാർച്ച് 9,10 തിയതികളിൽ മൂല്യനിർണയം നടത്തിയ ഉപഭോക്താക്കളുടെ മീറ്റിംഗ് സാന്ത്വനം ഓഫീസിൽ വെച്ച് നടന്നു.സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ യോഗത്തിന് അധ്യക്ഷത വഹിച്ചു.പ്രോജക്ട് കോർഡിനേറ്റർ ശ്രീമതി.അനു ബില്ലുകളും വൗച്ചറുകളും സമർപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സംസാരിച്ചു.വനിതാദിനത്തിന്റെ ഭാഗമായി അന്നേ ദിവസം പ്രോജക്ട് കോർഡിനേറ്ററായ സി.ജിസ്മരിയ ഉപഭോക്താക്കൾക്കായി

ബോധവത്കരണ ക്ലാസ് എടുത്തു.

**സജീവം ലഹരി വിമുക്ത പദ്ധതി ഉദ്ഘാടനം ചെയ്തു.**

സജീവം ലഹരി വിമുക്ത കേരളം മഹായജ്ഞം പരിപാടിയുടെ തൃശ്ശൂർ അതിരൂപതാതല ഉദ്ഘാടനം മാർച്ച് 4-ാം തിയതി DBCLC യിൽ വെച്ച് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. മയക്കുമരുന്ന് വിപണനവും ഉപയോഗവും സംബന്ധിച്ച് പുറത്തുവരുന്ന വിവരങ്ങൾ നമ്മുടെ നാട് ലഹരിയുടെ അടിമത്വത്തിലേക്ക് നീങ്ങുകയാണ് എന്ന അപകടകരമായ വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. കാലം മാറുന്നത് അനുസരിച്ച് ലഹരിയുടെ സ്വഭാവവും മാറുകയാണ്. നിലവിലുള്ള കണക്കുകളും വാർത്തകളും അത് വ്യക്തമാക്കുന്നു. കൗമാരക്കാരടക്കം വിദ്യാർത്ഥികളെയും യുവാക്കളെയുമാണ് ലഹരിവേട്ട സംഘം നോട്ടമിട്ടിരിക്കുന്നത്. കൊലപാതകി ഒരാളെ കൊല്ലുമ്പോൾ ലഹരി കച്ചവടക്കാരൻ ആയിരം പേരെ കൊല്ലുന്നു എന്ന സുപ്രീം കോടതിയുടെ വിധിവാചകം ശ്രദ്ധേയമാണ്. നമ്മുടെ നാട്ടിലെ പെൺകുട്ടികൾ ഇതിന്റെ വാഹകരാകുന്നു എന്നുള്ള വസ്തുത നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ഗവൺമെന്റ് തലത്തിൽ പലവിധ ബോധവത്കരണം നടത്തുന്നുണ്ടെങ്കിലും അതിനേക്കാൾ ശക്തമായാണ് ലഹരി മാഫിയയുടെ പ്രവർത്തനം. ഈ സാഹചര്യം കണക്കിലെടുത്ത് കാരിത്താസ് ഇന്ത്യയുടെയും കെസിബിസിയുടെയും സഹകരണത്തോടെ കേരളത്തിലെ 32 രൂപതകളെയും ഉൾപ്പെടുത്തി കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ സജീവം ലഹരി വിമുക്ത മഹായജ്ഞം എന്ന പരിപാടിക്ക് രൂപം കൊടുത്തിട്ടുണ്ട്. തൃശ്ശൂർ അതിരൂപയിലെ സാന്ത്വനം സോഷ്യൽ സെന്ററാണ് ഈ മഹായജ്ഞം ഏറ്റെടുത്തിരിക്കുന്നത്. ഈ ദൗത്യം സാധ്യമാക്കുന്നതിന്, നമ്മുടെ മക്കളെ ലഹരിയിൽ നിന്ന് വിമോചിപ്പിക്കുന്നതിന് ഓരോ കുടുംബവും ഓരോ ഇടവകയും ഉണർന്ന് പ്രവർത്തിക്കണമെന്ന് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടന പ്രസംഗത്തിൽ എല്ലാവരെയും ഉദ്ബോധിപ്പിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ പരിപാടിയെക്കുറിച്ച് ലഘുവിവരണം നൽകി. കാരിത്താസ് ഇന്ത്യയുടെ സ്റ്റേറ്റ് ഇൻ ചാർജ് ശ്രീ.അബീഷ് ആന്റണി സന്നിഹിതനായിരുന്ന ചടങ്ങിൽ സജീവം സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീ.ആൽബിൻ ജോസ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലികൊടുത്തു.തൃശ്ശൂർ അതിരൂപതാ വികാരി ജനറൽ മോൺ.ജോസ് കോനിക്കര,സാന്ത്വനം അസി.ഡയറക്ടർ ഫാ.ഡിക്സൺ കൊളമ്പ്രത്ത്, പ്രോജക്ട് കോർഡിനേറ്റർ സി.ജിസ് മരിയ എന്നിവർ പങ്കെടുത്തു. തൃശ്ശൂർ അതിരൂപതയിലെ എല്ലാ പള്ളികളുടെയും ട്രസ്റ്റിമാരുടെ മീറ്റിംഗിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.

**സജീവം ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ നടത്തി.**

സേവ് എ ഫാമിലി പ്ലാൻ ഉപഭോക്താക്കൾക്ക് കുട്ടികളും ലഹരി ഉപയോഗവും ശ്രദ്ധിക്കേണ്ട കാര്യങ്ങളും എന്ന വിഷയത്തെ ആസ്പദ മാക്കി മാർച്ച് 9,10 തിയതികളിൽ പ്രോജക്ട് കോർഡിനേറ്റർ സി.ജിസ് മരിയ OSF ക്ലാസുകൾ എടുത്തു.100–ൽ അധികം അമ്മമാർ പങ്കെടുത്തു.

**പാവനിർമാണ യൂണിറ്റ്**

തൃശ്ശൂരിൽ പാവനിർമാണ യൂണിറ്റ് തുടങ്ങുന്നതിന്റെ ഭാഗമായി, ആദ്യ ബാച്ച്(5) അംഗങ്ങളെ മാർച്ച് 1–ാം തിയതി മുതൽ പരിശീലനം നൽകുന്നതിനായി മൂവാറ്റുപുഴ ട്രെയിനിങ് സെന്ററിൽ അയച്ചു.

**കുറ്റിമുല്ല കൃഷി കർഷകർക്ക് സബ്സിഡി നൽകി.**

ചുവന്നമണ്ണ് കുറ്റിമുല്ല കൃഷി കർഷകർക്ക് കൃഷി വകുപ്പിൽ നിന്ന് ചെടി ഒന്നിന് അഞ്ച് രൂപ നിരക്കിൽ 22 കർഷകർക്ക് സബ്സിഡി ലഭിച്ചു. തുക ഓരോ കർഷകർക്കും നൽകി. സാന്ത്വനത്തിന്റെ സഹായ ത്തോടെ നടത്തിവരുന്ന കുറ്റിമുല്ല കൃഷി കർഷകർക്ക് ഒരു പ്രതീക്ഷയായ് വളർന്നു വരുന്നു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.ഡിക്സൻ കൊളമ്പ്രത്ത്**
അസി.ഡയറക്ടർ

## കെസിവൈഎം

**കക്കുകളി നാടക പ്രദർശനത്തിനെതിരെ കെ.സി.വൈ.എം.**

ഗുരുവായൂർ നഗരസഭയുടെ നേതൃത്വത്തിൽ സർഗ്ഗോത്സവ ത്തോടനുബന്ധിച്ചു നടക്കുന്ന സർഗോത്സവത്തിൽ ക്രൈസ്തവ സമൂഹ ത്തെ അവഹേളിക്കുന്ന നാടകം കക്കുകളി പ്രദർശിപ്പിച്ചതിനെതിരെ പ്രദർശന വേദിക്കു മുമ്പിൽ പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു. സമൂഹത്തിന് ഇത്രത്തോളം സംഭാവനകൾ നൽകിയ, ജാതിമതഭേ ദമന്യേ എല്ലാവരെയും തുല്യരായി കണ്ട് വിദ്യാഭ്യാസവും ആതുര സേവനവും നടത്തുന്ന ക്രൈസ്തവ സമൂഹത്തെ അവഹേളിക്കുക വഴി

സമൂഹത്തിനു മുമ്പിൽ ക്രൈസ്തവ സമുദായത്തെ മൊത്തത്തിൽ കരിവാരി തേക്കാനുള്ള സ്ഥാപിത താത്പര്യക്കാരുടെ കുത്സിത ശ്രമങ്ങൾക്കു കുടപ്പിടിപ്പിക്കുന്ന രാഷ്ട്രീയ കോരമങ്ങൾ നിലപാടുകൾ തിരുത്താൻ തയ്യാറാവണമെന്ന് കെ.സി.വൈ.എം. ആവശ്യപ്പെട്ടു. ആറാം തിരുമുറിവ് നാടകം തൃശൂരിൽ നിന്നും കെട്ടുകെട്ടിച്ച ചരിത്രം അധികാരികൾ ഓർക്കുന്നത് നല്ലതാണെന്നും ആ ചരിത്രം ആവർത്തിക്കാൻ ഇടയാക്കരുതെന്നും യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ച അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ ശക്തമായ ഭാഷയിൽ താക്കീത് നൽകി. മതസൗഹാർദ്ദത്തിനു പേരു കേട്ട ഗുരുവായൂരിനെ മതനിന്ദയുടെ വേദിയാക്കിയത് എത്രത്തോളം മോശമാണെന്നും, പ്രതികരിക്കാൻ കെല്പുള്ള യുവസമൂഹം സമാധാനത്തിന്റെ മാർഗ്ഗം ഉപേക്ഷിച്ചുകൊണ്ട് നാടകം നടക്കുന്ന വേദിയിൽ കയറി പ്രതിഷേധിക്കാൻ കെല്പുള്ള യുവജനങ്ങളാണ് മൂവർണ്ണ കൊടിയുമായി എത്തിയിരിക്കുന്നതെന്നു യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ച സഭാതാരം ശ്രീ. പി.ഐ. ലാസർ മാസ്റ്റർ സൂചിപ്പിച്ചു. തൃശൂർ അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, സെക്രട്ടറി മെജോ മോസസ്, ടോണി കല്ലൂകാരൻ, വിപിൻ ലൂയീസ്, ഡാനിയേൽ ജോസഫ്, ഫൊറോന പ്രസിഡന്റുമാരായ റോഷൻ വർഗ്ഗീസ്, ഷെർലിൻ പോൾ എന്നിവർ പ്രതിഷേധം രേഖപ്പെടുത്തി സംസാരിച്ചു. റൊണാൾഡ്, ജിനേഷ്, മറ്റു ഭാരവാഹികൾ പങ്കെടുത്തു.

**ഫാ. ജിയോ ചെരടായി**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

## കത്തോലിക്ക കോൺഗ്രസ്സ്
**തൃശൂർ അതിരൂപത**

♦ **കർമ്മരേഖ 2023**

അതിരൂപത ജനറൽ ബോഡി യോഗത്തിൽ വെച്ച് '2023 കർമ്മ പദ്ധതി' സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രകാശനം ചെയ്തു. യൂണിറ്റ്, ഫൊറോന, അതിരൂപത ഭാരവാഹികൾ നേതൃത്വം നൽകി.

♦ **CU-KCYM സുവർണ്ണ ജൂബിലി ആഘോഷം**

കത്തോലിക്ക കോൺഗ്രസ്സിന്റെയും കെ.സി.വൈ.എം ന്റെയും സംയുക്താഭിമുഖ്യത്തിൽ **CU-KCYM** 50–ാം വാർഷികാഘോഷം സെന്റ് തോമസ് കോളേജിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. സെമിനാർ, പൂർവ്വകാല നേതാക്കളെ ആദരിക്കൽ, പൊതുസമ്മേളനം തുടങ്ങി പരിപാടികളിൽ അഭിവന്ദ്യ പിതാക്കന്മാരും, ജനപ്രതിനിധികളും, അത്മായ നേതാക്കളും പങ്കെടുത്തു.

♦ **കക്കുകളി നാടകം നിരോധിക്കുക**

ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരുപറഞ്ഞ് ക്രിസ്ത്യാനികളെ അപമാനിക്കുന്ന വിവാദ നാടകം ഉടനടി നിരോധിക്കണമെന്ന് ആവശ്യപ്പെടുകയും പ്രതിഷേധ പരിപാടികൾക്ക് മററ് സംഘടനകളോടൊപ്പം കത്തോലിക്ക കോൺഗ്രസ്സും നേതൃത്വം നൽകി.

♦ **വനിതാദിനം ആചരിച്ചു**

കത്തോലിക്ക കോൺഗ്രസ് വുമൺസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വനിതാദിനം സിഞ്ഞോറ 2023 എന്ന പേരിൽ ആചരിച്ചു. സെന്റ് തോമസ് കോളേജിൽ വെച്ച് നടന്ന പരിപാടികൾ ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളേജി വിദ്യാർത്ഥിനികൾ കത്തോലിക്കാ കോൺഗ്രസ്സ് വനിത അംഗങ്ങൾ സിഞ്ഞോറയിൽ പങ്കെടുത്തു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**ശ്രീ. എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

# കെ.സി.എസ്.എൽ.

♦ **സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് തൃശൂരിൽ**

കെസിഎസ്എൽ സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ തൃശൂർ മുളയം മേരിമാതാ മേജർ സെമിനാരിയിൽ വച്ച് ഏപ്രിൽ 13, 14, 15 ദിവസങ്ങളിലായി നടക്കുന്നു. സംസ്ഥാന വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഈ ക്യാ മ്പിൽ വച്ചാണ് നടക്കുന്നത്. കഴിവും സന്നദ്ധതയുമുള്ള വിദ്യാർത്ഥി

കളെ പങ്കെടുപ്പിക്കാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ. 2022 – 2023 അധ്യയനവർഷത്തെ വിദ്യാർത്ഥി ഭാരവാഹികളെ നിർബന്ധമായും ഈ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഗ്രൂപ്പിലും ബ്ലോഗിലും നൽകിയിട്ടുണ്ട്.

♦ **അതിരൂപതാ കെ സി എസ് എൽ പുതിയ അധ്യയനവർഷത്തേക്ക്**

കെസിഎസ്എൽ പ്രവർത്തനങ്ങൾ പുതിയ അധ്യയനവർഷത്തേക്ക് പ്രവേശിക്കുന്നു. മുൻ അധ്യയനവർഷത്തെ പ്രവർത്തന പരിപാടിക ളെക്കുറിച്ചുള്ള അഭിപ്രായങ്ങളും പുതിയ അധ്യയനവർഷത്തെ പ്രവർത്തന പരിപാടികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും എക്സിക്യൂട്ടീവ് അംഗങ്ങളെ ദയവുചെയ്ത് അറിയിക്കുക.

**റവ. ഫാ. ജോയ് അമ്പൂക്കുളം**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

## 1. പുതിയ ഫൊറോന ഭാരവാഹികൾ (2023 – 2026)

**1. ദക്ഷിണ മേഖല – പ്രസിഡന്റുമാർ**

| | |
|---|---|
| പുതുക്കാട് | വി.എം. അഗസ്റ്റിൻ |
| ഒല്ലൂർ | ബെന്നി പുളിക്കൻ |
| പഴുവിൽ | ജോസ് ആലപ്പാട്ട് |
| പുത്തൂർ | ജോൺ തെക്കേക്കര |

**2. വടക്കൻ മേഖല – പ്രസിഡന്റുമാർ**

| | |
|---|---|
| വടക്കാഞ്ചേരി | ടി.എസ്. അബ്രാഹം |
| വേലൂർ | ടി.എൽ. ജോസഫ് |
| എരുമപ്പെട്ടി | സി.കെ. ജോർജ്ജ് |
| ചേലക്കര | മോൺസി എടക്കളത്തൂർ |

**3. മദ്ധ്യമേഖല – പ്രസിഡന്റുമാർ**

| | |
|---|---|
| ലൂർദ്ദ് | ടി.വി. തോമസ് |
| പുത്തൻപള്ളി | ജോയ് തട്ടിൽ |
| പട്ടിക്കാട് | രാജു പാറപ്പുറം |

**2. രജത ജൂബിലി സ്മരണിക പ്രകാശനം, കർമ്മപദ്ധതി വിളംബരം, തെരഞ്ഞെടുപ്പ്**

തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതി ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരന്റെ അദ്ധ്യക്ഷതയിൽ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം ഹാളിൽ വച്ച് സംഘടനയുടെ "രജത ജൂബിലി സ്മരണിക"യുടെ പ്രകാശനം നടത്തി. തലശ്ശേരി അതിരൂപത മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി ഷിനോ പാറയ്ക്കൽ, ഒലീവിയ ഫൗണ്ടേഷൻ എം.ഡി. ശ്രീ. കെ.റ്റി. കൃഷ്ണകുമാറിന് ആദ്യ പ്രതി കൈമാറിക്കൊണ്ടാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്.

സമർപ്പിതരുടെ രചനാ സമാഹാരമായ 'അർപ്പിത വൈഖരി' എന്ന പുസ്തകത്തിന്റെ പ്രകാശനവും ഇതേ വേദിയിൽ അരങ്ങേറി. ചാരിറ്റി കോൺഗ്രിഗേഷൻ മദർ പ്രൊവിൻഷ്യൽ റവ. സി. വെൺമ, റവ. സി. റോസ്‌ലിൻ എഫ്.സി.സി., റവ. സി. എൻസ്വീഡ് സി.എസ്.സി. എന്നിവർക്ക് കോപ്പികൾ നൽകി കൊണ്ടാണ് പ്രകാശനം ചെയ്തത്.

വാർഷിക കർമ്മ പദ്ധതി, ഇതേ വേദിയിൽ ദൂരദർശൻ മുൻ ഡയറക്ടർ ഡോ. സി.കെ. തോമസ് വിളംബരപ്പെടുത്തി. യോഗത്തിൽ മുൻ പ്രസിഡന്റ് സി.പി.ഡേവിസ്, മുൻ സെക്രട്ടറി ടി.എസ്. അബ്രാഹം എന്നിവർ പ്രസംഗിച്ചു. ഏകോപന സമിതി സെക്രട്ടറി ഡോ. ടോണി ജോസഫ് ആയിരുന്നു സമ്മേളനത്തിന്റെ ഉദ്ഘാടകൻ.

തുടർന്ന് അതിരൂപത മദ്യവിരുദ്ധ സമിതിയുടെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി. അതിരൂപത ഡയരക്ടരുടെ സാന്നിധ്യത്തിൽ ബഹു. ജോസ് വട്ടക്കുഴി അച്ചനായിരുന്നു മോഡറേറ്റർ. വി..എം. അഗസ്റ്റിൻ (പ്രസിഡന്റ്), സിജോ ഇഞ്ചോടിക്കാരൻ (സെക്രട്ടറി), കൊച്ചുവർക്കി തരകൻ (ട്രഷറർ) എന്നിവരാണ് ഭരണ സാരഥികൾ. പതിന്നാല് കമ്മറ്റിയഗംങ്ങളും പ്രതിജ്ഞ ചൊല്ലി ഭാരവാഹിത്വം എറ്റെടുത്തു.

**3. ഫൊറോന കൺവെൻഷൻ**

തൃശ്ശൂർ അതിരൂപത മദ്യ വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ ഫൊറോന കൺവെൻഷനുകൾ സംഘടിപ്പിച്ചു.

പുതുക്കാട് ഫൊറോന കൺവെൻഷൻ വെണ്ടൂർ സെന്റ് മേരീസ് ദേവാലയത്തിൽ തൃശ്ശൂർ അതിരൂപത ഡയരക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലി അർപ്പിച്ചുകൊണ്ട് തുടങ്ങി. പുതുക്കാട് ഫൊറോന പ്രൊമോട്ടർ ഫാ.ജോസ് പുന്നോലിപറമ്പിലാണ് അദ്ധ്യക്ഷപദം അലങ്കരിച്ചത്.

പഴുവിൽ ഫൊറോന കൺവെൻഷനിൽ ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. വിൻസെന്റ് ചെറുവത്തൂർ ഉദ്ഘാടകനായി.

പഴുവിൽ ഫൊറോന മദ്യ വിരുദ്ധ സമിതി പ്രസിഡന്റ് ജോസ് ആലപ്പാട്ട് അധ്യക്ഷത വഹിച്ചു.

വടക്കാഞ്ചേരി ഫൊറോന കൺവെൻഷൻ ഫൊറോന വികാരി വെരി. റവ. ഫാ. ആൻണി ചെമ്പകശ്ശേരി ആണ് ഉദ്ഘാടനം ചെയ്തത്. വടക്കഞ്ചേരി ഫൊറോന പ്രമോട്ടർ റവ. ഫാ. ജോബി കടപ്പൂരാൻ അദ്ധ്യക്ഷനായി പ്രസംഗിച്ചു.

**4. ബഹു. വർഗീസ് മുഴുത്തേറ്റിനു പ്രണാമം**

സംസ്ഥാനത്തെ മദ്യ നിരോധന പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായി സാരഥ്യമരുളിയിരുന്ന ഫാ. വർഗീസ് മുഴുത്തേറ്റിന്റെ നിര്യാണത്തിൽ തൃശ്ശൂർ അതിരൂപത മദ്യ വിരുദ്ധ സമിതി അനുശോചിച്ചു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**തൃശൂർ സെൻട്രൽ കൗൺസിൽ**

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഈ കാലയളവിൽ സി.സി.യെ നയിച്ച സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാക്കളേയും, സി.സി. പ്രസിഡന്റുമാരേയും, സി.സി. അംഗങ്ങളേയും 05–03–2023 ന് തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ഹാളിൽ വെച്ച് കൂടിയ യോഗത്തിൽ ആദരിച്ചു.

തൃശൂർ ഈസ്റ്റ് എ.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ഡേവീസ് പുലിക്കോട്ടിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്ത് അംഗങ്ങളെ മെമന്റോ നൽകി ആദരിച്ചു. സി.സി. പ്രസിഡന്റ് ബ്ര. ജോസ് ജെ. മഞ്ഞളി സ്വാഗതം പറഞ്ഞു. മുൻ സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാക്കളായ വെ. റവ. ഫാ. ജോർജ്ജ് മാനാടൻ, റവ. ഫാ. റോയ് മൂക്കൻ, മുൻ സി.സി. പ്രസിഡന്റു മാരായ ബ്ര. പി.ജെ ഫ്രാൻസീസ്, ബ്ര. കെ.എ. ഷിബു, മുൻ സി.സി. അംഗങ്ങൾ എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു. സെക്രട്ടറി ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി, വൈസ് പ്രസിഡന്റുമാരായ സി. റീന ജെയിംസ്, ബ്ര. കെ.കെ. പോൾസൺ, വനിതാ കൺവീനർ സി. ഷീല റാഫേൽ,

യൂത്ത് കൺവീനർ ബ്ര.ഏബിൾ ജോയ് എന്നിവർ സംസാരിച്ചു.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# യൂത്ത് മിനിസ്ട്രി
# യുവജനവർഷം 2023

**1) കൗൺസിലിംഗ് കോഴ്സ്**

യുവജനവർഷത്തോട് അനുബന്ധിച്ചു യുവജനങ്ങൾക്കു കൗൺസിലിംഗ് നൽകുവാനുള്ള പരിശീലനത്തിന്റെ ഭാഗമായി 3 ദിവസത്തെ കൗൺസിലിംഗ് കോഴ്സ് അതിരൂപത PACT ന്റെ സഹായത്തോടെ സംഘടിപ്പിക്കുന്നു. അച്ചന്മാരെയും സിസ്റ്റേഴ്സിനെയും അത്മായരെയുമാണ് ഈ കോഴ്സിൽ പ്രതീക്ഷിക്കുന്നത്. ഇടവകകളിൽ നിന്നും വരുന്നവർ വികാരിയച്ചന്റെ അറിവോടും ശുപാർശയോടും കൂടി 2023 ഏപ്രിൽ 2 നു മുമ്പ് രജിസ്റ്റർ ചെയേണ്ടതാണ്.
സ്ഥലം: ടിം ഹാൻസ്, പെരിങ്ങണ്ടൂർ
തിയതി: ഏപ്രിൽ 13,14,15
Contact No.: 8281739448, 9633009921

**2) YOUTH MASS**

യുവജനവർഷത്തോട് അനുബന്ധിച്ചു നമ്മുടെ ഇടവകകളിൽ യുവജനങ്ങൾക്ക് മാത്രമായുള്ള വിശുദ്ധ കുർബാന (Youth Mass) സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ഡിജോ ഒലക്കേങ്കിൽ അച്ചനെയാണ് Youth Mass സംഘടിപ്പിക്കാൻ ഏൽപ്പിച്ചിരിക്കുന്നത്. നമ്മുടെ അജപാലന പദ്ധതി പ്രകാരം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലാണ് Youth Mass സംഘടിപ്പിക്കേണ്ടത്. താല്പര്യമുള്ളവർ അച്ചനുമായി ബന്ധപ്പെടേണ്ടാതാണ്.
Contact No. 8281806460

**ധീര 2023**

അന്താരാഷ്ട്ര വനിതദിനമായ മാർച്ച് 8 നോടനുബന്ധിച്ച് തൃശ്ശൂർ

അതിരൂപത യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ കെ.സി.വൈ.എം, സി.എൽ.സി, ജീസസ് യൂത്ത് എന്നീ യുവജന സംഘടനകളിലെ മുഴുവൻ പെൺകുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് മാർച്ച് 5 ന് തൃശ്ശൂർ ബസിലിക്ക ഹാളിൽ വനിതാ ദിനം ആഘോഷിച്ചു. 'ധീര 2023' എന്ന പേരിൽ സ്ത്രീത്വം: തിരിച്ചറിവോടെയും ക്രിയാത്മക തയോടെയും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന വനിതാദിനം തൃശ്ശൂർ അതിരൂപത വികാരി ജനറാൾ ബഹുമാനപ്പെട്ട മോൺ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്തു. അഡ്വ. ബെറ്റി സി. ജോസ് വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. തുടർന്നുള്ള ചർച്ചകൾക്ക് സിസ്റ്റർ ലിസ്മി സിഎംസി, ശ്രീമതി ജോൺസി ഗ്രിൻറോ, മലപ്പുറം സെന്റ് മേരിസ് കോളേജ് അസി. പ്രൊഫ. ലിജി ജോസ്, എന്നിവർ നേതൃത്വം നൽകി. ചടങ്ങിൽ വെച്ച് വിവിധ മേഖലകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ പെൺകുട്ടികളെ ആദരിച്ചു. കെ സി വൈ എം, സി എൽ സി, ജീസസ് യൂത്ത് അതിരൂപത വനിതാ ഭാരവാഹികളായ ശ്രീമതി ജെസ്ന ജീജോ, കുമാരി അനീറ്റ ആന്റണി, കുമാരി ജാനറ്റ് ജിമ്മി എന്നിവർ വനിതാദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകി.

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ

## ഇവാഞ്ചലൈസേഷൻ കമ്മീഷൻ
# എവുപ്രാസ്യ മിഷൻ



**മിഷൻ സന്ദർശനം**

2023 ഫെബ്രുവരി 26 മുതൽ ഒരാഴ്ച വിശാഖപട്ടനം എവുപ്രാസ്യ മിഷൻ കമ്മീഷൻ സെക്രട്ടറി ഫാ. വർഗ്ഗീസ് കരിപ്പേരി സന്ദർശിച്ചു. ഷംഷാബാദ് രൂപത വികാരി ജനറാളായ മോൺ. അബ്രാഹം പാലത്തിങ്കലിനെയും മിഷൻ കോർഡിനേറ്ററായ ഫാ. ജോർജ്ജ് കോമ്പാറയെയും മിഷനിൽ പ്രവർത്തിക്കുന്ന മറ്റു വൈദികരെയും സന്ദർശിക്കുകയും മിഷൻപ്രവർത്തനങ്ങളുടെ വ്യാപ്തി മനസ്സിലാക്കുകയും ചെയ്തു.

ആന്ധ്ര സംസ്ഥാനത്തിലെ 26 ജില്ലകളിൽ 13 ജില്ലകൾ വിശാഖപട്ടണം മിഷനിലുണ്ട്. തൃശ്ശൂർ അതിരൂപതയിൽ നിന്ന് 7 വൈദികർ ഈ മിഷൻ രംഗത്ത് പ്രവർത്തിക്കുന്നു. 2 വൈദികർ (ഫാ. ജോർജ്ജ് കോമ്പാറ, ഫാ. ജോഫി ചിറയത്ത്) വിവിധ ജില്ലകളിലെ മലയാളിക

ളായ സീറോ മലബാർ വിശ്വാസികളുടെ ഇടയിൽ പ്രവർത്തിക്കുമ്പോൾ 5 വൈദികർ (ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിൽ, ഫാ. അഭിജിത്ത് പടിഞ്ഞാക്കര, ഫാ. യേശുദാസ് നെടുമ്പാക്കാരൻ, ഫാ. അജിത്ത് കൊള്ളന്നൂർ, ഫാ. ജിനു പയ്യപ്പിള്ളി) എന്നിവർ ആദിവാസി ഗ്രാമങ്ങളിൽ സുവിശേഷവത്കരണപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു. വിശാഖപട്ടണം മിഷനി ലെ 13 ജില്ലകളിൽ ഒരു ജില്ലയാണ് പാർവ്വതീപുരം. ഈ ഒരു ജില്ലയിൽത്തന്നെ 967 ഗ്രാമങ്ങളുണ്ട്. അതിൽ 12 ഗ്രാമങ്ങളിലാണ് ഇപ്പോൾ നമ്മുടെ വൈദികർ പ്രവർത്തിക്കുന്നത്. അവിടുത്തെ ഭാഷ പഠിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും സാമ്പത്തിക പരാധീനതകൾ വളരെയുണ്ട്. ചുരുങ്ങിയത് 300 ഗ്രാമങ്ങളിൽ ഒരു വർഷം കൊണ്ട് എത്താനും പ്രവർത്തിക്കാനും ശ്രമിക്കുന്ന അവരെ ഉദാരമായി സഹായിക്കാം. നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകക്കാർ ഈ മഹനീയ സംരഭങ്ങളിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ അവിടെ വളരെ അത്യാവശ്യമായിട്ടുള്ളത് ഗ്രാമങ്ങളിൽ പോയി പ്രവർത്തിക്കാനുള്ള വാടക വീടുകൾ എടുക്കണം. അതിന് അഡ്വാൻസും വാടകയും കൊടുക്കണം, ഗ്രാമങ്ങളിൽ പോകാനുള്ള വാഹനങ്ങൾ വേണം, ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് (കാറ്റക്കിസ്റ്റുകൾ, ട്യൂഷൻ ടീച്ചർമാർ) അലവൻസ് കൊടുക്കണം എന്നിവയാണ്. 'ഈശോയെ അറിയുക, അനുഭവിക്കുക പങ്കുവയ്ക്കുക' എന്ന ദൗത്യത്തിൽ നമുക്കും സഹകരിക്കാം.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
സെക്രട്ടറി

## പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ ആറാം യോഗം റിപ്പോർട്ട്

18–ാമത് പാസ്റ്ററൽ കൗൺസിലിന്റെ ആറാം യോഗം 2023 മാർച്ച് 11 ശനി ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ കൂടി. രാവിലെ 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. 10ന് മർത്താ സന്യാസിനീസമൂഹത്തിന്റെ മദർ ജനറൽ പെ. ബഹു. സി. ബിയാട്രീസിന്റെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഏവർക്കും സ്വാഗതം ആശംസിച്ചു. ജോ. സെക്രട്ടറി ശ്രീ. എൻ. പി. ജാക്സൺ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം അത് പാസ്സാക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി ഫാ. ഡൊമി

നിക് തലക്കോടൻ ആമുഖപ്രഭാഷണം നടത്തി.

"സഭാനവീകരണത്തിൽ അതിരൂപത യുവജനനേതൃത്വ ത്തിന്റെ പങ്ക്" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. ആന്റണി വടക്കേക്കര വി. സി. ക്ലാസ്സ് നയിച്ചു. തുടർന്ന് ചർച്ചകൾ നടന്നു. പാനൽ ചർച്ചയിൽ ശ്രീ. ജിയോ മാഞ്ഞൂരാൻ (കെ. സി. വൈ. എം.), ശ്രീ. ഡോംസൺ സൈമൺ (സി. എൽ. സി.), കുമാരി ജാനറ്റ് ജിമ്മി (ജീസസ് യൂത്ത്) എന്നിവർ യുവജനവർഷാചരണ ത്തോടനുബന്ധിച്ച് സംഘടനകൾക്ക് ചെയ്യാൻ സാധിക്കുന്നതുമായ കാര്യങ്ങളെപ്പറ്റിയും സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങളെ പ്പറ്റിയും വിശദീകരിച്ചു. തുടർന്ന് വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അറിയിപ്പുകൾ നൽകി.

വിവിധ തലങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കിയ യോഗാംഗ ങ്ങളെ അനുമോദിക്കുകയും ഓണററി ഡോക്ടറേറ്റ് ലഭിച്ച പ്രൊഫ. ജോൺ മേനാച്ചേരിയെ പൊന്നാടയണിയിക്കുകയും കെ. സി. ബി. സി. മാതൃക മതബോധന അധ്യാപക അവാർഡ് നേടിയ പ്രൊഫ. ഇഗ്നേഷ്യസ് ആന്റണി, കെ. സി. ബി. സി. മാതൃകാ അധ്യാപക അവാർഡ് നേടിയ ശ്രീ. ജോഷി വടക്കൻ എന്നിവരെ അഭിനന്ദിക്കു കയും ചെയ്തു. മാർ ടോണി നീലങ്കാവിൽ അധ്യക്ഷപ്രസംഗം നട ത്തി. തുടർന്ന് വിവാദമായ കക്കുകളി നാടകം നിരോധിക്കണമെ ന്നാവശ്യപ്പെടുന്ന പ്രമേയം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന അവതരിപ്പിച്ചു. ഒപ്പം സാമൂഹ്യക്ഷേമഭവനങ്ങളിലെ അന്തേവാസികൾ ഉൾപ്പെടെയുള്ളവരുടെ ക്ഷേമപെൻഷനും മറ്റ് ആനുകൂല്യങ്ങളും നിർത്തലാക്കുന്നതിലുള്ള പ്രതിഷേധവും അത് പുനഃസ്ഥാപിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. 2023 മാർച്ച് 13ന് കക്കുകളി നാടകത്തിനെതിരെ നടത്തുന്ന പ്രതിഷേധ റാലിയിലും ധർണ്ണയിലും അംഗങ്ങളെല്ലാവരും പങ്കെടുക്കണമെന്നും ഓർമ്മപ്പെടുത്തി. തുടർന്ന് ജോ. സെക്രട്ടറി ശ്രീ. എൻ. പി. ജാക്സൺ യോഗത്തിന് നന്ദിപറയുകയും അഭിവന്ദ്യപിതാവിന്റെ സമാപാനാ ശീർവാദത്തോടെ യോഗം സമാപിക്കുകയും ചെയ്തു.



**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

## STATEMENT ABOUT OWNERSHIP AND PARTICULARS ABOUT THE MAGAZINE "TRICHUR ARCHDIOCESAN BULLETIN"

### (English/ Malayalam ) (Form IV SEE RULE 8)

| | | |
|---|---|---|
| 1. Place of publication | : | Trichur |
| 2. Periodic of its, publication | : | Monthly |
| 3. Selling price | : | Rs.25/- |
| 4. Printer's name | : | Dr. Francis Aloor |
| Nationality | : | Indian |
| Address | : | Editor, Trichur Archdiocesan Bulletin<br>Catholic Archbishop's House<br>East Fort, Thrissur - 680 005 |
| 5. Publisher's name | : | As in 4 |
| 6. Editor's name | : | As in 4 |

7. Name and addressof the individuals who own the periodical and the partners or shareholders holding more than one percent of the total capital.

Editor,
Trichur Archdiocesan Bulletin
Catholic Archbishop's House
East Fort,Thrissur - 680 005

I, Dr. Francis Aloor, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
**Dr. Francis Aloor**
*(Publisher)*

15.03.2023
Thrissur



ഈസ്റ്റർ ആശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.03.2023
**April- 2023**



25 YEARS OF **DEMISE**

**MAR JOSEPH KUNDUKULAM**

*First Metropolitan Archbishop*
*Archdiocese of Trichur*

Born: 16.09.1917 Died: 26.04.1998

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor